/209.22
OH
LIBRARY
BANGALORE
55

മഹാത്മാക്കൾ നമ്പർ 6.

# Aloysius Maria Benziger

A Short Life

BY

A. JOHN, B. A., MAYYANAD

# അലോഷ്യസ് മരിയ ബെൻസിഗർ

(ഒരു ലഘുജീവചരിത്രം)

മയ്യനാട്ട് ഏ. ജോൺ, ബി. ഏ.


ARAMAM VIDYAKSHETRAM
Central Library



ACHARYA PALACKAL JEEVASS
LIBRARY
14277



S. I. RAILWAY STATION, ALWAYE
TRAVANCORE



FIRST EDITION
Copies 1500

Published & Copyright reserved by
THE ASSISI BOOK DEPOT,
QUILON.

Printed at
THE ASSISI PRESS, QUILON.

As. 6. ചക്രം 10½.

M/209.22
JOH

DHARMARAM VIDYA KSHETRAM
LIBRARY
Ac. No. 11060583
Call No. LN 1M455

# FOREWORD.

THE memory of my first acquaintance with His Grace, Arch-bishop Benziger I keep in my mind as a precious treasure.

The great prelate had already retired to the monastery of Carmel Hill in Trivandrum when I first landed in Quilon; and I was told that he had done this in the same way he did all things, that is to say thoroughly. There was no half-way measures with him; he thought that "what is worth doing, is worth doing well", and having come to the conclusion that the time had now arrived for him to give up his life-long work and think of his own soul he decided to do it completely. So strict was his retirement that it was said he would receive no visits at the Carmel Hill Monastery.

Yet, though I have never suffered excessively from the desire to meet great men, I was very anxious to meet His Grace Mgr. Benziger. Because, apart from the fact that he was a great Bishop, and had filled the whole of India with the fame of his able administration of his diocese, and won the admiration and affection of all his diocesans; apart from the fact that his name was on the lips of every one when I first came to Quilon, I felt it my duty to visit him at least to make an attempt at it. Because the initiative of opening a Friary in Quilon came from him: he it was who invited the Superior of the Friars Minor Capuchins in India to establish a house in his diocese, and in order to hurry up the business, met the Minister General of the Order in Rome. He had prepared everything for our coming, when he retired, and now as the Guardian of the Friary which owed its existence to him, I thought it was my duty to go personally and offer him our respectful thanks.

While on my way to Carmel Hill, I was busy with the thought of how I could possibly be admitted to see the man who so energetically refused to be seen. I was still revolving this thought in my mind when I pulled the bell at the door of the Monastery. A Friar answered the call,

an old friar clothed in brown just like all Friars: a white beard adorned his thin face, which was lighted up by two bright eyes that seemed to scrutinize you at a glance. "Praised be Jesus Christ, Brother Porter", said I, "I have come to request an extraordinary favour".—"And that is?"—"Well, I am anxious to meet His Grace Mgr. Benziger."—"And may I know the purpose of your visit", asked the old friar with a smile. "Oh, "I answered, "it will not be long; I just wished to express to him the gratitude and respect of the Capuchins in Quilon".- "And then, what else?"-"That will be all," I pleaded; "and you can see that it will not be a great disturbance to his solitary life"-"Well then," said the old friar, and his smile broadened and became paternal, and the light of his eyes became still brighter, as he spoke slowly and distinctly, and his slender figure seemed to grow higher and taller until I felt insignificant beside it; "Well then", he said, "you have done all your work; you have seen the man you wished to see and told him all you wished to say". The old Friar was none else than Archbishop Benziger who was on his way to the convent of the Holy Cross Sisters where he was the ordinary confessor for many years; he was just at the door when I happened to ring the bell and all the conversation was already finished when the door-keeper, the actual one, arrived on the spot.

This memory is like a treasure in my mind, and the vivid narrative of Mr. John has quickened up the remembrance of it.

I wish every one who knows Malayalam could read this excellent biography of a really great Bishop. If you have had the happiness to know His Grace it will place before you once again the features of his strong personality; if you have not known him, it will make him known to you, and the gain will be yours. In any case, the reading will be as pleasant and refreshing as was my first meeting with His Grace Mgr. Benziger.

**Very Rev. Fr. Urban, O. F. M. Cap.,**
**Commissary General,**
**Quilon.**

# മുഖവുര.

. പുണ്യശ്ലോകനായ ബെൻസിഗർ മെത്രാപ്പോലീത്താ യുടെ ഒരു ജീവചരിത്രം എഴുതണമെന്നുള്ള അസ്ഫുടമായ ഒരു വിചാരത്തോടുകൂടിയായിരുന്നു അദ്ദേഹത്തിൻെറ പരിപാവനമൃതശരീരത്തിൻെറ സംസ്ക്രിയ കഴിഞ്ഞു ഞാൻ തിരുവനന്തപുരം കർമ്മലഗിര്യാശ്രമദേവാലയത്തിൽനിന്നു പുറത്തിറങ്ങിയതു്. മനുഷ്യജാതിയുടെ ശാശ്വതമായ സംസ്കാരത്തിന് ഉപകരിച്ചിട്ടുള്ള പുണ്യപുരുഷന്മാരുടെ ജീവചരിത്രങ്ങൾ പഠിക്കുന്നതിലും രചിക്കുന്നതിലും ഏർപ്പെട്ടിരിക്കുന്ന എന്നെ അന്നു കണ്ട ചില സ്നേഹിതന്മാരുടെ സംഭാഷണം ആ വിചാരത്തെ വിജൃംഭിപ്പിച്ചു. ഞാൻ ഇപ്പോൾ എഴുതിക്കൊണ്ടിരിക്കുന്ന സെയിൻറ് പോളിൻെറ ജീവചരിത്രം പൂർത്തിയായ ഉടൻ എൻെറ ഉപകർത്താവായ ആ മഹാത്മാവിൻെറ ജീവിതകഥയുടെ രചനയിൽ ഏർപ്പെടണമെന്നു ഞാൻ തീർച്ചപ്പെടുത്തി. ഈ പരിപാടിയനുസരിച്ചിരുന്നുവെങ്കിൽ അതിൻെറ പ്രസിദ്ധീകരണത്തിനു രണ്ടു മൂന്നു മാസം കൂടി വേണ്ടിവരുമായിരുന്നു. എന്നാൽ പരേതൻെറ സ്മാരകമായി പ്രസിദ്ധീകരിക്കപ്പെടുന്ന 'കത്തോലിക്കാപ്രവർത്തനം' സ്പെഷ്യലിൽ അദ്ദേഹത്തിൻെറ ഒരു ലഘുജീവചരിത്രം എഴുതണമെന്ന് അതിൻെറ ദിവ്യശ്രീമാനായ അധിപർ എന്നോട് ആവശ്യപ്പെടുകയാൽ ഞാൻ 'സെയിൻറ് പോൾ' മാററിവച്ചിട്ടു തൽക്കാലം എനിക്കു ലഭ്യമായ കരുക്കളുപയോഗിച്ചു സാധിക്കാവുന്ന ഒരു ജീവചരിത്രം നിർമ്മിക്കുന്നതിനുദ്യമിക്കുന്നതിനിടയായി. അതു് എഴുതിത്തീർന്നപ്പോൾ ബഹു: പത്രാധിപരച്ചൻ സ്പെഷ്യലിൻെറ പരിമാണത്തിനു യോജിക്കാത്ത വിധത്തിൽ അതു വലുതാ

യിപ്പോയി എന്നു വിധിക്കുകയും വെട്ടിച്ചുരുക്കുന്നതിനു ശ്രമിക്കുകയും ചെയ്തു. ഈ ശസ്ത്രക്രിയയാൽ അംഗഭംഗമോ വൈരൂപ്യമോ നേരിടാതെ അതിനെ ഞാൻ യഥാകാലം സംരക്ഷിക്കുകയും അദ്ദേഹത്തിന് ഇഷ്ടമായ വല്പത്തിൽ അതിൻെറ ഒരു സംക്ഷേപം ആ 'സൂവനീറി'ന്, 'ആസന്നപ്രസിദ്ധീകരണമായ ഒരു ജീവചരിത്രം സംക്ഷേപിക്കപ്പെട്ടതു്' എന്ന അടിക്കുറിപ്പോടുകൂടി കൊടുക്കുകയും ചെയ്തു. സ്പെഷ്യലിനായി ഉദ്ദേശിക്കപ്പെട്ട ലേഖനത്തിൻെറ പൂർണ്ണരൂപമാണ് ഈ ലഘുഗ്രന്ഥമായി പ്രകാശിപ്പിക്കപ്പെടുന്നതു്. ഒരു ജീവചരിത്രമെന്ന നിലയിൽ അതിന് അപൂർണ്ണത വളരെയുണ്ട്. വിഷയത്തിൻെറ ഗൗരവം അർഹിക്കുന്ന അവധാനം അതിൽ പതിക്കുന്നതിന് എനിക്കു സാധിച്ചിട്ടില്ല. രണ്ടാമതൊരു പതിപ്പ് ആവശ്യപ്പെടുമെന്നുണ്ടെങ്കിൽ അപ്പോൾ ഇതിൻെറ അപൂർണ്ണത കഴിയുന്നതു പരിഹരിക്കുന്നതിനു ശ്രമിച്ചുകൊള്ളാം.

കഥാനായകൻെറ സ്മാരകമായ 'കത്തോലിക്കാപ്രവത്തനം' സ്പെഷ്യലിനുദ്ദേശിക്കപ്പെട്ട ഈ ജീവിതകഥ യഥാതഥം തദ്ദ്വാരാ പ്രകാശിപ്പിക്കപ്പെടാൻ സാധിക്കാതെ വന്നപ്പോൾ അതിൻെറ ഹതഭാഗ്യതയിൽ അനുകമ്പയുണ്ടായി ഉടനടി അതിനെ പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തുന്നതിനു, കടലാസിൻെറ, പത്തിരട്ടിയായി വദ്ധിച്ചു, വിലയും ദൗർല്ലഭ്യവും വകവയ്ക്കാതെ, സന്നദ്ധമായ അസ്സീസി ബുക്കുഡിപ്പോവിനോട് ഞാൻ ഏററവും കൃതജ്ഞനാണ്.

മയ്യനാട്,
ക്രിസ്തുരാജദിനം, 1942.

ഏ. ജോൺ.

അലോഷ്യസ് മരിയ

# ബെൻസിഗർ.

---

## അദ്ധ്യായം ൧

### പ്രാരംഭം

ഇപ്പോൾ നടക്കുന്ന മഹായുദ്ധത്തിൽ അക്ഷോഭ്യമായ നിഷ്പക്ഷത അവലംബിച്ചിരിക്കുന്ന യൂറോപ്പിലെ ഏകരാജ്യമാണു സ്വിററ്സർലൻഡ്. സ്പെയിൻ, പോർട്ടുഗൽ മുതലായി അപൂർവ്വം ചില രാജ്യങ്ങൾ ഇന്നുവരെ ഒരു കക്ഷിയിലും ചേൎന്നിട്ടില്ലെങ്കിലും, അവയുടെ നിഷ്പക്ഷത ഏതുനിമിഷവും ഭഞ്ജിക്കപ്പെടാവുന്ന തരത്തിലുള്ളതാണല്ലോ. എന്നാൽ സ്വിററ്സർലൻഡിന്റെ സ്വാതന്ത്ര്യത്തെയും നിഷ്പക്ഷതയെയും, അതിനു പ്രകൃതിസിദ്ധമോ ഭരണതന്ത്രവൈശിഷ്ട്യജാതമോ ആയ ഭദ്രതമൂലം, ബഹുമാനിക്കുന്നതിനും അഭംഗമായി പാലിക്കുന്നതിനും ഉഭയകക്ഷികളും നിർബദ്ധരായിരിക്കുന്നു. ഫ്രാൻസ്, ജൎമ്മനി, ആസ്റ്റ്റിയാ, ഹംഗറി, ഇററലി എന്നീ മഹാരാജ്യങ്ങളാൽ സംവരണം ചെയ്യപ്പെട്ട് ആല്പ്സ് പൎവ്വതത്തിന്റെ ഉച്ചതമമായ മദ്ധ്യഭാഗത്തു സ്ഥിതിചെയ്യുന്ന ഈ ചെറിയരാജ്യം പ്രകൃതിരാമണീയകത്തിൽ അനുപമമാണ്. മഹാനദങ്ങളെ ഉല്പാദിപ്പിക്കുന്ന അനേകം പ്രസ്രവണങ്ങളും, സരോവരങ്ങളും, അഗാധങ്ങളും വിശാലങ്ങളുമായ തടാകങ്ങളും, വാരിപ്രവാഹങ്ങളും, ജലനിപാതങ്ങളും, വിഭവസമൃദ്ധങ്ങളും തരുനിബിഡങ്ങളുമായ മഹാവ

നങ്ങളും, നിമ്നോന്നതങ്ങളായ സാനപ്രദേശങ്ങളും, ഹരിതവൎണ്ണഭാസുരങ്ങളായ ശാദ്ധ്വലങ്ങളും, കേദാരങ്ങളും, മധുരസാരാമങ്ങളും അതിൻെറ മനോഹരതയെ വൎദ്ധിപ്പിക്കുന്നു. ഏകദേശം തിരുവിതാംകൂറിൻെറ ഇരട്ടി വിസ്തീൎണ്ണതയുള്ള ഈ രാജ്യത്തിലെ ജനസംഖ്യ നാല്പത്തിരണ്ടുലക്ഷത്തില്പരം മാത്രമാണ്. സ്വിസ്സ് ഭാഷയെന്നു പറയപ്പെടാവുന്ന ഒരു പൊതുവായ ഭാഷ അവിടെയില്ല. വടക്കും കിഴക്കുമുള്ള ഉന്നതതടത്തെ ജൎമ്മൻഭാഷ സംസാരിക്കുന്ന ഒരുവൎഗ്ഗം ജനങ്ങളും തെക്കും പടിഞ്ഞാറും ഭാഗങ്ങളെ ഇററാലിയനും ഫ്രെഞ്ചും ഭാഷകൾ സംസാരിക്കുന്ന വേറൊരുവൎഗ്ഗം ജനങ്ങളും അധിവസിക്കുന്നു. സ്വിസ്സ് ജനങ്ങളിൽ അഞ്ചിൽമൂന്നുഭാഗം വിവിധവിഭാഗങ്ങളിൽപ്പെട്ട പ്രോട്ടസ്റ്റൻറുകാരും ബാക്കിയുള്ളവർ റോമൻ കത്തോലിക്കരുമാണ്. സംപൂൎണ്ണമായ മതസ്വാതന്ത്ര്യം എല്ലാവൎക്കും അനുവദിക്കപ്പെട്ടിട്ടുണ്ട്. ജനങ്ങൾ പൊതുവെ അഭ്യസ്തവിദ്യരും വ്യവസായശീലരുമാണ്. വിദ്യാലയങ്ങളും വ്യവസായശാലകളും അവിടെ വേണ്ടുവോളമുണ്ട്. അവിടത്തെ ഗവണ്മെൻറ് ഉത്തമരീതിയിൽ നടത്തപ്പെടുന്ന ഒരു ഫെഡറൽ റിപ്പബ്ളിക്ക് (സംയുക്തജനാധിപത്യം) ആണ്. മദ്ധ്യയുഗങ്ങളിൽ യൂറോപ്പിൽ പൊതുവെ മേല്ക്കോയ്മ വഹിച്ചിരുന്ന ആസ്റ്റ്റോജൎമ്മൻ സാമ്രാജ്യത്തോടെതിൎത്ത് സ്വാതന്ത്ര്യം സമ്പാദിക്കുന്നതിനായി 13-ാം ശതാബ്ദത്തിൽ ആല്പ്സ് പൎവ്വതത്തിൻെറ അധിത്യകയിലുള്ള ഏതാനും നഗരങ്ങളും ജനപദങ്ങളും ഏകോപിച്ചു രൂപവല്ക്കരിച്ച ഹെൽവെററിക്ക് കോൺഫെഡറേഷൻ (Helvetic Confederation) എന്ന രാഷ്ട്റീയസംഘടന

യുടെ നവീനസന്താനമാണ് ഈ ജനാധിപത്യരാഷ്ട്രം. പ്രാദേശികകാര്യങ്ങളിൽ സ്വയംഭരണാധികാരമുള്ള 22 ജില്ലകൾ (Cantons) അതിൽ സംയുക്തമായിട്ടുണ്ട്. കഴിഞ്ഞ ഏഴു നൂററാണ്ടുകാലവും അതിൻെറ സ്വാതന്ത്ര്യം, നെപ്പോളിയൻമൂലം അല്പകാലത്തേക്കുണ്ടായ പാരതന്ത്ര്യം ഒഴിച്ചാൽ, അഭംഗുരമായി നിലനിന്നിട്ടുണ്ട്.

പുണ്യശ്ലോകനായ നിതാന്തവന്ദ്യദിവ്യശ്രീ ഡോക്ടർ അലോഷ്യസ്സ് മരിയ ബെൻസിഗർ തിരുമനസ്സിലെ ജന്മദേശമാകുന്നതിനുള്ള ഭാഗ്യം സിദ്ധിച്ചത് സ്വിററ്സർലൻഡിനായതുകൊണ്ടാണ് ആ രാജ്യത്തെപ്പററി മുഖവുരയായി ഇത്രയും പ്രസ്താവിച്ചത്. അദ്ദേഹം അവിടെ, ജർമ്മൻഭാഷ സംസാരിക്കുന്ന ജനങ്ങളാൽ അധ്യുഷിതമായ ഭാഗത്ത്, അയിൻസിഡ്ലിൻ എന്ന ചെറിയ പട്ടണത്തിൽ പുരാതനവും ധനാഢ്യവുമായ ബെൻസിഗർ കുടുംബത്തിൽ 1864 ജനുവരി 31-ാനു- ജനിച്ചു. അദ്ദേഹത്തിൻെറ പിതാവായ ജോൺ അഡൽറിക്ക് ബെൻസിഗർ സ്വരാജ്യത്തെയും സ്വമതത്തെയും പ്രശസ്യമായി സേവിച്ചിരുന്ന ഒരു പൌരപ്രധാനനും ഒരു ഉത്തമകത്തോലിക്കനുമായിരുന്നു. ജോൺബെൻസിഗറിൻെറ രാഷ്ട്റീയസേവനങ്ങൾ സ്വിസ്സ് റിപ്പബ്ളിക്കിൻെറ ചരിത്രത്തിൽ ഗണ്യമായ ഒരു സ്ഥാനത്തെ അർഹിച്ചിട്ടുണ്ട്. ധർമ്മപരമായി അദ്ദേഹം അനുഷ്ഠിച്ച മഹനീയങ്ങളായ സേവനങ്ങളെ ഒൻപതാം പീയൂസ് മാർപ്പാപ്പാ അദ്ദേഹത്തിന് 1875-ൽ 'സെയിൻറു ഗ്രിഗരിയുടെ മാടമ്പി' (Knight of St. Gregory) എന്ന മഹാബിരുദം സംപ്രദാനം ചെയ്തു അംഗീകരിച്ചു. അദ്ദേഹം വിശ്വവിശ്രുതമായ 'ബെൻ

സിഗർ ബ്രദേഴ്സ്' എന്ന വാണിജ്യസംഘത്തിലെ ഒരംഗമായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യയായ അന്നാമരിയ കോച്ച് ഒരു ധർമ്മിഷ്ഠയും പരമഭക്തയുമായിരുന്നു. സൌഭാഗ്യശാലികളായ ഈ ദമ്പതിമാർക്ക്, നമ്മുടെ കഥാനായകനുൾപ്പെടെ, ആറു മക്കൾ-നാലു പുത്രന്മാരും രണ്ടു പുത്രിമാരും-ഉണ്ടായിരുന്നു. മേരി, അലോയി, അന്നാ, അഡൽറിക്ക്, ആല്ബെർട്ട്, അഗസ്റ്റി എന്നായിരുന്നു അവരുടെ പേരുകൾ. സ്വസന്താനങ്ങളിൽ ഒരു പുത്രനും ഒരു പുത്രിയുമെങ്കിലും സർവ്വോൽകൃഷ്ടമായ സന്ന്യാസവൃത്തി അവലംബിച്ചു കാണണമെന്നു ഭക്തയായ അന്നാ മറിയ കോച്ച് വളരെ ആഗ്രഹിക്കുകയും അതിന്നനുരൂപമായി അവരിൽ ഈശ്വരഭക്തിയും ധർമ്മതീക്ഷ്ണതയും പോഷിപ്പിക്കുകയും ചെയ്തു. ആ മഹതിയായ മാതാവിന്റെ ആഗ്രഹം സമ്യക്കായി നിർവ്വഹിക്കപ്പെട്ടു: അവരുടെ ദ്വിതീയപുത്രി, അന്ന, കർമ്മലീത്താ സന്ന്യാസിനീസംഘത്തിൽ ചേർന്നു സിസ്റ്റർ മാർഗരെററുമേരി, ഒ. സി. ഡി., ആയിത്തീരുകയും, മക്കളിൽ നാലാമത്തവനും പുത്രന്മാരിൽ രണ്ടാമത്തവനുമായ അഡൽറിക്ക് കർമ്മലീത്താ സന്ന്യാസിസംഘത്തിൽ ചേർന്ന് ഒടുവിൽ നമ്മുടെ നിതാന്തവന്ദ്യദിവ്യ ശ്രീ ഡോക്ടർ അലോഷ്യസ്സ് മരിയ ബെൻസിഗർ, ഒ സി. ഡി., ഡി. ഡി., ആയി ഉയരുകയും ചെയ്തു. സിസ്റ്റർ മാർഗരെററു മേരി (അന്ന) ബ്രൂഗസ്സിലെ കർമ്മലീത്താ കന്യാമഠത്തിൽവച്ച് 1904-ൽ ദിവംഗതയായി. ഗൃഹസ്ഥാശ്രമത്തിൽപ്രവേശിച്ച മേരി 1920-ൽ ചരമഗതിയെ പ്രാപിച്ചു. കഥാനായകന്റെ ജ്യേഷ്ഠനായ അലോയി ചെറുപ്പത്തിൽതന്നെ, 1878-ൽ, മരിച്ചുപോയി.

14277

ജോൺ ബെൻസിഗർ, അലോയിയുടെ അകാലമരണംമൂലം, തൻെറ മൂത്തമകനായിത്തീൎന്ന അഡൽറിക്ക് ഭാവിയിൽ ലോകത്തു് അത്യുന്നതമായ ഒരവസ്ഥയെ പ്രാപിച്ചുകാണുന്നതിനു മോഹിച്ചിരിക്കണം. സ്വകുടുംബം വകയായ 'ബെൻസിഗർ ബ്രദേഴ്സി'ൽതന്നെ ഏററവും ആദായകരമായ ഒരുദ്യോഗം വഹിച്ചു് ഒരു കോടീശ്വരനായിത്തീരുകയെന്നതു് അഡൽറിക്ക് ബെൻസിഗറിനു സുസാദ്ധ്യമായിരുന്നുവല്ലോ. പ്രസ്തുത കമ്പനിയുടെ ഒരു പ്രധാന പ്രവൎത്തനരംഗമായ അമേരിക്കയിലോ ബ്രിട്ടീഷു സാമ്രാജ്യത്തിൻെറ ഏതെങ്കിലും ഭാഗത്തിലോ സ്വപുത്രൻ ഒരു വണിഗ്വരനായി കാലയാപനം ചെയ്യണമെന്നു ജോൺ ബെൻസിഗർ സങ്കല്പിച്ചിരുന്നിരിക്കണമെന്ന് അദ്ദേഹത്തിനു നല്കപ്പെട്ട വിദ്യാഭ്യാസത്തിൻെറ സ്വഭാവത്തിൽനിന്നു നമുക്ക് അനുമാനിക്കാം. പ്രാഥമികവിദ്യാഭ്യാസം സ്വദേശത്തുള്ള ബെനഡിക്ററൻ വിദ്യാലയത്തിൽ നിൎവ്വഹിച്ചശേഷം അദ്ദേഹം ഉപരിപഠനത്തിനായി ജൎമ്മനിയിൽ ഫ്രാൻക്ഫർടിൽ പോയി. അനന്തരം അദ്ദേഹം ബെൽജിയമിൽ ബ്രസൽസ്നഗരത്തിലെ സെയിൻറു ലൂയിസ് കോളെജിൽ ചേൎന്നു വിദ്യാഭ്യാസം തുടൎന്നു. അവിടെനിന്ന് അദ്ദേഹം ഇംഗ്ലണ്ടിലേക്ക് അയക്കപ്പെട്ടു. ജോൺ ബെൻസിഗർ തൻെറ പുത്രനായി ഉദ്ദേശിച്ചിരുന്ന ജീവിതസരണിയുടെ സൌഗമ്യത്തിനു വിശ്വവ്യാപകമായ ഇംഗ്ലീഷുഭാഷയുടെ പരിശീലനം ഉപകാരപ്രദമായിക്കരുതിയിരിക്കണം. ലണ്ഡനിൽ ഡൌൺസൈഡിൽ അന്നു കാർഡിനൽ ഗാസ്ക്വേയുടെ നിയന്ത്രുത്വത്തിലായിരുന്ന ബെനഡിക്ററൻ വിദ്യാലയത്തിലാ

യിരുന്ന അഡൽറിക്ക് ബെൻസിഗർ പഠിച്ചത്. അദ്ദേഹം യഥാകാലം ലണ്ഡൻ സർവ്വകലാശാലയിലെ മററ്റിക്കുലേഷൻ പരീക്ഷയിൽ വിജയം പ്രാപിച്ചു. ഇംഗ്ലണ്ഡിൽനിന്ന സിദ്ധിച്ച ഈ വിദ്യാഭ്യാസം മൂലമായിരുന്ന ഒരു അസ്സൽ ഇംഗ്ലിഷുകാരനെപ്പോലെ അദ്ദേഹത്തിന് ഇംഗ്ലീഷുഭാഷ സംസാരിക്കുന്നതിനും എഴുതുന്നതിനും വശമായിരുന്നത്.

ലൌകികമായ ഉന്നതിയെ പുരസ്കരിച്ച് അതിന് അനുരൂപമായ ഒരു വിദ്യാഭ്യാസം തൻെറ മകന്ന പ്രദാനം ചെയ്യുന്നതിൽ ഉത്സുകനായിരുന്ന ജോൺ ബെൻസിഗർ ആ മകനെ സംബന്ധിച്ച യഥാൎത്ഥമായ ഈശ്വരോദ്ദേശ്യമെന്തായിരുന്നുവെന്ന് അറിഞ്ഞിരുന്നില്ല. അഡൽറിക്കിന് ആബാല്യം ലഭിച്ചുവന്ന ഉത്തമരീതിയിലുള്ള ക്രിസ്തീയവിദ്യാഭ്യാസം അദ്ദേഹത്തിൻെറ ഹൃദയത്തിൽ ദൈവനിക്ഷിപ്തമായിരുന്ന ത്യാഗബുദ്ധിയുടെയും ധൎമ്മസേവനതൃഷ്ണയുടെയും ബീജത്തെ പരിപോഷിപ്പിക്കുകയും വികസിപ്പിക്കുകയും ചെയ്യുന്നുണ്ടായിരുന്നു. ഒരു ധനാഢ്യൻെറ പുത്രനായ തനിക്കു സുലഭമായിരുന്ന ലൌകികസുഖാനുഭോഗങ്ങളെയും സമ്പത്സമൃദ്ധിയെയും നിശ്ശേഷം ത്യജിച്ച് ഒരു സന്യാസിയായിത്തീരുന്നതിന് അദ്ദേഹം കൃതനിശ്ചയനായിക്കഴിഞ്ഞിരുന്നു. അപ്പോൾ ഇരുപതു വയസ്സുണ്ടായിരുന്ന അദ്ദേഹത്തിൻെറ സ്വാതന്ത്ര്യത്തെ തടയുന്നതിന് അദ്ദേഹത്തിൻെറ പിതാവു വിചാരിച്ചില്ല. തൻെറ ജീവിതപദ്ധതിയെ അവസാനമായി നിശ്ചയിക്കുകയും അവലംബിക്കുകയും ചെയ്യുന്നതിനു മുമ്പായി, അദ്ദേഹം റോമായിലേക്ക് ഒരു തീൎത്ഥയാത്ര ചെയ്തു. അവി

ടെ അദ്ദേഹം, മഹാപുണ്യവാന്മാരായ ഫ്രാൻസിസ്സ് അസ്സീസിയും ഇഗ്നേഷ്യസ്സ് ലയോളായുംമററും ചെയ്തതുപോലെ, അപ്പോസ്തലവരേണ്യന്മാരായ പീററരിൻെറയും പോളിൻെറയും ശവകുടീരങ്ങളുടെ സന്നിധിയിൽ നമസ്കരിക്കുകയും സ്വൎഗ്ഗീയപ്രകാശത്തിനും മാൎഗ്ഗനിർദ്ദേശത്തിനുമായി ജഗദീശനോടു പ്രാൎത്ഥിക്കുകയുംചെയ്തു. അവിടെനിന്ന് അദ്ദേഹം സന്ന്യാസജീവിതം വരിക്കുന്നതിന് അചാല്യനിശ്ചയനായും ഉത്സാഹഭരിതനായും മടങ്ങുകയും ബെൽജിയമിൽ ബ്രൂജസ്സിലുള്ള കമ്മലീത്താ ആശ്രമത്തിൽ പ്രവേശനം അൎത്ഥിക്കുകയും ചെയ്തു. .

സന്ന്യാസാൎത്ഥിയായ അദ്ദേഹം 1884 മേയ് 26-ാനു- ആശ്രമവസ്ത്രം ധരിക്കുകയും, സന്ന്യാസമവലംബിക്കുന്ന ഒരാൾ തനിക്കുണ്ടായിരിക്കുന്ന ജീവിതപരിവൎത്തനത്തെ ദ്യോതിപ്പിക്കുന്നതിനായി പേരു മാററുന്ന പതിവനുസരിച്ച്, അലോഷ്യസ്സ് അ സാങ്ക്ത മരിയ എന്ന പുതിയ നാമധേയം സ്വീകരിക്കുകയും ചെയ്തു. ഒരു വൎഷം കഴിഞ്ഞു, 1885 മേയ് 26-ാനു-, അദ്ദേഹം വ്രതപ്രതിജ്ഞ ചെയ്യുകയും മൂന്നു വൎഷത്തിനുശേഷം ശാശ്വതവ്രതം സ്വീകരിക്കുകയും ചെയ്തു. 1888 ഡിസംബർ 22-ാനു- അദ്ദേഹം ഗെൻറിലെ മെത്രാനാൽ വൈദികനായി അഭിഷേകം ചെയ്യപ്പെടുകയും ക്രിസ്മസ്സ് ദിവസം സ്വദേശമായ അയിൻസിഡ്ലിനിൽവച്ചു പ്രഥമദിവ്യപൂജ അൎപ്പിക്കുകയും ചെയ്തു 1890-ൽ അദ്ദേഹത്തിൻെറ വൈദികവിദ്യാഭ്യാസം പൂൎത്തിയാവുകയും ആ വൎഷം സെപ്ററംബർ 29-ാനു- അദ്ദേഹം ഒരു ക്രൈസ്തവധൎമ്മദൂതനായി ഇൻഡ്യയിൽ വന്നുചേരുകയും ചെയ്തു.

# അദ്ധ്യായം ൨

## പ്രൊഫെസ്സർ, സെക്രട്ടരി, മെത്രാൻ.

ഫാദർ അലോഷ്യസ്സ് മരിയ, ഓ. സി. ഡി. ഇൻഡ്യയിൽ തൻെറ ധർമ്മദൂതജീവിതം ആരംഭിച്ചത് വരാപ്പുഴ പുത്തൻപള്ളി സെയിൻറു ജോസഫ്സ് അപ്പസ്തോലിക്ക സെമിനരിയിലെ ഒരു പ്രൊഫെസ്സറായിട്ടായിരുന്നു. 1892-ൽ അദ്ദേഹം ഡെലഗേററ് അപ്പസ്തോലിക്കായ മോൺസിഞ്ഞോർ സലെസ്സിയുടെ സെക്രട്ടറിയായി നിയമിക്കപ്പെട്ടു. എട്ടുവഷക്കാലം അദ്ദേഹം ആ ഉദ്യോഗം അതിനിപുണമായും കായ്യക്ഷമമായും വഹിച്ചു. അതിൻെറ നിവ്വഹണത്തിൽ അദ്ദേഹം പ്രദശിപ്പിച്ച സാമർത്ഥ്യാതിശയത്തെപ്പററിയുള്ള അഭിനന്ദനം അപ്പസ്തോലിക്ക് ഡെലഗേഷൻെറ സ്വണ്ണജൂബിലിസ്മാരകമായ പ്രസിദ്ധീകരണം രേഖപ്പെടുത്തിയിട്ടുണ്ട്. അനന്യസാധാരണങ്ങളായ അദ്ദേഹത്തിൻെറ യോഗ്യതകളെ നേരിട്ടറിയാൻ സാധിച്ച മോൺസിഞ്ഞോർ സലെസ്സി അദ്ദേഹത്തെ ഒരു മെത്രാൻെറ പദത്തിലേക്ക് ഉയത്തുന്നതിനു മാപ്പാപ്പായോടു ശുപാൾചെയ്തു. അന്നു കൊല്ലംരൂപതയുടെ മെത്രാനായിരുന്ന വൃദ്ധനായ മോൺസിഞ്ഞോർ ഫെർഡിനാൻഡ് ഓസ്സിക്ക് ഒരു സഹായമെത്രാൻെറ ആവശ്യമുണ്ടായിരുന്നു. 1900 ജൂലൈ 17-ാനു- ഫാദർ അലോഷ്യസ്സ് അ സാങ്ക്ത മരിയ താബെയുടെ നാമമാത്രമെത്രാനായും കൊല്ലംമെത്രാൻെറ സഹായകനും അനന്തരനുമായും നിയമിക്കപ്പെട്ടു. 1900 നവംബർ 18-ാനു- അദ്ദേഹത്തെ മോൺസിഞ്ഞോർ സലെസ്സി കൊല്ലത്തെയും കണ്ടിയി

ലെയും മെത്രാന്മാരാൽ സഹേതനായി കണ്ടിയിൽ വച്ച് അഭിഷേകംചെയ്തു. ഈ മെത്രാപ്പട്ടാഭിഷേകകർമ്മത്തിൽ അദ്ദേഹത്തിൻെറ ഒരു സഹോദരൻ, മി. ആൽബെട്ട് ബെൻസിഗർ, സംബന്ധിച്ചിരുന്നു. ഫെർഡിനാൻഡ് മെത്രാൻ ബെൽജിയമിൽ ഗെൻറിൽവച്ച് 1905 ആഗസ്റ്റ് 16-ാനു- ചരമഗതിയെ പ്രാപിച്ചപ്പോൾ മോൺസിഞ്ഞോർ അലോഷ്യസ്സ് മരിയ ബെൻസിഗർ കൊല്ലം മെത്രാനായിത്തീരുകയും സെപ്ററംബർ 14-ാനു- സിംഹാസനാരൂഢനായി രൂപതയുടെ ഭരണഭാരം കൈയേല്ക്കുകയുംചെയ്തു.

കൊല്ലത്തിനു കേരളത്തിലെ ക്രിസ്തുമതത്തിൻെറ ചരിത്രത്തിൽ സുപ്രധാനമായ ഒരു സ്ഥാനമുണ്ട്. ഭാരതത്തിലേക്കു പ്രേഷിതനായ ഒന്നാമത്തെ ക്രൈസ്തവധർമ്മദൂതനം ക്രിസ്തുവിൻെറ പന്ത്രണ്ട് അപ്പോസ്തലന്മാരിൽ ഒരാളുമായ സെയിൻറു തോമസ്സ് സുമാറു ഏ. ഡി. 52-ൽ കൊല്ലത്തുവന്ന് ക്രിസ്തുധർമ്മം പ്രസംഗിച്ചുവെന്നും അദ്ദേഹം കേരളത്തിൽ സ്ഥാപിച്ച ഏഴ പള്ളികളിൽ ഒന്ന് അവിടെയായിരുന്നുവെന്നും വിശ്വസിക്കപ്പെടുന്നു. അതിപുരാതനകാലം മുതല്ക്കേ പെർഷ്യാ, അറേബ്യാ, ഈജിപ്ററ്, സിറിയാ, പലസ്തീനാ, ഗ്രീസ്, റോമാ മുതലായ വിദൂരദേശങ്ങളിൽനിന്നും സാംയാത്രികരെ ആകർഷിച്ചിരുന്ന അവിടത്തെ വിശ്രുതമായ തുറമുഖം സെയിൻറു തോമസ്സിൻെറ സന്ദർശനത്തിനു സൗകര്യം നല്കിയെന്നതു് സംഭാവ്യമാണല്ലോ. ക്രിസ്ത്വബ്ദത്തിൻെറ ആരംഭംമുതൽ കൊല്ലം സുറിയാനികളായ വണിക്കുകളുടെയും ക്രൈസ്തവധർമ്മദൂതന്മാരുടെയും പ്രവർത്തനരംഗമായിരുന്നുവെന്നും അ

വിടെ ക്രിസ്ത്യാനികൾ ധാരാളമായി ഉണ്ടായിരുന്നുവെന്നുമുള്ള വസ്തുത ചരിത്രപ്രഖ്യാതമാണ്. പതിനാലാം നൂററാണ്ടിൻെറ ആരംഭംമുതൽ ഫ്രാൻസിസ്കന്മാരും ഡോമിനിക്കന്മാരുമായ യൂറോപ്യൻ (ലത്തീൻ) മിഷനറിമാർ കൊല്ലത്തുവന്നു ക്രിസ്തുധർമ്മം പ്രസംഗിച്ചു. അവർ അവിടെ ഉണ്ടായിരുന്ന പൂർവ്വക്രിസ്ത്യാനികളുടെ ഇടയിൽ ധർമ്മസേവനമനുഷ്ഠിച്ചു ക്രിസ്തീയചൈതന്യം വർദ്ധിപ്പിക്കുകയും വിമതസ്ഥരെ ക്രിസ്തുമതത്തിൽ ചേർക്കുകയും അനേകം ദേവാലയങ്ങളും സന്യാസാശ്രമങ്ങളും സ്ഥാപിക്കുകയും ചെയ്തു. മാർപ്പാപ്പാ ആയ ജോൺ ഇരുപത്തിരണ്ടാമൻ 1329 ആഗസ്റ്റ് 9-ാനു- കൊല്ലത്തെ ഒരു മെത്രാസനനഗരമായി പ്രഖ്യാപനം ചെയ്യുകയും ഫ്രയർ ജോർഡൻ എന്നൊരു ഡോമിനിക്കൻ സന്യാസി വൈദികനെ അതിൻെറ ഒന്നാമത്തെ മെത്രാനായി നിയമിക്കുകയുംചെയ്തു. അങ്ങനെ കൊല്ലം ഇൻഡ്യയിലെ ഏററവും പുരാതനമായ രൂപതയെന്ന പ്രശസ്തിക്കു പാത്രീഭവിച്ചിട്ടുണ്ട്. 1348-ൽ മാർപ്പാപ്പായുടെ പ്രതിനിധിയായി കൊല്ലം സന്ദർശിച്ച ജോൺ മരിഞ്ഞോലി അതിനെപ്പററി ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:— "1348-ലെ കുരുത്തോലഞായറാഴ്ച, ഞങ്ങൾ കൊല്ലമെന്നു വിളിക്കപ്പെടുന്ന ഇൻഡ്യയിലെ അതിശ്രേഷ്ഠമായ ഒരു നഗരത്തിൽ വന്നുചേന്നു. ലോകമൊട്ടുക്ക് ആവശ്യമുള്ള കുരുമുളക് അവിടെയത്രെ ഉല്പാദിപ്പിക്കപ്പെടുന്നത്. അതിൻെറ ഉടമസ്ഥർ സെയിൻറു തോമസ് ക്രിസ്ത്യാനികളാണ്.....അവർ എനിക്കു മാർപ്പാപ്പായുടെ പ്രതിനിധിയെന്ന നിലയിൽ പ്രതിമാസം നൂറു സ്വർണ്ണപ്പണവും ഞാൻ യാത്ര പറഞ്ഞ

പ്പോഠം ആയിരം സ്വൎണ്ണപ്പണവും തന്നു.....അവിടെ ലത്തീൻ സമുദായംവക സെയിൻറ ജോർജിൻെറ നാമധേയത്തിൽ ഒരു ദേവാലയമുണ്ട്; ഞാൻ അതിലായിരുന്നു താമസിച്ചതു്; നല്ല ചിത്രങ്ങളെക്കൊണ്ട് അതിനെ ഞാൻ അലങ്കരിച്ചു......" മാപ്പാപ്പായുടെ പ്രതിനിധിയെ ഇവ്വിധം ബഹുമാനിച്ച കൊല്ലത്തെ സുറിയാനിക്രിസ്ത്യാനികഠം കത്തോലിക്കർ, മാപ്പാപ്പായുടെ പരമാധികാരത്തെ ആദരിക്കുന്ന ക്രിസ്ത്യാനികഠം, ആയിരുന്നിരിക്കാനിടയുണ്ടെന്നു നമുക്ക് അനുമാനിക്കാവുന്നതാണ്. പോർട്ടുഗീസുകാരുടെ വരവിനു വളരെ മുമ്പേതന്നെ അവിടെ ലത്തീൻ ക്രിസ്ത്യാനികളുണ്ടായിരുന്നുവെന്നും ഇതിൽനിന്നു സ്പഷ്ടമാകുന്നുണ്ട്. പണ്ടു സുറിയാനിക്രിസ്ത്യാനികളുടെ ഒരു പ്രധാനകേന്ദ്രമായിരുന്ന കൊല്ലത്തു് ഇപ്പോഠംഅവർ ഇല്ലാതിരിക്കുന്നതു് ഏതോ പ്രതികൂലസാഹചൎയ്യങ്ങഠംമൂലം അവർ നിശ്ശേഷം ആ സ്ഥലം വെടിഞ്ഞതുകൊണ്ടാണെന്നു പറയുന്നതിൽ ഒട്ടും സാംഗത്യമില്ല; അവരിൽ കുറെയൊക്കെ സ്ഥലം വിട്ടുപോയി ഉഠംനാടുകളിൽ താമസമാക്കിയിരിക്കാമെങ്കിലും, ഭൂരിപക്ഷവും അക്കാലത്തു പ്രതാപവാന്മാരായിരുന്ന പോർട്ടുഗീസുകാരുടെ പ്രേരണയ്ക്കും പ്രലോഭനങ്ങഠംക്കും വശംവദരായി റീത്തുമാറി, കേരളത്തിൽ മററുപല സ്ഥലങ്ങളിലുമെന്നപോലെ, അവിടത്തെ ലത്തീൻ സമുദായത്തിൽ ലയിച്ചിരിക്കണമെന്നതു നിസ്സംശയമാണ്. ഈ ചരിത്രീയമായ സംഭാവ്യതയെ ഇവിടെ ഉന്നയിക്കുന്നതു് ആരുടെയെങ്കിലും പൂൎവ്വന്മാർ അസ്സൽ സുറിയാനിക്കാരോ സുറിയാനിറീത്തു് അവലംബിച്ചിരുന്ന നാട്ടുക്രിസ്ത്യാനികളോ ആയിരുന്നുവെ

ന്നോ, പ്രലോഭനങ്ങൾക്കോ ബലപ്രയോഗത്തിനോമാത്രം വശീഭവിച്ച് അവർ റീത്തുമാറിയെന്നോ, പറയുന്നതിൽ എന്തെങ്കിലും അഭിമാനത്തിന വകയുണ്ടെന്ന വിചാരിച്ചിട്ടാണെന്ന് ആരും ധരിക്കരുത്. റീത്തുകൾക്ക് ഉത്തരാധരഭാവമില്ല. സ്വസ്വദേശങ്ങളിൽ കാലക്ഷേപത്തിന വകയില്ലാതെ ജീവികാമാൎഗ്ഗം അന്വേഷിച്ച ദേശാടനം ചെയ്ത് ഇൻഡ്യയെ അഭയം പ്രാപിച്ച സിറിയന്മാൎക്കോ, യൂറോപ്യന്മാൎക്കോ, ഏതദ്ദേശീയരുമായി കലൎന്നുള്ള അവരുടെ സങ്കരസന്തതികൾക്കോ, അസ്സൽ ഇൻഡ്യാക്കാരെക്കാൾ ശ്രേഷ്ഠതയുണ്ടെന്നോ, പാവങ്ങളോടും അധഃസ്ഥിതരോടും സവിശേഷം അനുകമ്പ പ്രദൎശിപ്പിക്കുന്ന ക്രിസ്തുവിൻെറ സുവിശേഷംവഹിച്ച സെയിൻറു തോമസിനെയും സെയിൻറു ഫ്രാൻസിസ് സേവിയറിനെയുംപോലുള്ള ക്രൈസ്തവധൎമ്മദൂതന്മാർ ഈ നാട്ടിൽവന്ന നംപൂതിരി തുടങ്ങിയ ഉയൎന്ന ജാതിക്കാരെ മാത്രമെ ക്രിസ്തുമതത്തിൽ ചേൎക്കുന്നതിനുദ്യമിച്ചുള്ളുവെന്നോ അൎത്ഥം വരത്തക്കവണ്ണം ആരെങ്കിലും പറഞ്ഞാൽ അതു വെറും വികത്ഥനമായിട്ടേ പരിഗണിക്കപ്പെടുകയുള്ളു.

പതിനാറാം നൂററാണ്ടിൻെറആരംഭത്തിൽ പോർട്ടുഗീസുകാർ വന്നപ്പോഴും കൊല്ലം ഒരു ക്രൈസ്തവകേന്ദ്രമായിരുന്നു. വാസ്കോഡിഗാമാ കൊല്ലത്തു വന്നപ്പോൾ ആ പട്ടണത്തിലും പരിസരങ്ങളിലുമായി ഇരുപത്തയ്യായിരത്തോളം ക്രിസ്ത്യാനികളുണ്ടായിരുന്നുവെന്നും അവരുടെ പ്രമാണികളുമായുണ്ടായ കൂടിക്കാഴ്ചയുടെ ഫലമായി രണ്ടു കപ്പൽ നിറച്ച കുരുമുളകു ഗാമായ്ക്കു ലഭിച്ചുവെന്നും അയാളുടെ അനുയായി ആയിരുന്ന ഒരു ചരിത്രകാരൻ

പറയുന്നു. പോർട്ടുഗീസുകാരുടെ കാലത്ത് അവിടെ ക്രിസ്ത്യാനികളുടെ സംഖ്യയും ശക്തിയും പൂർവ്വാധികം വർദ്ധിക്കുകയും അവർ അനേകം ദേവാലയങ്ങളും വിദ്യാലയങ്ങളും സ്ഥാപിക്കുകയും ചെയ്തു. ഭാരതത്തിലെ രണ്ടാമത്തെ അപ്പോസ്തലനായ സെയിൻറു ഫ്രാൻസിസ്സ് സേവിയർ കൊല്ലംപട്ടണത്തെ പലപ്രാവശ്യവും തൻെറ പരിപാവനമായ പാദസ്പർശത്താൽ അനുഗ്രഹിക്കുകയും തൻെറ പ്രസിദ്ധങ്ങളായ അത്ഭുതങ്ങളിലൊന്നു-മരിച്ചുപോയ ഒരുവൻെറ ശവക്കുഴിയിൽനിന്നുള്ള പുനരുത്ഥാപനം-അവിടെ വച്ചു പ്രവർത്തിക്കുകയും ചെയ്തു. അദ്ദേഹത്തിൻെറ ശിഷ്യനായ ഫാദർ ലാൻസിലോട്ടി, എസ്സ്. ജെ., വളരെക്കാലം അവിടെത്താമസിച്ചു ധർമ്മസേവനമനുഷ്ഠിച്ചു. മിഷൻരംഗങ്ങളിൽ വേദാദ്ധ്യാപനം ചെയ്യേണ്ട ഉപദേശിമാരെ പരിശീലിപ്പിക്കുന്നതിനായി അദ്ദേഹം അവിടെ നടത്തിവന്ന വിദ്യാലയം സുപ്രസിദ്ധമാണ്. 1558-മുതൽ 1838-വരെ ഇപ്പോഴം കോട്ടാർ, തിരുവനന്തപുരം, കൊല്ലം എന്നീ രൂപതകളായി വിഭജിക്കപ്പെട്ടിരിക്കുന്ന വൈദികസംസ്ഥാനം കൊച്ചീരൂപതയുടെ ഒരു വിഭാഗം മാത്രമായിരുന്നു. 1838-ൽ മാർപ്പാപ്പാ അതിനെ കൊച്ചീമെത്രാൻെറ അധികാരസീമയിൽനിന്നു വിടുത്തുകയും വരാപ്പുഴ വികാരി അപ്പസ്തോലിക്കായുടെ കീഴിലാക്കുകയുംചെയ്തു. 1845-ൽ മാർപ്പാപ്പാ അതിനെ സ്വതന്ത്രമായ ഒരു അപ്പസ്തോലിക്ക വികാരിയാത്തായി പരീക്ഷണാർത്ഥം രൂപവൽക്കരിച്ചു. 1853-ൽ ആ വ്യവസ്ഥാപനം സ്ഥിരീകരിക്കപ്പെട്ടു. 1886-ൽ കേരളത്തിൽ വരാപ്പുഴ മെത്രാപ്പോലിത്തായുടെ അധീശതയിൽ ഒരു ഹയറാർക്കി

സ്ഥാപിക്കപ്പെട്ടതോടുകൂടി കൊല്ലം, അതിനുള്ളിൽ, വീണ്ടും ഒരു രൂപതയുടെ പദവിയിലേക്ക് ഉയൎത്തപ്പെട്ടു.

1845-ൽ കൊല്ലം കൊച്ചീരൂപതയിൽനിന്നു വേർപെട്ട് ഒരു പ്രത്യേക വൈദികസംസ്ഥാനമായതുമുതൽ 1905-ൽ ബെൻസിഗർ മെത്രാൻ സിംഹാസനാരൂഢനായതുവരെയുള്ള അറുപതുസംവത്സരങ്ങൾക്കിടയിൽ ഏഴു മെത്രാന്മാർ അതിനെ ഭരിച്ചിട്ടുണ്ട്. അദ്ദേഹം 1900 മുതൽ അഞ്ചു കൊല്ലം ഫെർഡിനാൻഡ് ഓസ്സി മെത്രാന്റെ സഹായമെത്രാനും വൈക്കർ ജനറലുമായിരുന്നു. ഈ പ്രാരംഭം രൂപതയുടെ ആവശ്യങ്ങളെയും കുറവുകളെയും നേരിട്ടു ഗ്രഹിക്കുന്നതിനും അവയെ പരിഹരിക്കുന്നതിനുള്ള മാൎഗ്ഗങ്ങളെപ്പററി അവധാനപൂർവം വിചിന്തനം ചെയ്യുന്നതിനും അദ്ദേഹത്തിനു വേണ്ടുവോളം സൗകൎയ്യം നല്കി. വടക്കു പമ്പാനദിമുതൽ തെക്കു കന്യാകുമാരിവരെ 135 മൈൽ നീണ്ടു കിടന്ന കൊല്ലം രൂപതയിൽ, അദ്ദേഹം അതിന്റെ ഭരണഭാരം കൈയേററപ്പോൾ, ഒരു ലക്ഷത്തില്പരം കത്തോലിക്കരും മുപ്പത്തിയഞ്ചു വൈദികാസ്ഥാനങ്ങളായ ദേവാലയങ്ങളും 125 ഇതര ദേവാലയങ്ങളും, 18 യൂറോപ്യൻ വൈദികരും 33 ഏതദ്ദേശീയ വൈദികരുമുണ്ടായിരുന്നു. ഒരോ വൈദികനും അഞ്ചുമുതൽ ഇരുപതുവരെ ഇടവകകൾ ഭരിക്കേണ്ടിയിരുന്നു. വൈദികരുടെ എണ്ണത്തിലും ഗുണത്തിലുമുള്ള കുറവുനിമിത്തം ജനങ്ങളുടെ ആദ്ധ്യാത്മികസ്ഥിതി ഒട്ടും തൃപ്തികരമായിരുന്നില്ല. ദേവാലയങ്ങളും കുറവായിരുന്നുവെന്നുമാത്രമല്ല, ഉണ്ടായിരുന്നവതന്നെയും ചെറുതും വൃത്തിഹീനവുമായിരുന്നു. അന്നു നിലവിലിരുന്ന രൂപതാഭരണ

യന്ത്രം സുസംഘടിതമോ കാര്യക്ഷമമോ ആയിരുന്നില്ല. രൂപതയുടെ അതിർത്തിക്കുള്ളിലുണ്ടായിരുന്ന പതിനഞ്ചു ലക്ഷത്തിൽപരം കത്തോലിക്കരല്ലാത്ത ജനങ്ങളുടെ ഇടയിൽ ക്രിസ്തുധർമ്മം പ്രചരിപ്പിക്കുന്നതിനുള്ള ഏർപ്പാടുകൾ തീരെ അപര്യാപ്തങ്ങളായിരുന്നു. രൂപതയുടെ സാമ്പത്തികസ്ഥിതിയായിരുന്നു ഏററവും അനഭിലഷണീയമായിരുന്നത്. ഇത്ര ദരിദ്രവും അധഃസ്ഥിതവുമായിരുന്ന ഒരു രൂപത അന്ന് ഇൻഡ്യയിൽ വേറെ ഉണ്ടായിരുന്നോ എന്നതു സംശയമാണ്. അതിൻെറ ഈ ശോചനീയമായ സ്ഥിതി ഡലഗററ് അപ്പസ്തോലിക്കായിരുന്ന മോൺസിഞ്ഞോർ സലെസ്സി നല്ലവണ്ണം ഗ്രഹിച്ചിരുന്നതുകൊണ്ടായിരിക്കണം അതിൻെറ പ്രത്യുദ്ധാരണത്തിനു സർവഥാ യോഗ്യനും, ഒരു കുബേരകുടുംബത്തിലെ അംഗവും, യൂറോപ്പിലും അമേരിക്കയിലും വളരെ സ്വാധീനബലമുള്ള ഒരു കർമ്മകുശലനുമായ തൻെറ സെക്രട്ടറിയെ അതിൻെറ മെത്രാനായി നിയമിക്കുന്നതിന് അദ്ദേഹം മാർപ്പാപ്പായോടു ശുപാർശ ചെയ്തത്. ഒരു മെത്രാനാവുകയെന്നത് ഫാദർ അലോഷ്യസ് മരിയ ഒരിക്കലും ആഗ്രഹിച്ചിരുന്ന സംഗതിയല്ല. മെത്രാൻപദത്തിൻെറ മഹത്വവും ഔന്നത്യവും ആശ്രമഭിത്തികൾക്കുള്ളിൽ ഒരു നിശ്ശബ്ദ ജീവിതം നയിച്ചു കർക്കശങ്ങളായ തപശ്ചര്യകളനുഷ്ഠിച്ച് ഏററവും വിനീതമായ രീതിയിൽ ഈശ്വരസേവനവും ആത്മസാക്ഷാൽക്കാരവും നിർവഹിക്കുന്നതിനു കൃതനിശ്ചയനായിരുന്ന ശാലീനപ്രകൃതിയായ അദ്ദേഹത്തിന് ഒട്ടും ഹൃദ്യമായിരുന്നില്ല. അതിൽനിന്ന് ഒഴിഞ്ഞുമാറുന്നതിന് അദ്ദേഹം വളരെ ശ്രമിച്ചു; 'ആ പാനപാ

ത്രം തന്നിൽനിന്നു മാററണമെ'യെന്ന് അദ്ദേഹം ദൈവത്തോടും അധികാരസ്ഥാനത്തോടും വീണ്ടും വീണ്ടും പ്രാൎത്ഥിച്ചു. പക്ഷെ, നിയതിയുടെ നിയോഗവും മാപ്പാപ്പായുടെ ആജ്ഞയും ഒന്നുപോലെ അനിരോധ്യമാണല്ലോ. ഒടുവിൽ അദ്ദേഹം ഇശ്വരഹിതത്തിനു വശീഭവിച്ച് ആ മഹോദ്യോഗം സ്വീകരിച്ചതു കൊല്ലം രൂപതയ്ക്കു് അനന്യസുലഭമായ ഒരു മഹാഭാഗ്യം തന്നെയായിരുന്നു.

---

## അദ്ധ്യായം ൩

### ഭരണപരിഷ്ക്കാരം

മോൺസിഞ്ഞോർ ഫെർഡിനാൻഡ് ഓസ്സിയുടെ നിൎയ്യാണത്തോടുകൂടി കൊല്ലം രൂപതയുടെ മെത്രാനായി സിംഹാസനാരോഹണം ചെയ്ത ഉടൻ തന്നെ ഡാക്ടർ ബെൻസിഗർ അതിൻെറ പ്രത്യുദ്ധാരണത്തിനായി താൻ കഴിഞ്ഞ നാലഞ്ചു കൊല്ലമായിക്കരുതിവച്ചിരുന്ന പരിഷ്ക്കാരപദ്ധതികളെ നടപ്പിൽ വരുത്തുന്നതിനു ബദ്ധപരികരനായി. മെത്രാൻപദം സ്വീകരിക്കുന്നതിലും തത്സംബന്ധമായ കൃത്യങ്ങൾ നിർവഹിക്കുന്നതിലും തന്നെ പ്രചോദിപ്പിച്ച ആ ലോകോത്തരമായ ആദൎശത്തെ സിംഹാസനാരോഹണദിവസം. അദ്ദേഹം പുറപ്പെടുവിച്ച ഇടയലേഖനത്തിൽ ഇങ്ങനെ സമഞ്ജസമായി പ്രകാശിപ്പിച്ചിരിക്കുന്നു: "ഞാൻ നിങ്ങളുടെ അടുക്കൽ വരുന്നതിനിടയാക്കിയ ഈശ്വരഹിതംതന്നെയായിരിക്കും നിങ്ങ

ളുടെ ഇടയിലുള്ള എൻെറ ജീവിതത്തെ നിയമിക്കുന്നത്. എന്നെ ഇവിടത്തേക്കു പ്രേഷണം ചെയ്ത ഭഗവാൻെറ സ്വരം ആദ്യമായി കേട്ട ദിവസംമുതൽ ഇതിനെ ഞാൻ പുരസ്കരിച്ചിട്ടുണ്ട്. ഇതിനെ ഞാൻ മെത്രാനായി അഭിഷേകം ചെയ്യപ്പെട്ട ദിവസം സ്വയം വരിക്കുകയും ഈശ്വരനോടു പ്രതിശ്രുവം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതിനെ ഇന്നു ഞാൻ വീണ്ടും ഗാഢതരമായി അവലംബിക്കുകയും, എൻെറ ഏററവും പ്രിയപ്പെട്ട സഹോദരരും മക്കളുമായ നിങ്ങളോട്, നിതാന്തവിശുദ്ധമായ കുർബാനയിൽ സന്നിഹിതനായിരിക്കുന്ന സദാതനാജപാലനായ യേശുക്രിസ്തുവിൻെറ സന്നിധിയിൽവച്ച്, നിർവ്യാജം പ്രതിജ്ഞചെയ്യുകയും ചെയ്തുകൊള്ളുന്നു. ഈശ്വരഹിതത്തെ അനുവത്തിക്കുന്നതിനായി ഞാൻ വന്നിരിക്കുന്നു. ദൈവത്തിൻെറ ആട്ടിൻപററത്തെ ഞാൻ തീററുകയെന്നതു്, വാക്കുകൊണ്ടും ദൃഷ്ടാന്തംകൊണ്ടും പ്രാത്ഥനയുടെ ഫലംകൊണ്ടും തീററുകയെന്നതു്, അദ്ദേഹത്തിൻെറ അഭിമതമത്രെ.'' ഈ ആദർശത്തെയും പ്രതിജ്ഞയെയും അദ്ദേഹം അക്ഷരംപ്രതി അനുസരിക്കുകയും നിറവേററുകയും ചെയ്തുവെന്നുള്ളതിന് അദ്ദേഹത്തിൻെറ ഇരുപത്തിയഞ്ചു കൊല്ലത്തെ വിജയപൂണ്ണമായ ഭരണവും അതുമൂലമുണ്ടായ രൂപതയുടെ സവ്വതോമുഖമായ അഭിവൃദ്ധിയും സാക്ഷ്യം വഹിക്കുന്നു.

ബെൻസിഗർ മെത്രാൻെറ ശ്രദ്ധ ആദ്യമായിപ്പതിഞ്ഞതു രൂപതയുടെ ഭരണയന്ത്രം പുനഃസംഘടിപ്പിച്ച് അതിൻെറ കാര്യക്ഷമതയെ വദ്ധിപ്പിക്കുന്ന കാര്യത്തിലായിരുന്നു. സിംഹാസനാരോഹണദിവസംതന്നെ അദ്ദേഹം

തൻെറ ഉപദേശകസമിതിയെ രൂപവൽക്കരിക്കുകയും അതിൻെറ പ്രഥമയോഗം നടത്തുകയും ചെയ്തു. ആ യോഗത്തിൻെറ തീരുമാനങ്ങളിൽ ഏററവും കൂടുതൽ പ്രാധാന്യത്തെ അർഹിച്ചതു മെത്രാസന അരമന തൃശ്ശൂത്തുനിന്ന് ഓലിക്കരയ്ക്കു മാററുന്നതിനെസ്സംബന്ധിച്ചതായിരുന്നു. അതുവരെ മെത്രാൻെറ താമസം തൃശ്ശൂത്തു സെയിൻറു തെരെസാസ്സ് സെമിനരിയിലായിരുന്നു. വിപുലമായ ഒരു രൂപതയുടെ ഭരണകേന്ദ്രം സ്ഥിതിചെയ്യുന്നതിനും മെത്രാൻ താമസിക്കുന്നതിനും പ്രത്യേകമായ ഒരു മന്ദിരമുണ്ടായിരിക്കുന്നതിൻെറ ഔചിത്യവും ആവശ്യകതയും സ്പഷ്ടമാണല്ലോ. ഓലിക്കരയിൽ മുമ്പു പോർട്ടുഗീസു വൈദികാധികാരിയുടെ വസതിയായിരുന്ന കെട്ടിടത്തെ ജീർണ്ണോദ്ധാരണം ചെയ്തു വലുതാക്കി മെത്രാൻെറ അരമന അചിരേണ അതിലേക്കു മാററപ്പെട്ടു. അതു പ്രൗഢി കുറഞ്ഞതും, അനാഡംബരവും, നാട്ടിൻപുറങ്ങളിൽനിന്നു ചെല്ലുന്ന ജനങ്ങൾക്കു പട്ടണത്തിൻെറ പടിഞ്ഞാറെയററത്തുള്ള അതിൻെറ സ്ഥാനം വളരെ അസൗകര്യപ്രദവുമാണെങ്കിലും, തൽക്കാലം ഒരു മെത്രാൻെറ വസതിക്കും കോടതിക്കും ആവശ്യമുണ്ടായിരിക്കേണ്ട സുഖസൗകര്യങ്ങൾ ഏറെക്കുറെ അതിനുണ്ട്. അതിൻെറ പുരോഭാഗത്തെ അലംകരിക്കുന്നതും പരിസരങ്ങളെ പുഞ്ചിരിപ്പൂനിലാവിനാൽ പ്രകാശിപ്പിക്കുന്നതുമായ ഉണ്ണിയേശുവിനെ വഹിച്ചിരിക്കുന്ന ദേവമാതാവിൻെറ ഏഴടിപ്പൊക്കത്തിലുള്ള സുമനോഹരമായ പ്രതിമ അതിനു പ്രൗഢിയിലും ആഡംബരത്തിലുമുള്ള സകല കുറവുകളെയും പരിഹരിക്കുന്നു.

1905 സെപ്ററംബർ 14-ാനു- ഡോക്ടർ ബെൻ

സിഗർ സംഘടിപ്പിച്ച ആ ഉപദേശകസമിതിയിൽ നാലു യൂറോപ്യന്മാരും—വെരി റെവ. ഫാദേഴ്സ് എലിയാസ്സ് ഓ. സി. ഡി., പൊലിക്കാപ്പു ഓ. സി. ഡി., പസ്ക്വേഷിയസ്സ് ഓ. സി. ഡി., ഉബാൾഡ് ഓ. സി. ഡി.-രണ്ടു് ഏതദ്ദേശീയരും – വെരി റെവ ഫാദേഴ്സ് ജോൺ ഗൊൺസാൾവെസ്സ്, ഡേവിഡ് ഫെർണാൻഡസ്സ്—ഉൾപ്പെടെ ആറു് അംഗങ്ങളുണ്ടായിരുന്നു. 1920-ൽ ഏതദ്ദേശീയരായ അംഗങ്ങളുടെ സംഖ്യ മൂന്നായി വൎദ്ധിപ്പിക്കപ്പെട്ടു. ഈ സമിതിയുടെ സാധാരണ യോഗങ്ങൾ മൂന്നു മാസത്തിലൊരിക്കൽ മെത്രാന്റെ അരമനയിൽവച്ചു നടത്തപ്പെടുന്നു. കേന്ദ്രഭരണസമിതി പുനഃസംഘടിപ്പിക്കപ്പെട്ടതോടുകൂടിത്തന്നെ ഇടവകകളുടെ ഭരണക്രമത്തിനും പുതുതായൊരു സംഘടനയും വ്യവസ്ഥിതിയും നല്കപ്പെട്ടു. 1905-ൽ രൂപതയുടെ ഭരണപരമായി രണ്ടു വിഭാഗങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളു: കൊല്ലം കേന്ദ്രമായുള്ള ഉത്തരഭാഗം, കോട്ടാർ കേന്ദ്രമായുള്ള ദക്ഷിണഭാഗം. ഡോക്ടർ ബെൻസിഗർ രൂപതയെ എട്ടു ഭാഗങ്ങളായി വിഭജിക്കുകയും ഓരോ വിഭാഗത്തെയും ഒരു വൈക്കർഫൊറേന്റെ വിധേയമാക്കുകയും ചെയ്തു. 1905-ൽ ഒരു വൈദികന്റെകീഴ് അഞ്ചുമുതൽ ഇരുപതുവരെ പള്ളികളുണ്ടായിരുന്നുവെന്നു നാം കണ്ടുവല്ലോ. ഈ ദുരവസ്ഥ രൂപതയുടെ ആദ്ധ്യാത്മികമായ പുരോഗതിക്കു് ഏററവും ഹാനികരമായിരുന്നുവെന്നു പറയേണ്ടതില്ല. വൈദികരുടെ സംഖ്യ വൎദ്ധിപ്പിച്ചു് ഈ ശോചനീയമായ സ്ഥിതിയെ പരിഹരിക്കുകയെന്നതു തന്റെ സൎവ്വപ്രധാനകൃത്യമായി ബെൻസിഗർ മെത്രാൻ പരിഗണിച്ചു. അതിന്റെ

ഫലമായി അദ്ദേഹത്തിൻെറ ഭരണത്തിൻെറ ആരംഭത്തിലുണ്ടായിരുന്ന 35 വൈദികാധ്യുഷിതങ്ങളായ ദേവാലയങ്ങളുടെ സ്ഥാനത്തു് അദ്ദേഹം സ്ഥാനത്യാഗംചെയ്യപ്പോഠം അത്തരം പള്ളികഠം നൂററിയിരുപതോളമുണ്ടായിരുന്നു; യൂറോപ്യൻ വൈദികരുടെ സംഖ്യ പതിനെട്ടായിരുന്നതു് ഇരുപത്തിയെട്ടും, ഏതദ്ദേശീയവൈദികരുടേതു് മുപ്പത്തിമൂന്നായിരുന്നതു് നൂററിയിരുപതായും വദ്ധിച്ചു.

ഒരു രൂപതയുടെയും അതിലെ ധമ്മസ്ഥാപനങ്ങളുടെയും ഭരണത്തിനും നിലനില്പിനും പുരോഗതിക്കും, സിവിൽഗവണ്മെൻറുകഠംക്കും ഇതരസ്ഥാപനങ്ങഠംക്കുമെന്നപോലെ, ധനം അത്യന്താപേക്ഷിതമാണല്ലോ. ബെൻസിഗർ മെത്രാൻ ഭരണം കൈയേററപ്പോഠം കൊല്ലം രൂപതയുടെ ധനസ്ഥിതി ഏററവും ശോചനീയമായിരുന്നുവെന്നു നാം കണ്ടുവല്ലോ. ഏതാനും കൊല്ലങ്ങഠംകൊണ്ടു് അദ്ദേഹം അതിനെ ഏററവും ദരിദ്രമായ ഒരവസ്ഥയിൽനിന്നു് ഇൻഡ്യയിലെ ഏററവും ധനപുഷ്ടിയുള്ള രൂപതകളിലൊന്നാക്കിത്തീത്തുവെന്നുള്ളതാണു് അദ്ദേഹത്തിൻെറ അനശ്വരമായ കീത്തിക്കും നമ്മുടെ അപാരമായ കൃതജ്ഞതയ്ക്കും നിദാനമായിട്ടുള്ളതു്. അനുദിനം അഭിവൃദ്ധിയെ പ്രാപിച്ചുകൊണ്ടിരിക്കുന്ന ഒരു വിപുലമായ രൂപതയുടെ ആവശ്യങ്ങഠം നിവ്വഹിക്കുന്നതിനു വേണ്ട ധനം ഭരണീയരുടെ സഹായസഹകരണങ്ങഠംകൂടാതെ ഭരണകത്താവു് ഏകനായി ശേഖരിക്കുകയെന്നതു ഭഗീരഥപ്രയത്നംകൊണ്ടുമാത്രം സാധ്യമായൊരു കാര്യമാണല്ലോ. തന്നെ ഭരമേല്പിക്കപ്പെട്ട അജഗണത്തിൻെറ സംരക്ഷണത്തിനു് അത്യാവശ്യമായിരുന്ന ആ പ്രയത്നത്തിൻെറ ഭാഗീരഥതാ

ത്തിൻെറ മുമ്പാകെ മഹോദ്യമനായ അദ്ദേഹം ഭയവിഹ്വലനായില്ല. തൻെറ രൂപതയുടെ ദാരിദ്ര്യത്തെപ്പരിഹരിക്കുന്നതിനായി അദ്ദേഹം നാലു പ്രാവശ്യം യൂറോപ്പിലും അമേരിക്കയിലും ഭിക്ഷാടനംചെയ്തു. 1902-ൽ അദ്ദേഹം ഒന്നാമത്തെ പ്രാവശ്യം യൂറോപ്പിലേക്കു കപ്പൽ കയറുന്നതിനായി ബോമ്പേയിലേക്കു പോകുന്ന വഴിക്കായിരുന്നു മാങ്ങാപ്പട്ടണത്തുവച്ചു തീവണ്ടിയപകടമുണ്ടായതു്: കൂലംകഷമായ ജലപ്രളയത്താൽ പ്രക്ഷുബ്ധമായിരുന്ന ഗോദാവരിയിലെ റെയിൽവേപ്പാലം തകൎന്നുപോവുകയും തീവണ്ടി അതിലുണ്ടായിരുന്ന അനേകശതം യാത്രക്കാരോടുകൂടി നദീമദ്ധ്യത്തിൽ നിപതിക്കുകയും ചെയ്തു. ആ അത്യാഹിതത്തിൽനിന്നു രക്ഷപ്പെട്ട ഏതാനും പേരിലൊരാളായിരുന്നു നമ്മുടെ കഥാനായകൻ. അദ്ദേഹത്തോടുകൂടി അനന്യശരണയായ കൊല്ലം രൂപതയുടെ ഭാഗധേയവും അഗാധമായ ഗോദാവരിയിൽ നിമഗ്നമായശേഷം പുനരുദ്ധരിക്കപ്പെട്ടു. രണ്ടാമത്തെയും മൂന്നാമത്തെയും നാലാമത്തെയും യാത്രകൾ യഥാക്രമം 1908-ലും, 1913-ലും, 1928-ലുമായിരുന്നു. ഈ യാത്രകളുടെ ഫലമായി വലുതായൊരു മൂലധനം രൂപതയ്ക്കുണ്ടാക്കുന്നതിന് അദ്ദേഹത്തിനു സാധിച്ചു. ഭിക്ഷയ്ക്കായി അദ്ദേഹം അഭിഗമിച്ച ധൎമ്മിഷ്ഠരിൽ പലരും അപ്പഴപ്പോൾ ഉദാരമായി സംഭാവന ചെയ്തതിനുപുറമെ പിന്നീടും ഗഡുക്കളായി ഗണ്യമായ സംഖ്യകൾ അയച്ചുകൊടുത്തിരുന്നു. സഹായം അഭ്യൎത്ഥിച്ചുകൊണ്ടു് അദ്ദേഹം യൂറോപ്പിലേക്കും അമേരിക്കയിലേക്കും നിരന്തരം അയച്ചുകൊണ്ടിരുന്ന എഴുത്തുകൾ മൂലവും അദ്ദേഹത്തിനു ധാരാളം പണം കിട്ടിയിരുന്നു. യൂറോപ്പിലും അമേരിക്കയിലും ഒന്നുപോലെ വിഖ്യാതമായ ഒരു ശ്രേഷ്ഠകുടുംബത്തിലെ അംഗമായിരുന്ന അദ്ദേഹത്തിനു തൻെറ ഗുണകാംക്ഷികളായ ബന്ധുക്കളിലും മിത്രങ്ങളിലുംനിന്നും അവർവഴിയായും സഹായധനം അഭ്യൎത്ഥിക്കു

കയും ലഭിക്കുകയും ചെയ്യുന്നതിനുള്ള സാദ്ധ്യത അപരിമിതമായിരുന്നുവെന്നു പറയേണ്ടതില്ല. ഈവിധം ശേഖരിക്കപ്പെട്ട ധനം സൂക്ഷിക്കുകയും വിനിയോഗിക്കുകയും ചെയ്യുന്നതിൽ ഒരു ധനകാര്യവിദഗ്ദ്ധൻെറ ചാതുര്യം അദ്ദേഹം പ്രദശിപ്പിച്ചു. അദ്ദേഹത്തിൻെറ ഖജാൻജിയായിരുന്ന വെരി റെവ. ഫാദർ അലെക്സാൻഡർ, ഒ. സി. ഡി യുടെയും സെക്രട്ടറിയായിരുന്ന വെരി റെവ. ഫാദർ ഫ്രാൻസിസ്സ് പെരെയിരയുടെയും നിപുണമായ സാഹായ്യം അക്കാര്യത്തിൽ അദ്ദേഹത്തിനു ലഭിച്ചിരുന്നു. ഒന്നും രണ്ടുമല്ല അറുപതുലക്ഷം രൂപാ അദ്ദേഹം കൊല്ലം രൂപതയ്ക്കു സമ്പാദിച്ചുകൊടുത്തിട്ടുണ്ടെന്നു കണക്കാക്കപ്പെടുന്നു. ധനസംബന്ധമായി ഇത്ര വലുതായൊരു ഉപകാരം ഇൻഡ്യയിലെ മററു യാതൊരു രൂപതയ്ക്കും അതിൻെറ മെത്രാനിൽനിന്ന് ഇതുവരെ ലഭിച്ചിരിക്കുകയില്ല എന്നു പറയുന്നതു് ഒരിക്കലും അതിശയോക്തിയാവുകയില്ല. പഴയ കൊല്ലം രൂപത ഇപ്പോൾ മൂന്നു രൂപതകളായിത്തീന്നിട്ടുണ്ടെങ്കിലും, അവയിൽ ഓരോന്നും സ്വന്തം കാലിൽ നില്ക്കത്തക്കവണ്ണം ധനശക്തിയും തൻേറടവും ഓരോന്നിനുമുള്ളതു് അവയുടെ പൊതുപിതാവായ ബെൻസിഗർ മെത്രാനിൽനിന്നു ദായമായി സിദ്ധിച്ച മുതലിൻെറ സമൃദ്ധിമൂലമാണു്.

ഡോക്ടർ ബെൻസിഗറിൻെറ കാലത്തു് കൊല്ലംരൂപതയ്ക്കുണ്ടായ അത്ഭുതപൂവ്വമായ അഭിവൃദ്ധിയുടെ വേറൊരു ഹേതു ഓരോ ഇടവകയുടെയും സ്ഥാപനത്തിൻെറയും ഭരണത്തെ പരിശോധിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതിൽ അദ്ദേഹം പ്രദശിപ്പിച്ച പ്രശംസനീയമായ താല്പയ്യവും ഉത്തരവാദിത്വബോധവുമായിരുന്നു. മാപ്പാപ്പായുടെ പ്രതിനിധിയെന്നനിലയിൽ ഒരു മെത്രാൻെറ പ്രധാനമായ കൃത്യം തൻെറ കീഴിലുള്ള വൈദികരും മററു ജനങ്ങളും ദൈവത്തിൻെറയും തിരുസഭയുടെയും നിയമ

ങ്ങളെ ശരിക്ക് അനുസരിക്കുന്നുണ്ടോയെന്നു പരിശോധി ക്കുകയെന്നതാണല്ലോ. അദ്ദേഹം ഈ കൃത്യം സാധിക്കു ന്നതു പ്രധാനമായി ഔദ്യോഗികമായ ഇടവക സന്ദർ ശനംമൂലമാണു്. ബെൻസിഗർ മെത്രാൻെറ കാലത്താണു് ഈ ഇടയസന്ദർശനങ്ങൾ ക്രമപ്രതയിൽ സർവ്വസാധാരണമാ യിത്തീർന്നതു്. അതിനുമുമ്പു് ഏതാദൃശസന്ദർശനങ്ങൾ മുറയ്ക്കു നടന്നിരുന്നില്ല. അദ്ദേഹം മൂന്നു വർഷത്തിലൊരി ക്കൽ ഇടവകകൾ സന്ദർശിക്കുകയെന്നതു് ഒരു നിയമമാ ക്കി. ഈ സന്ദർശനങ്ങൾ അദ്ദേഹം നിർവ്വഹിച്ചതു് യഥാ ർത്ഥമായി ഒരു ക്രൈസ്തവധർമ്മദൂതന്നു് ഉചിതമായ വിധ ത്തിലായിരുന്നു. അവയെസ്സംബന്ധിച്ചുള്ള അനാവശ്യ മായ ചെലവുകളെല്ലാം അദ്ദേഹം കുറച്ചു. ആഡംബര പൂർവ്വമായ എതിരേല്പോ വിഭവസമൃദ്ധമായ വിരുന്നോ പാടില്ലെന്നു് അദ്ദേഹം സനിഷ്ക്കർഷം ആജ്ഞാപിച്ചു. രണ്ടോ മൂന്നോ ദിവസങ്ങൾ അദ്ദേഹം ഒരു് ഇടവക സ ന്ദർശിക്കുന്നതിനായി വിനിയോഗിച്ചു. ഈ ദിവസങ്ങൾ ഏററവും കാര്യബഹുലങ്ങളായിരുന്നു അദ്ദേഹം പ്രതി ദിനം രണ്ടും മൂന്നും പ്രസംഗങ്ങൾ ചെയ്യുകയും, സ്ഥൈര്യ ലേപനാർത്ഥികളുടെ വേദോപദേശജ്ഞാനം നേരിട്ടു പരീ ക്ഷിക്കുകയും, ഏകനായി അനേകസഹസ്രം ജനങ്ങൾക്കു ദിവ്യകാരുണ്യം വിതരണം ചെയ്യുകയും, ഇടവക സംബ ന്ധിച്ച റിക്കാർഡുകൾ പരിശോധിക്കുകയും, ഇവയ്ക്കെല്ലാ മിടയ്ക്കു തന്നെക്കണ്ടു സംസാരിക്കാനാഗ്രഹിക്കുന്ന ഇടവ കക്കാരോടു സംഭാഷണം ചെയ്യുകയും ചെയ്തിരുന്നു. സു മധുരവും സുസ്പഷ്ടവുമായ സ്വരത്തിൽ അദ്ദേഹം ഇംഗ്ലീഷിൽ ചെയ്യുമായിരുന്ന പ്രസംഗങ്ങൾ ആ ഭാഷ അറിയാൻപാ ടില്ലാതിരുന്നവർക്കുപോലും മനോഹരമായ സംഗീതംപോ ലെ ഹൃദയാവർജ്ജകമായിരുന്നു. ദ്വിഭാഷിയായ വൈദി കൻ അവയെ അനുവാക്യം തർജ്ജിമ ചെയ്തിരുന്നതിനാൽ അവയുടെ അന്യാദൃശമായ അർത്ഥപുഷ്ടിയും അവക്കു് ആ

സ്വദനീയമായിബ്ഭവിച്ചിരുന്നു. ഈ സന്ദർശനങ്ങൾക്കും പുറമെ പരിശോധനകൃത്യത്തിൽ അദ്ദേഹത്തെ സഹായിക്കുന്നതിനായി അനേകം ഫൊറേനാവികാരിമാരുണ്ടായിരുന്നു. രൂപതയെ എട്ടു ഭാഗങ്ങളായി വിഭജിച്ചു് അവയുടെ മേൽനോട്ടം വഹിക്കുന്നതിന്നു് എട്ടു ഫൊറേനാ വികാരിമാരെ അദ്ദേഹം നിയമിച്ചുവെന്നു നാം കണ്ടുവല്ലോ. ഇവർ മെത്രാന്റെ 'നേത്രങ്ങളും ശ്രോത്രങ്ങളു'മാകുന്നു. ഇവർ തങ്ങളുടെ കീഴുള്ള ഇടവകവികാരിമാരുടെ ഭരണത്തെയും നടവടികളെയും സൂക്ഷിച്ചുകൊണ്ടിരിക്കുകയും ഇടവകകൾ സന്ദർശിക്കുകയും ആണ്ടിലൊരിക്കൽ മെത്രാനു റിപ്പോർട്ടു സമർപ്പിക്കുകയും ചെയ്യുന്നു. എഴുത്തുകുത്തുകൾ വഴിയായും അദ്ദേഹം ഇടവകവികാരിമാരോടും സ്ഥാപനങ്ങളുടെ മാനേജരന്മാരോടുമുള്ള ബന്ധത്തെ ദൃഢീകരിച്ചിരുന്നു. ഭരണീയരുടെ നന്മയ്ക്കും ആവശ്യമുള്ള ഏററവും നിസ്സാരമായ കാര്യംപോലും അദ്ദേഹത്തിന്റെ ശ്രദ്ധയെ അർഹിച്ചിരുന്നു. തന്റെ രൂപതയുടെ സ്ഥിതി സുസൂക്ഷ്മം ഗ്രഹിച്ചിട്ടു് അദ്ദേഹം അഴിമതികളെ നിരോധിക്കുന്നതിനും, ന്യൂനതകളെ പരിഹരിക്കുന്നതിനും, ക്രമക്കേടുകളെ തിരുത്തുന്നതിനും, സല്ക്കാര്യങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി ഒട്ടുവളരെ ഇടയലേഖനങ്ങളും സർക്കുലറുകളും എഴുതിയിട്ടുണ്ടു്. റൈററപ്പുറൈററർ ഉപയോഗിക്കാതെ സ്വന്തം കൈപ്പടയിൽ ഒന്നാന്തരം മഷിയിൽ അച്ചടിയേയും ജയിക്കുമാറു സ്ഫുടമായും സുന്ദരമായും ആയിരക്കണക്കിന്നു് അദ്ദേഹം എഴുതിയിട്ടുള്ള ലേഖനങ്ങൾ അദ്ദേഹത്തിന്റെ നിസ്തുലമായ നിസ്തന്ദ്രതയ്ക്കും ശ്രമക്ഷമതയ്ക്കും പ്രത്യക്ഷമായ തെളിവുകളാണു്. ഓരോ ഇടവകപ്പള്ളിയിലും സൂക്ഷിക്കപ്പെട്ടിട്ടുള്ള ലെററർ ഫൈൽ പരിശോധിക്കുന്നവർക്കു് അദ്ദേഹം രൂപതയുടെ 'വിശാലതരങ്ങളായ താല്പര്യങ്ങളി'ലെന്നപോലെ ഏററവും ചെറിയ ഇടവകയിലെയും അല്പിഷ്ഠങ്ങളായ കാര്യങ്ങ

ളിലും ദത്താവധാനനായിരുന്നുവെന്നു ഗ്രഹിക്കാൻ കഴിയും. 'പര്യവേക്ഷകൻ' എന്നർത്ഥമുള്ള 'ബിഷപ്പ്' (Bishop) എന്ന ശബ്ദത്തെ അന്വത്ഥമാക്കുമാറു ബിഷപ്പ് ബെൻസിഗർ രൂപതയുടെ സകല വശങ്ങളെയും തന്റെ ജാഗ്രൂകമായ പര്യവേക്ഷണത്തിനു പാത്രീഭവിപ്പിച്ചു. 'അന്ധനായ ബിഷപ്പ്' (Blind Bishop) എന്ന് ആംഗ്ലേയമഹാകവിയായ മിൽട്ടൺ ചമല്ക്കാരപൂർവ്വം ചെയ്തിരിക്കുന്ന പരസ്പരവിരുദ്ധങ്ങളായ ശബ്ദങ്ങളുടെ പ്രയോഗം നമ്മുടെ ചരിത്രനായകന് ഒരിക്കലും ചേരുകയില്ല. അദ്ദേഹത്തിന്റെ സൂക്ഷ്മദർശിത്വത്തിന്റെയും ജാഗരൂകതയുടെയും നിശ്ചയദാർഢ്യത്തിന്റെയും മുദ്ര രൂപതാഭരണത്തിന്റെ സകല ശാഖകളിലും അപ്രമാർജ്ജ്യമായിപ്പതിഞ്ഞിട്ടുണ്ട്.

---

## അദ്ധ്യായം ൪.

### രൂപതയുടെ ആദ്ധ്യാത്മികപുരോഗതി.

ജനങ്ങളുടെ വിശ്വാസത്തെ സംരക്ഷിക്കുകയും ദൃഢീകരിക്കുകയും, ഭക്തിയെ പോഷിപ്പിക്കുകയും സന്മാർഗ്ഗബോധത്തെ ഉത്തേജിപ്പിക്കുകയും ചെയ്യുന്നതിൽ ബെൻസിഗർ മെത്രാൻ എപ്പോഴും ദത്തശ്രദ്ധനായിരുന്നു. അതു തന്റെ പ്രാഥമികകൃത്യമാണെന്നു നല്ലവണ്ണം ധരിച്ചിരുന്ന അദ്ദേഹം ആ കൃത്യം നിർവ്വഹിക്കുന്ന സംഗതിയിൽ ഒട്ടും ഉദാസീനനായിരുന്നില്ല. ഇതരമതസ്ഥരുടെ മതസംബന്ധമായ കർമ്മങ്ങളിൽ പങ്കുകൊള്ളുകയെന്നതു കത്തോലിക്കർക്കു നിഷിദ്ധമാണെന്നു തിരുസഭ പൊതുവെ വിധിച്ചിട്ടുണ്ട്. ആദ്ധ്യാത്മികമായി ആരോഗ്യകരമായ ഈ നിയമം തന്റെ ജനങ്ങൾ വികല്പംകൂടാതെ അനുസരിക്കണമെന്ന് അദ്ദേഹം നിഷ്ക്കർഷിച്ചു. ഇതു സംബന്ധിച്ചു സ്പഷ്ടമായ നിർദ്ദേശങ്ങളടങ്ങിയ ഒരു ദീർഘമായ

ഇടയലേഖനം 1916-ൽ അദ്ദേഹം പ്രസിദ്ധപ്പെടുത്തി. കത്തോലിക്കവിശ്വാസത്തിനും സന്മാൎഗ്ഗത്തിനും വിരുദ്ധമായ പുസ്തകങ്ങളേയും പത്രമാസികകളേയും പ്രസിദ്ധപ്പെടുത്തുകയോ പാരായണം ചെയ്യുകയോ ചെയ്യുന്നതിലുള്ള ആപല്ക്കരതയെ ചൂണ്ടിക്കാണിച്ചും അതിനെ നിരോധിച്ചുംകൊണ്ട് ഏതാദൃശങ്ങളായ പല ലേഖനങ്ങളും അദ്ദേഹം പുറപ്പെടുവിച്ചിട്ടുണ്ട്. അതുപോലെ കത്തോലിക്കരായ രക്ഷാകൎത്താക്കന്മാർ തങ്ങളുടെ കുട്ടികളെ അകത്തോലിക്ക വിദ്യാലയങ്ങളിലയച്ചു പഠിപ്പിക്കുന്നതിനെയും അദ്ദേഹം നിൎദ്ദാക്ഷിണ്യം വിരോധിച്ചു. വിശ്വാസസംരക്ഷണത്തിന് അദ്ദേഹംചെയ്ത ഏൎപ്പാടുകളിൽ ഏററവും ഫലപ്രദമായതു ജനങ്ങൾക്കു കൂദാശകൾ സ്വീകരിക്കുന്നതിനും ദിവ്യപൂജയിൽ പങ്കുകൊള്ളുന്നതിനും സൗകൎയ്യങ്ങൾ വൎദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ചതായിരുന്നു. കൂദാശകൾ സ്വീകരിക്കുകയും ദിവ്യപൂജയിൽ സംബന്ധിക്കുകയും ചെയ്യുന്നതുപോലെ വിശ്വാസത്തിന്റെ ദൃഢീകരണത്തിനും ആദ്ധ്യാത്മികജീവിതത്തിന്റെ പോഷണത്തിനും ഉപകരിക്കുന്നതായി മററു യാതൊന്നുമില്ലല്ലോ. ഇക്കാൎയ്യത്തിൽ ഏററവും ഗണ്യമായൊരു പ്രതിബന്ധം വൈദികരുടെയും ദേവാലയങ്ങളുടെയും വിരളതയായിരുന്നു. വിശേഷിച്ചു രൂപതയുടെ ദക്ഷിണാൎദ്ധത്തിൽ, ബെൻസിഗർ മെത്രാൻ ഭരണം ആരംഭിച്ചപ്പോൾ, ദേവാലയങ്ങൾ ശോചനീയമാംവണ്ണം കുറവായിരുന്നു. 1906 ആഗസ്റ്റ് 15-ാനു-, തന്റെ ഇദംപ്രഥമമായ ഔദ്യോഗികസന്ദൎശനത്തിനുശേഷം, പ്രസിദ്ധപ്പെടുത്തിയ ദീൎഘമായ ഇടയലേഖനത്തിൽ ജനങ്ങൾക്ക് ഈശ്വരാരാധനത്തിനു സൗകൎയ്യമായി സമ്മേളിക്കത്തക്കവണ്ണം വിശാലങ്ങളായ ദേവാലയങ്ങളുടെ അഭാവത്തെപ്പററി അദ്ദേഹം പരിതപിക്കുന്നു. ആ ന്യൂനതയെപ്പരിഹരിക്കുന്നതിനായി കത്തോലിക്കരുടെ ബാഹുല്യമുള്ള പല സ്ഥലങ്ങളിലായി പന്ത്രു

ണ്ടു വലിയ ദേവാലയങ്ങൾ നിർമ്മിക്കുന്നതിന് അദ്ദേഹം തീരുമാനിച്ചു. അതനുസരിച്ച്, അചിരേണ, അദ്ദേഹത്തിൻെറ സ്വന്തം ചിലവിൽ, നെയ്യാററിങ്കര, തിരിതപുരം, മുല്ലങ്ങാവിള, പുത്തൻകട, രാമനാഥചെമ്പുത്തൂർ, രാജാവൂർ, പള്ളിയാടി, മുളകുമൂട്ട്, മണലിക്കര, പുതുക്കട, മാങ്കുഴി, കാമക്കോട്ട് എന്നീ സ്ഥലങ്ങളിൽ വിശാലങ്ങളും ബലവത്തുകളുമായ ദേവാലയങ്ങൾ നിർമ്മിക്കപ്പെട്ടു. ഇതിനും പുറമേ, നിലവിലിരുന്ന പള്ളികളെ വലുതാക്കുന്നതിനും വലുപ്പം കൂടിയ പള്ളികൾ പുതുതായി പണികഴിപ്പിക്കുന്നതിനുമായി അനേകം ഇടവകകളെ അദ്ദേഹം പണം കടമായും സംഭാവനയായും കൊടുത്ത് ഉദാരമായി സഹായിച്ചിട്ടുണ്ട്. പാറൂക്കരെ, കായംകുളം, അരനല്ലൂർ, പേട്ട, ശാസ്താംകോട്ട, മാത്രവിള, കുരിശടി ഇത്യാദി ഏതാദൃശങ്ങളായ ഇടവകകളിലുൾപ്പെടുന്നു. ഇങ്ങനെ അദ്ദേഹം ഇരുപത്തിയഞ്ചു കൊല്ലങ്ങൾക്കിടയിൽ എൺപതോളം ദേവാലയങ്ങൾ നിർമ്മിക്കുകയും, നിർമ്മിക്കുകയോ ജീർണ്ണോദ്ധാരണം ചെയ്യുകയോ ചെയ്യുന്നതിനു സഹായിക്കുകയും ചെയ്തിട്ടുണ്ട്. പള്ളികളുടെ സംഖ്യയും വിശാലതയും സൗകര്യപ്രദമായി വർദ്ധിക്കുകയും മിക്കവാറും അവയിലെല്ലാം വൈദികർ സ്ഥിരമായിത്താമസിക്കുകയും ചെയ്തതോടുകൂടി ഞായറാഴ്ചകളിലും മററു 'കടം' ഉള്ള ദിവസങ്ങളിലും അവ ജനനിബിഡമായിത്തീർന്നു; കൂദാശകൾ സ്വീകരിക്കുന്നതിലും ദിവ്യപൂജയിലും മററു വൈദികകർമ്മങ്ങളിലും സംബന്ധിക്കുന്നതിലും ജനങ്ങൾ കൂടുതൽ ഉത്സുകരായി. ദിവ്യകാരുണ്യസ്വീകരണത്തെ ബെൻസിഗർ മെത്രാൻ ആരംഭം മുതല്ക്കേ പ്രോത്സാഹിപ്പിച്ചുവന്നു. അതിൻെറ ഫലമായി അടിക്കടിയോ അനുദിനമോ ദിവ്യകാരുണ്യം സ്വീകരിക്കുന്നവരുടെ സംഖ്യ സത്വരം വർദ്ധിച്ചു; 1905-ൽ അവരുടെ എണ്ണം ഒരുലക്ഷത്തിഇരുപതിനായിരമായിരുന്നത് 1930-ൽ ഇരുപതുലക്ഷത്തോളമാ

യിപ്പെരുകി. അനുദിനദിവ്യകാരുണ്യപ്രസ്ഥാനത്തോടൊപ്പം ശിശുക്കൾ ദിവ്യകാരുണ്യം സ്വീകരിക്കുന്ന പതിവും പ്രോത്സാഹിപ്പിക്കപ്പെട്ടു. കുട്ടികൾക്കു ബാല്യദശ കടന്ന ശേഷംമാത്രം ദിവ്യകാരുണ്യം പ്രദാനംചെയ്യപ്പെടുന്ന പാരംപര്യം പരിഷ്ക്കരിക്കപ്പെടുകയും, ഏഴും എട്ടും വയസ്സുള്ള ശിശുക്കൾ ആഘോഷപൂർവ്വം ദിവ്യകാരുണ്യം ഇദംപ്രഥമമായി സ്വീകരിക്കുന്ന ചടങ്ങു പല പള്ളികളിലെയും വാർഷികമഹങ്ങളിൽ സാധാരണമായിത്തീരുകയും ചെയ്തിട്ടുണ്ട്.

ക്രിസ്തീയമതബോധനം മാർപ്പാപ്പാ തുടങ്ങി സകല വൈദികാധികാരികളുടെയും അവധാനത്തെ ഇക്കാലത്തു സവിശേഷം ആകർഷിച്ചിട്ടുണ്ട്. നമ്മുടെ പരിശുദ്ധമായ മതത്തിന്റെ തത്ത്വങ്ങളെ ബുദ്ധിപൂർവ്വം പഠിക്കുന്നതു് അനുദിനം വർദ്ധിച്ചുവരുന്ന നിരീശ്വരത്വത്തെയും പാഷണ്ഡതയെയും നേരിടുന്നതിനും ജയിക്കുന്നതിനും നമുക്കു് അത്യാവശ്യമാണല്ലോ. ഈ സംഗതിയിലും ബെൻസിഗർ മെത്രാന്റെ ഭരണകാലത്തു കൊല്ലം രൂപത വളരെയധികം പുരോഗമിച്ചിട്ടുണ്ട്. 1905 ആഗസ്റ്റ് 15-ാനു- അദ്ദേഹം ഏകരൂപമായ ഒരു പദ്ധതിയനുസരിച്ചുള്ള ക്രിസ്തുമതതത്ത്വങ്ങളുടെ അദ്ധ്യാപനത്തെയും അദ്ധ്യയനത്തെയും സംബന്ധിക്കുന്ന നിയമങ്ങളും നിർദ്ദേശങ്ങളുമടങ്ങിയിരിക്കുന്ന ഒരു് ഇടയലേഖനം പ്രസിദ്ധപ്പെടുത്തി. അതിൽ അദ്ദേഹം ഒന്നാമതായി ആവശ്യപ്പെട്ടതു ഞായറാഴ്ചയും മററു 'കട'മുള്ള ദിവസങ്ങളിലും ദിവ്യപൂജസമയത്തു മതസംബന്ധമായ ഒരു പ്രസംഗം വൈദികർ ചെയ്യണമെന്നാണ്. സനിഷ്ക്കർഷമായ ആ കല്പനയുടെ ഫലമായി പ്രസ്തുത ദിവസങ്ങളിൽ പ്രസംഗങ്ങൾ സർവ്വസാധാരണമായിത്തീർന്നിട്ടുണ്ട്. വേദപണ്ഡിതന്മാരും വാഗ്മികളുമായ വൈദികരുടെ അടിക്കടിയുള്ള വിജ്ഞാനപ്രദങ്ങളായ ഈ പ്രസംഗങ്ങൾ പതിവായി പള്ളിയിൽ പോ

കുന്ന ആബാലവൃദ്ധം ജനങ്ങളുടെ മതബോധത്തെയും ആദ്ധ്യാത്മികജ്ഞാനത്തെയും ഗണ്യമായിപ്പോഷിപ്പിക്കുന്നുണ്ട്. രണ്ടാമതായി അദ്ദേഹം എല്ലാ ഞായറാഴ്ചകളിലും വൈകുന്നേരം കുട്ടികൾക്കായി ഒരു മണിക്കൂർ നേരവും വളൎന്നവൎക്കായി അര മണിക്കൂർ നേരവും വേദോപദേശക്ലാസ്സുകൾ നടത്തപ്പെടണമെന്നു വ്യവസ്ഥചെയ്തു. അതനുസരിച്ചു കുട്ടികൾക്കായുള്ള ക്ലാസ്സുകൾ മിക്കവാറും എല്ലാ പള്ളികളിലും നടക്കുന്നുണ്ട്; ചില പള്ളികളിൽ മാത്രമേ വളൎന്നവൎക്കായുള്ള ക്ലാസ്സുകൾ നിൎവ്വിഘ്നം നടക്കുന്നുള്ളു. വേദാദ്ധ്യാപനത്തിൽ വൈദികരെ സഹായിക്കുന്നതിനായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ള വേദോപദേശസൊഡാലിററികൾ എല്ലാ ഇടവകകളിലും സ്ഥാപിക്കപ്പെടണമെന്നു ബെൻസിഗർ മെത്രാൻ തൻെറ ഭരണത്തിൻെറ ആരംഭം മുതല്ക്കേ ആഗ്രഹിച്ചിരുന്നു. മുകളിൽ പ്രസ്താവിക്കപ്പെട്ട 1905 ആഗസ്റ്റ് 15-ാം-യിലെ ലേഖനത്തിൽ അദ്ദേഹം അക്കാൎയ്യത്തിലേക്കു വൈദികരുടെ സത്വരമായ ശ്രദ്ധയെ ക്ഷണിക്കുന്നു. രണ്ടു വൎഷം കഴിഞ്ഞു്, 1907-ൽ അദ്ദേഹം അതിനെപ്പററി വേറൊരു് ഇടയലേഖനം പ്രസിദ്ധപ്പെടുത്തി. 1911 ഏപ്രിൽ 11-ാം-യിലെ ഒരു് ഇടയലേഖനത്തിൽ അദ്ദേഹം വീണ്ടും ആ വിഷയത്തെ പുരസ്കരിച്ചു് ഇപ്രകാരം പ്രസ്താവിക്കുന്നു: "അവരവരുടെ ഇടവകകളിലുള്ള സകല കുട്ടികൾക്കും വേദോപദേശം സാദ്ധ്യമാക്കുന്ന കാൎയ്യത്തിൽ ഇടവകക്കാരുടെ സാഹായ്യവും സഹകരണവും ഇടവകവികാരിമാൎക്കു് എത്രത്തോളം ആവശ്യമാണെന്നു് അറിയുന്ന നമ്മുടെ പരിശുദ്ധപിതാവു് ഈ കല്പന പുറപ്പെടുവിച്ചിരിക്കുന്നു; ഈ രൂപതയിലെപ്പോലെ ഒരു വൈദികൻ അനേകം ഇടവകകളുടെ ഭരണഭാരം വഹിക്കുന്ന സ്ഥലങ്ങളിൽ അത്തരം സഹായസഹകരണങ്ങളുടെ ആവശ്യകത തീൎച്ചയായും സ്പഷ്ടതരമാണു്. വേദോപദേശസംഘങ്ങളിൽ അംഗങ്ങളാകാൻ

യോഗ്യതയുള്ളവർ ഇല്ലെന്ന ഒഴിവുകഴിവ് ആക്ഷേം പറ
യാവുന്നതല്ല; സെയിൻറ ഫ്രാൻസിസ്സ് സേവിയർ മററു
ള്ളവരെ വേദോപദേശം പഠിപ്പിക്കുന്നതിന്ന കുട്ടികളെ
പ്പോലും നിയോഗിച്ചുവെന്ന നാം ഓക്കണം.” ഇങ്ങനെ
അദ്ദേഹത്തിൻെറ അടിക്കടിയുള്ള പ്രചോദനത്തിൻെറ
യും പ്രോത്സാഹനത്തിൻെറയും ഫലമായി രൂപതയിലെ
ഭൂരിപക്ഷം ഇടവകകളിലും വേദാദ്ധ്യാപനത്തിൽ വൈ
ദികരെ ഉത്സാഹപൂൎവ്വം സഹായിക്കുന്ന വേദോപദേശ
സംഘങ്ങൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. പള്ളിപ്പള്ളിക്കൂട
ങ്ങളിലും മററു കത്തോലിക്കവിദ്യാലയങ്ങളിലും സാദ്ധ്യായ
ദിവസങ്ങളിൽ കത്തോലിക്കവിദ്യാൎത്ഥികൾക്കു വേദോപ
ദേശക്ലാസ്സുകൾ ക്രമമായി നടത്തപ്പെടുന്നു.

ജനങ്ങളുടെ ഭക്തി വൎദ്ധിപ്പിക്കുന്ന കാൎയ്യത്തിലും
ബെൻസിഗർ മെത്രാൻ തൽപരനായിരുന്നു. അടുത്തകാല
ത്തു ക്രൈസ്തവലോകമൊട്ടുക്കു യേശുവിൻെറ തിരുഹൃദയ
ത്തോടുള്ള ഭക്തിക്ക് അത്ഭുതപൂൎവ്വമായ പ്രചാരം സിദ്ധി
ച്ചിട്ടുണ്ട്._ റോമായിൽനിന്നു പുറപ്പെട്ട ഒരു വിജ്ഞാപ
നത്തെ ആസ്പദമാക്കി അദ്ദേഹം 1910 മേയ് 7-ാനു- ത
ൻെറ രൂപതയിലെ സകല പള്ളികളും തിരുഹൃദയപ്പെ
രുന്നാൾ ആഘോഷപൂൎവ്വം കൊണ്ടാടണമെന്ന് ഉപദേശി
ക്കുന്ന ഒരു ലേഖനം പ്രസിദ്ധപ്പെടുത്തി. അതനുസരിച്ച്
എല്ലാ ഇടവകകളിലും ആ പെരുനാൾ വിശുദ്ധ കുർബാ
നയുടെ ആരാധനയോടും ഘോഷയാത്രയോടും ഭക്തിപര
മായ മററു ചടങ്ങുകളോടുംകൂടി ആണ്ടുതോറും കൊണ്ടാട
പ്പെടുന്നു. ജൂൺമാസം സവിശേഷം തിരുഹൃദയഭക്തിയു
ടെ പരസ്യമായ പ്രകടനത്തിനായി പ്രതിഷ്ഠിക്കപ്പെട്ടിരി
ക്കുന്നു. എല്ലാ ഇംഗ്ലീഷുമാസങ്ങളിലെയും ആദ്യവെള്ളി
യാഴ്ചകളിലും തിരുഹൃദയഭക്തർ ദിവ്യപൂജയിൽ സംബ
ന്ധിക്കുകയും ദിവ്യകാരുണ്യം സ്വീകരിക്കുകയും ചെയ്യുന്നു.
ഈ ഭക്ത്യനുഷ്ഠാനത്തിൻെറ ഏററവും അഭിനവമായ വി

കാസം തിരുഹൃദയചിത്രം കത്തോലിക്കഭവനങ്ങളിൽ ഏററവും പൂജനീയമാംവണ്ണം പ്രതിഷ്ഠിക്കപ്പെട്ടന്നതിലത്രെ പ്രത്യക്ഷമായിരിക്കുന്നതു്. അതിനെസ്സംബന്ധിച്ചു ബെൻസിഗർ മെത്രാൻ 1917 ജൂൺ 4-ാനു- ഇപ്രകാരം എഴുതുന്നു: "ഓരോ ഭവനത്തിലും സ്നേഹംനിറഞ്ഞ ആ ഹൃദയത്തിൻെറ ചിത്രം പ്രതിഷ്ഠിക്കുന്നതിനായി പ്രയത്നിക്കണമേയെന്നു, വന്ദ്യപിതാക്കന്മാരെ, നിങ്ങളോട്ടു ഞാൻ അഭ്യത്ഥിക്കുന്നു. ഭവനം എത്ര ദരിദ്രമായിരുന്നാലും, സ്നേഹപൂൎണ്ണമായ ആ ഹൃദയം സ്വചിത്രം അതിൽ പ്രതിഷ്ഠിക്കപ്പെട്ടന്നതിലും, മാതാപിതാക്കന്മാരും കുഞ്ഞുങ്ങളും കാലത്തും വയിട്ടും അതിൻെറ മുമ്പാകെ ആത്മസമപ്പ്ണംചെയ്യുന്നതു്, വിശേഷിച്ചു, ചിത്രം പ്രതിഷ്ഠിക്കപ്പെട്ടന്ന ദിവസത്തിലും പ്രതിഷ്ഠയുടെ വാഷികദിനത്തിലും, കാണുന്നതിലും ആനന്ദിക്കും." ഈ അനുഷ്ഠാനം ഇപ്പോഴും പുരോഗമിച്ചുകൊണ്ടിരിക്കുന്നു; കത്തോലിക്കരുടെ ഭവനങ്ങളുടെ പുരോഭാഗത്തെയോ അവയിലെ പ്രാത്ഥനമുറിയേയോ തിരുഹൃദയചിത്രം അലങ്കരിക്കുന്നതും അതിൻെറ മുമ്പാകെ അഹോരാത്രം ഒരു കെടാവിളക്കു് എരിഞ്ഞുകൊണ്ടിരിക്കുന്നതും ഇപ്പോൾ മിക്കവാറും സാവ്വത്രികമായ ഒരു കാഴ്ചയാണു്.

ദേവമാതാവിനോട്ടുള്ള ഭക്തിക്കു കേരളത്തിൽ ക്രിസ്തുമതത്തിനോളംതന്നെ പഴക്കമുണ്ടു്. അതിൻെറ പ്രകടനം വിവിധരൂപങ്ങളെ അവലംബിക്കുന്നു. മിക്കവാറും എല്ലാ പുരാതനങ്ങളായ പള്ളികളിലും ദേവമാതാവിൻെറ നാമത്തിലുള്ള കൊമ്പരീയസഭകൾ (സഹോദരസംഘങ്ങൾ) ഉണ്ടു്. ഈ സംഘങ്ങളുടെ നിയമങ്ങൾ ബെൻസിഗർ മെത്രാൻ മലയാളത്തിൽ തജ്ജിമചെയ്യിച്ചു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. കൊമ്പരിയസഭകളിൽ പലതും ഗണ്യമായ മൂലധനമുള്ളതാണു്. അവയുടെ ആഭിമുഖ്യത്തിലും ചെലവിലുമാണു് പള്ളികളിലെ പെരുനാളുക

ളിൽ അധികഭാഗവും ആഘോഷിക്കപ്പെടുന്നതു്. പല ഇടവകകളിലും അവ ആരംഭത്തിലെ ഉന്നതമായ ആദർശത്തിൽനിന്നു് അനൎത്ഥകരമാംവണ്ണം അധഃപതിച്ചുപോയിട്ടുണ്ടെന്നും അവയുടെ ആമൂലാഗ്രമായ ശുദ്ധീകരണത്തിനും പരിഷ്ക്കരണത്തിനുമുള്ള കാലം അതിക്രമിച്ചിരിക്കുന്നുവെന്നും സവ്യസനം സമ്മതിക്കേണ്ടിയിരിക്കുന്നു. ജപമാലഭക്തി കേരളത്തിൽ ചിരപ്രതിഷ്ഠ ലഭിച്ചിട്ടുള്ള ഒന്നാണു്. എല്ലാ ദിവസവും വൈകുന്നേരത്തു കുടുംബാംഗങ്ങൾ ഒരുമിച്ചുചേൎന്നു ജപമാല ജപിക്കുന്നതു സാധാരണമാണു്. ഒക്ടോബർമാസം ഈ ഭക്ത്യനുഷ്ഠാനത്തിനു പ്രത്യേകമായി നിശ്ചയിക്കപ്പെട്ടിരിക്കുന്നു. അതിനെസ്സംബന്ധിച്ചു ബെൻസിഗർ മെത്രാൻ 1910-ലെ ദേവമാതാവിൻെറ ജനനത്തിരുനാളിൽ പ്രസിദ്ധപ്പെടുത്തിയ ഒരു് ഇടയലേഖനത്തിൽ ഇപ്രകാരം പ്രസ്താവിക്കുന്നു: "ഓരോകൊല്ലവും ഒക്ടോബർ ഒന്നാം തിയ്യതിമുതൽ നവംബർ രണ്ടാം തിയ്യതിവരെ ദിവസംപ്രതി നമ്മുടെ എല്ലാ പള്ളികളിലും (വൈദികർ താമസിക്കുന്ന പള്ളികളിലെങ്കിലും) നമ്മുടെ സ്ഥാപനങ്ങളിലെ കപ്പേളകളിലും ജപമാലയും ദേവമാതാവിൻെറ ലിററനിയും 'Ad te Beate Joseph' എന്ന പ്രാൎത്ഥനയും ദിവ്യപൂജസമയത്തോ സായാഹ്നത്തിലോ പരസ്യമായി ചൊല്ലപ്പെടണമെന്നു നാം കല്പിക്കുന്നു. സായാഹ്നത്തിലാണു് ഈ ഭക്തി അനുഷ്ഠിക്കപ്പെടുന്നതെങ്കിൽ, വിശുദ്ധ കർബാന പ്രദശിനിയിലോ വിശുദ്ധ പേടക (Pyx) ത്തിലോ വച്ചു പ്രദശിപ്പിക്കപ്പെടണം. ദേവമാതാവിനെ ഉദ്ദേശിച്ചുള്ള മറെറാരു ഭക്ത്യനുഷ്ഠാനം 'മേയ്മാസവണക്ക'മാണു്. മേയ്മാസത്തിൽ പള്ളികളും ഭവനങ്ങളും സൎവ്വത്ര സ്വൎഗ്ഗരാജ്ഞിയോടുള്ള ഭക്തിപാരവശ്യത്തിൻെറ പ്രകടനങ്ങളാൽ പരിപാവനമാക്കപ്പെടുന്നു. ഭക്താഗ്രണിയായ മെത്രാനിൽനിന്നു നിരന്തരം ലഭിച്ചുകൊണ്ടിരുന്ന പ്രചോദനവും പ്രോത്സാഹനവും ഈ മേ

യ്മാസമേരീഭക്തിയെ ഗണ്യമായി പോഷിപ്പിച്ചിട്ടുണ്ട്. മേരീഭക്തരുടെ സംഘങ്ങളിൽ ഏററവും പ്രധാനമായിട്ടുള്ളതു് സൊഡാലിററികളാണ്. ബെൻസിഗർ മെത്രാൻെറ കാലത്തു സൊഡാലിററികൾ മിക്കവാറും എല്ലാ പ്രധാന പള്ളികളിലും സന്യാസിനീമഠങ്ങളോട് അനുബന്ധിച്ചുള്ള വിദ്യാൎത്ഥിനീസദനങ്ങളിലും സ്ഥാപിക്കപ്പെട്ടു. ഭക്തന്മാരും സമൎത്ഥന്മാരുമായ ഡയറക്ടറന്മാരുടെ നിയന്ത്രത്വത്തിൽ അവ ധൎമ്മപരമായ പല സേവനങ്ങളും നിൎവ്വഹിക്കുകയും ഇടവകകളിലെ കത്തോലിക്കജീവിതത്തെ സംസ്കരിക്കുന്നതിനു പ്രയോജകീഭവിക്കുകയും ചെയ്യുന്നുണ്ട്.

---

## അദ്ധ്യായം ൭

### വിദ്യാഭ്യാസപ്രവൎത്തനം.

ബെൻസിഗർമെത്രാനു കൊല്ലംരൂപതയോടുള്ള ബന്ധമാരംഭിച്ചപ്പോൾ, അതിലെ ഏതദ്ദേശീയവൈദികരുടെ സ്ഥിതി വളരെ അതൃപ്തികരമായിരുന്നു. അവരുടെ സംഖ്യ ഏററവും പരിമിതമായിരുന്നുവെന്നു മാത്രമല്ല, അവൎക്കു സിദ്ധിച്ചിരുന്ന വൈദികവിദ്യാഭ്യാസവും പരിശീലനവും ഏററവും അപര്യാപ്തവുമായിരുന്നു. അവരുടെ വിദ്യാഭ്യാസത്തിനായി ഒരു സ്ഥാപനം-സെയിൻറ് തെരെസാസ് സെമിനരി-അന്നു കൊല്ലത്തു സ്ഥിതിചെയ്തിരുന്നു. പക്ഷെ, അതു ക്ഷയോന്മുഖമായിരുന്നു; അതിൻെറ നടത്തിപ്പിന് ആവശ്യമുള്ള മൂലധനമോ യോഗ്യരായ വൈദികസ്ഥാനാൎത്ഥികളുടെ സൌലഭ്യമോ ഉണ്ടായിരുന്നില്ല. ഏതദ്ദേശീയവൈദികരുടെ സംഖ്യയും യോഗ്യതയും വൎദ്ധിപ്പിച്ചു രൂപതയെ അചിരേണ സ്വയംഭരണത്തിനു സജ്ജീകരിക്കുന്നതിന് ഉൽസുകനായിരുന്ന

ബെൻസിഗർമെത്രാൻ പൗരോഹിത്യത്തിനുള്ള 'ദൈവ വിളിയെ' പോഷിപ്പിക്കുന്നതിനായി സെയിൻറു റാഫേത്സ് (കൊച്ചു) സെമിനരി സ്ഥാപിക്കുകയും തത്വശാസ്ത്ര വും വേദശാസ്ത്രവും പഠിപ്പിക്കുന്നതിനായുള്ള സെയിൻറു തെരെസാസ് (വലിയ) സെമിനരി മതിയായ മൂലധന ത്തോടുകൂടി പുനഃസംഘടിപ്പിക്കുകയും ചെയ്തു.

കൊല്ലത്തു തൻെറ പ്രവൎത്തനം തുടങ്ങിയശേഷം അദ്ദേഹം ഇദംപ്രഥമമായി സാധിച്ച മഹാകാൎയ്യം സെ യിൻറു റാഫേത്സ് സെമിനരിയുടെ സ്ഥാപനമായിരുന്നു. 1903 നവംബർ 23-ാനു- അതു തങ്കശ്ശേരിയിൽ വലിയ പുത്തൻപള്ളിയോടു ചേൎന്ന ഒരു കെട്ടിടത്തിൽ ആരംഭി ക്കപ്പെട്ടു. അതിനു സൗകൎയ്യപ്രദമായ ഒരു കെട്ടിടത്തി ൻെറ നിൎമ്മാണത്തിനും അതിൻെറ നിർവിഘ്നമായ നട ത്തിപ്പിനും ദാരിദ്ര്യപീഡിതമായ രൂപതയുടെ പൊതുവാ യ ആവശ്യത്തിനും ധനശേഖരം ചെയ്യുന്നതിനായി ഡോ ക്ടർ ബെൻസിഗർ അപ്പോൾ യൂറോപ്പിൽ ഭിക്ഷാടനം ചെയ്യുകയായിരുന്നു. അദ്ദേഹം മടങ്ങി വന്നശേഷം, 1903 ജൂൺ 27-ാനു-, കൊച്ചു സെമിനരിക്കായുള്ള കെ ട്ടിടത്തിൻെറ ശിലാസ്ഥാപനകൎമ്മം നിൎവ്വഹിക്കപ്പെട്ടു. അ ചിരേണ സെയിൻറ് അലോഷ്യസ് ഹൈസ്കൂളിൻെറ എതിർവശത്തു കാണപ്പെടുന്ന ഇരുനിലയിലുള്ള ആ കെ ട്ടിടത്തിൻെറ പണി പൂൎത്തിയാക്കപ്പെടുകയും, 1904 മാർച്ചു 17-ാനു- അതു് ആഘോഷപൂർവം 'വെഞ്ചരിക്ക' പ്പെടുകയും ചെയ്തു. ആ സന്ദൎഭത്തിൽ അവിടെ സമ്മേ ളിച്ച വൈദികരും അവൈദികരുമായ ജനങ്ങളോടു ബെൻസിഗർമെത്രാൻ ആ സ്ഥാപനത്തിൻെറ പ്രാധാ ന്യത്തെയും വൈദികവൃത്തിയുടെ മാഹാത്മ്യത്തെയും പുര സ്കരിച്ചു ഹൃദയംഗമമായ ഒരു പ്രസംഗംചെയ്തു. സെ യിൻറു റാഫേത്സ് സെമിനരി ഇപ്പോൾ നാല്പതു, നാല്പ ത്തിയഞ്ചു വിദ്യാൎത്ഥികൾക്കു സൗകൎയ്യമായിത്താമസിക്ക

ത്തക്കവണ്ണം, ഉറക്കത്തിനും ഊണിനും പഠിനത്തിനുംമ റവും പ്രത്യേകം ശാലകളോടുകൂടിയ, ഒരു മഹാസ്ഥാപന മാണ്. അതിൻെറ ഭരണധുരന്ധരനായി ഒരു ഡയറ ക്ടരും അദ്ദേഹത്തെ സഹായിക്കാൻ ഒരു പ്രീഫെക്ററുമു ണ്ടു്. അതിൻെറ ഒന്നാമത്തെ ഡയറക്ടർ അക്കാലത്തു കൊല്ലം രൂപതയിലെ ഏതദ്ദേശീയവൈദികരിൽ സർ വഥാ പ്രമുഖനും പ്രബലനുമായിരുന്ന വെരി റവ. ഫാദർ ജോൺ നെറേറാ ആയിരുന്നു. ആ മഹാരഥൻ ഒരു വ്യാ ഴവട്ടക്കാലം--1902 മുതൽ 1914 വരെ-ഏററവും നിപു ണമായി അതിൻെറ സാരഥ്യം വഹിച്ചു. സെയിൻറു റാഫേത്സ് സെമിനരി, സെയിൻറ് അലോഷ്യസ് ഇം ഗ്ലീഷ് ഹൈസ്കൂൾ എന്നീ രൂപതയിലെ ഏററവും പ്ര ധാനങ്ങളായ രണ്ടു സ്ഥാപനങ്ങളുടെ നിയന്താവു് എന്ന നിലയിൽ ഫാദർ നെറേറാ അദ്ധ്യാപകാദ്ധ്യേതാക്കളുടെ മാത്രമല്ല പൊതുജനങ്ങളുടെയും സ്നേഹാദരങ്ങളെ സമ്പാ ദിച്ചിരുന്നു. 1914--ൽ അദ്ദേഹം കോഴിത്തോട്ടം ഡിസ് ട്രിക്റ്റിൻെറ ഫൊറേനാവികാരിയായി നിയമിക്കപ്പെടുക യും, ഏതു രംഗത്തും അതുല്യം ശോഭിക്കാൻ കഴിയുമായിരു ന്ന തൻെറ കർമ്മകുശലമായ ധർമ്മസേവനം മൂന്നു കൊല്ലം കൂടി തുടൎന്നശേഷം 1917 ആഗസ്റ്റ് 8-ാനു- പരമഗതിയെ പ്രാപിക്കുകയും ചെയ്തു. അദ്ദേഹത്തിൻെറ അനന്തരനാ യ വെരി റവ. ഫാദർ ജോൺ റിബെയിരാ 1914 മുതൽ 1940 വരെ, ഒരു കാൽ ശതാബ്ദത്തിനുമേൽ, പ്രസ്തുത സെമിനരിയുടെ നിയന്തൃത്വം പ്രശംസ്യമാംവണ്ണം വഹി ച്ചു. അദ്ദേഹത്തിൻെറ ഈ സുദീർഘമായ ഭരണകാല ത്തു് അതു പൂൎണ്ണവൃദ്ധിയെ പ്രാപിച്ചു. ആണ്ടിലൊരിക്ക ലാണു വൈദികസ്ഥാനാൎത്ഥികളായ ബാലന്മാർ അതിൽ പ്രവേശിപ്പിക്കപ്പെടുന്നതു്. മുൻകൂട്ടിയുള്ള വിജ്ഞാപ നമനുസരിച്ചു് ഒരു നിശ്ചിതദിവസം ബഹു. വികാരിയ ച്ചന്മാർ യോഗ്യന്മാരായ ബാലന്മാരെ മെത്രാൻെറ മുൻ

പാകെ ആനയിക്കുന്നു. അവരിൽ ഏററവും യോഗ്യത യുള്ളവരെ അദ്ദേഹം നേരിട്ടു തിരഞ്ഞെടുക്കുന്നു. കൊച്ചു സെമിനരിയിലെ അവരുടെ ജീവിതകാലത്തു് അവർ സെയിൻറ് അലോഷ്യസ് സ്കൂളിൽ പഠിച്ചു് ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുകയും, വലിയ സെമിനരിയിൽ പ്രവേശിച്ചാലുടൻ തത്വശാസ്ത്രാദ്ധ്യയനം തുടങ്ങത്തക്ക വണ്ണം ലത്തീൻഭാഷ പഠിക്കുകയും ചെയ്യുന്നു. വൈദികാനുരൂപങ്ങളായ ഗുണങ്ങളും ശീലങ്ങളും അവരിൽ രൂപവല്ക്കരിച്ചു വികസിപ്പിക്കുന്നതിനു പര്യാപ്തങ്ങളായ സാഹചര്യങ്ങൾ അതിൽ സുലഭമാണു്. ഒരു വിദ്യാർത്ഥിക്കു് അതിൽ നിശ്ചയിച്ചിട്ടുള്ള ഏററവും കൂടിയ ഫീസ്— ബോർഡിംഗും സ്കൂളും ഫീസുൾപ്പെടെ—പ്രതിമാസം ഏഴു രൂപാ മാത്രമാണു്—മിഷത്തിൽനിന്നു വിദ്യാർത്ഥി ഒന്നുക്കു പ്രതിമാസം 14 രൂ. ചെലവുണ്ടെങ്കിലും—. പക്ഷെ, അവിടെ എപ്പോഴുമുണ്ടായിരിക്കുന്ന നാല്പതോളം വിദ്യാർത്ഥികളിൽ ഏഴു രൂപാ തികച്ചു ഫീസു കൊടുക്കുന്നവർ വളരെ കുറച്ചുപേർ മാത്രമായിരിക്കും; ബഹുഭൂരിപക്ഷവും പകുതിയോ അതിലും കുറച്ചോമാത്രം ഫീസു കൊടുക്കുന്നവരാണു്. ആ രീതിയിൽ എന്നും തുടൎന്നുപോകത്തക്ക വണ്ണം മൂലധനം ഡോക്ടർ ബെൻസിഗർ അതിനു കരുതിയിട്ടുണ്ടു്. ഇപ്പോൾ കൊല്ലം, തിരുവനന്തപുരം, കോട്ടാർ എന്നീ രൂപതകളിൽ ധർമ്മസേവനമനുഷ്ഠിക്കുന്ന വൈദികരിൽ ഏതാനും വൃദ്ധന്മാരെ ഒഴിച്ചുള്ളവരെല്ലാം ഈ സെമിനരിയുടെ ഉത്തമസന്താനങ്ങളാണെന്നുള്ള വസ്തുത ഓർക്കുമ്പോഴാണു് ഈ സ്ഥാപനംമൂലം ബെൻസിഗർ മെത്രാൻ നമുക്കു ചെയ്തിട്ടുള്ള ഉപകാരത്തിൻെറ മഹത്വം പ്രസ്പഷ്ടമാകുന്നതു്.

സെയിൻറു തെരെസാസ്സ് സെമിനരി തൊണ്ണൂറില്പരം വയസ്സു പ്രായമുള്ള ഒരു സ്ഥാപനമാണു്. കൊല്ലം വികാരി അപ്പസ്തോലിക്കായിരുന്ന ചാറത്സ് ഹിയാസി

ണ്ടു മെത്രാൻ ഏതദ്ദേശീയവൈദികരുടെ വിദ്യാഭ്യാസത്തി
നായി പത്തൊമ്പതാം നൂററാണ്ടിൻെറ മദ്ധ്യത്തിൽ മൂല
കുമൂട്ടിൽ സെയിൻറു ജോസഫ്സ് കോൺവെൻറ് എ
ന്ന പേരിൽ ഒരു സെമിനരി ആരംഭിച്ചു. അതു കർമ്മ
ലീത്താ മൂന്നാംസഭയുടെ നിയമങ്ങളനുസരിച്ചു സന്ന്യാസ
പരമായ ഒരാദർശത്തോടുകൂടി ആരംഭിക്കപ്പെട്ടതുകൊണ്ടാ
യിരുന്നു ആശ്രമമെന്നൎത്ഥമുള്ള കോൺവെൻറ് എന്ന
സംജ്ഞ അതിൻെറ പേരിൽ കാണപ്പെടുന്നതു്. അതി
ൻെറ ഒന്നാമത്തെ റെക്ടർ ഫാദർ അഗസ്റ്റിൻ എന്ന
ബെൽജിയൻകാരനായ ഒരു കർമ്മലീത്താ വൈദികനായി
രുന്നു. ഈ സെമിനരിയിൽ പഠിച്ചവരിൽ റെവ. ഫാദർ
ജോൺ ഗൊൺസാൽവെസ്സും റെവ. ഫാദർ മരിയാൻ
ഫെർണാൻഡസ്സും ഈ അടുത്തകാലംവരെ ജീവിച്ചിരു
ന്നു. 1865-ൽ മേരി എഫ്രേം മെത്രാൻെറ കാലത്തു് അതു
തങ്കശ്ശേരിയിലേക്കു മാററപ്പെട്ടു. കുറെക്കഴിഞ്ഞപ്പോൾ അ
തിൻെറ സന്ന്യാസപരമായ ആദർശം ഉപേക്ഷിക്കപ്പെട്ടു;
സെയിൻറു ജോസഫ്സ് കോൺവെൻറ് സെയിൻറ്
ജോസഫ്സ് സെമിനരിയായിത്തീൎന്നു. 1882-ൽ അതു
തങ്കശ്ശേരിയിൽനിന്നു തുയ്യത്തേക്കു മാററപ്പെടുകയും, സെ
യിൻറു തെരെസാസ് സെമിനരിയെന്ന അതിൻെറ ആ
ധുനികനാമധേയം അതിനു നല്കപ്പെടുകയും ചെയ്തു.
1905-ൽ ബെൻസിഗർ മെത്രാൻെറ കല്പനപ്രകാരം അ
തു വീണ്ടും തങ്കശ്ശേരിയിലേക്കു മാററപ്പെട്ടു. പുണ്യശ്ലോ
കനായ വെരി റെവ. ഫാദർ സെബാസ്ററ്യൻ കൺസെ
പ്ഷൻ 1883-മുതൽ 1907-വരെ 24, കൊല്ലം, ഈ
സെമിനരിയിലെ പ്രിഫെക്ററും ആദ്ധ്യാത്മികഗുരുവുമാ
യിരുന്നു. 1909-ൽ ബെൻസിഗർ മെത്രാൻ അതിൽ
പഠിച്ചിരുന്ന ആറു വിദ്യാൎത്ഥികളെയും കണ്ടി സെമിനരി
യിലേക്കു് അയക്കുകയും അതിനെ തൽക്കാലത്തേക്കു നി
റുത്തുകയും ചെയ്തു. 1912-ൽ അതു തങ്കശ്ശേരിയിൽത

ന്നെ വീണ്ടും തുറക്കപ്പെട്ടുകയും, 1916-ൽ കൊല്ലം റെയിൽവേസ്റ്റേഷന്റെ കിഴക്കുവശമുള്ള മൈതാനത്തു് അതിനായി ഡോക്ടർ ബെൻസിഗർ 25000 രൂപാ ചെലവു ചെയ്തു നിർമ്മിച്ച പുതിയ കെട്ടിടത്തിൽ മാററി സ്ഥാപിക്കപ്പെട്ടുകയും ചെയ്തു. ഈ വലിയ സെമിനരിയിലെ പാഠപദ്ധതിക്കു് ആറു കൊല്ലത്തെ ദൈർഘ്യമുണ്ടു്-രണ്ടു തത്വശാസ്ത്രത്തിനും നാലു വേദശാസ്ത്രത്തിനും-. ഇതിലെയും ഫലസിദ്ധിയും സൗജന്യവും സെയിൻറു റാഫേത്സു് സെമിനരിയിലേതുപോലെതന്നെയാണു്. നാല്പതോളം വൈദികവിദ്യാത്ഥികൾക്കു താമസിച്ചു പഠിക്കുന്നതിനുള്ള സൗകര്യങ്ങൾ ഇതിലുമുണ്ടു്. ഇതിൻെറയും നിവ്വിഘ്നമായ നിലനില്പിനും സുഭിക്ഷമായ സംരക്ഷണത്തിനും ആവശ്യമുള്ള മുതൽ ബെൻസിഗർ മെത്രാൻ കരുതിയിട്ടുണ്ടു്. റെവ. ഫാദേഴ്സ് മർസലീൻ കോയില്പറമ്പിൽ, പീററർ മെനെസസ്സ്, വിക്ററർ ഫെർണാൻഡസ്, ഡി. ഡി., ജെറോം എം. ഫെർണാൻഡസ്സ്, ബെർണാർഡു ഡിക്രൂസ്, മാത്യു ഫേബിയൻ, പിഎച്ച്. ഡി., ഡി. ഡി., എന്നീ ആറു് ഏതദ്ദേശീയവൈദികർ ഈ സെമിനരിയിൽ പ്രൊഫസ്സരന്മാരായിരുന്നിട്ടുണ്ടു്. ഇവരിൽ നിതാന്തവന്ദ്യദിവ്യശ്രീ ഡോക്ടർ ജറോം എം. ഫെർണാൻഡസ്സ്, ഡി. ഡി. തിരുമനസ്സുകൊണ്ടു കൊല്ലം രൂപതയുടെ മെത്രാൻപദത്തെയും, റൈററു റെവ. മോൺസിഞ്ഞോർ വിക്ററർ ഫെർണാൻഡസ്സ് ഡി. ഡി. അവർകൾ വൈക്കർജനറൽപദത്തെയും അലംകരിക്കുന്നു. ഈ വൈദികവരേണ്യന്മാർ സെയിൻറു റാഫേത്സു് സെമിനരിയുടെയും സെയിൻറു തെരെസാസ് സെമിനരിയുടെയും അഭിമാനസ്തംഭങ്ങളായ സന്തതികളുംകൂടിയാണു്.

ഈ രണ്ടു വൈദികവിദ്യാലയങ്ങളുടെയും സ്ഥാപനംകൊണ്ടു ബെൻസിഗർ മെത്രാൻ രൂപതയിലെ വൈദികരുടെ എണ്ണം മാത്രമല്ല ഗുണവും വളരെ വദ്ധിപ്പിച്ചിട്ടു

ണ്ടു്: അവരുടെ വിദ്യാഭ്യാസത്തിൻെറയും ശിക്ഷണത്തിൻെറയും ആദർശവും ലക്ഷ്യവും ഗണ്യമായി ഉയൎത്തപ്പെട്ടിട്ടുണ്ടു്. പട്ടത്തിനുശേഷവും മൂന്നുവൎഷക്കാലം വൎഷംതോറും അവരുടെ വേദശാസ്ത്രത്തിലും കാനൻനിയമശാസ്ത്രത്തിലുമുള്ള പരിജ്ഞാനം പരീക്ഷിക്കപ്പെടുന്നു. ആണ്ടുതോറും ആഗസ്ററുമാസത്തിൽ ആറു ദിവസത്തെ ആദ്ധ്യാത്മികധ്യാനം അവർ മെത്രാൻെറ ആഭിമുഖ്യത്തിൽ നടത്തുന്നു. ഇങ്ങനെ ഈ വൈദികവിദ്യാലയങ്ങളുടെ കവാടങ്ങളിൽക്കൂടി കടന്നുവന്നിട്ടുള്ള നമ്മുടെ വൈദികന്മാർ ഇൻഡ്യയിലെ മറേറതു രൂപതയിലെയും വൈദികന്മാരെ അപേക്ഷിച്ചു വേദപാണ്ഡിത്യത്തിലും മനഃസംസ്കാരത്തിലും അധരന്മാരല്ലെന്നു നമുക്കു ന്യായമായി അഭിമാനിക്കാവുന്നതാണു്.അവയിലെ പാഠപദ്ധതിയിൽ മാതൃഭാഷ ക്രമമായി അഭ്യസിക്കുന്നതിനുള്ള സൗകര്യം,മംഗലപ്പുഴ (ആലുവാ) സെയിൻറു ജോസഫ്സ് അപ്പസ്തോലിക്കു സെമിനരിയിലും മററുമുള്ളതുപോലെ, അനുവദിക്കപ്പെട്ടിട്ടില്ലെന്നുള്ള ഒരു ന്യൂനതമാത്രമേ, പക്ഷെ, അതിനെപ്പററി പറയാനുള്ളു. ഭാഷാഭിമാനികളിൽ അദ്വിതീയനായ ആധുനിക കൊല്ലം മെത്രാൻ തിരുമനസ്സുകൊണ്ടും വൈദികവിദ്യാർത്ഥികളുടെ സൎവ്വതോമുഖമായ അഭിവൃദ്ധിയിൽ തല്പരന്മാരായ അവയുടെ റെക്ററന്മാരും-റൈററു റെവ. മോൺ. വിക്ടറർ ഫെർണാൻഡസ് അവർകളും, വെരി റെവ. ഫാദർ ആർണോൾഡു്, ഒ.സി.ഡി. അവർകളും- ഈ സാരമേറിയ ന്യൂനതയെയും അവിളംബം പരിഹരിക്കുന്നതിൽ ശ്രദ്ധിക്കുമെന്നു നമുക്കു വിശ്വസിക്കാം.

ബെൻസിഗർ മെത്രാൻെറ കാലത്തു രൂപതയിൽ ക്രിസ്തുധൎമ്മം പ്രചരിപ്പിക്കുന്നതിലും ആദ്ധ്യാത്മികശുശ്രൂഷ ചെയ്യുന്നതിലും നിരതരായ സന്യാസിവൈദികരുടെ സേവനവും സുലഭമായിട്ടുണ്ടു്. ക്രൈസ്തവധൎമ്മരാജ്യത്തിൻെറ വിസ്തൃതി വൎദ്ധിപ്പിക്കുന്നതിനായി കൎമ്മലീത്താ ഒ

ന്നാംസഭയുടെ അംഗങ്ങളായ സന്ന്യാസികൾ ഇവിടെ പ്ര വൎത്തനമാരംഭിച്ചിട്ടു രണ്ടു നൂററാണ്ടുകളോളമായിരിക്കുന്നു. അവരുടെ ത്യാഗപൂൎവ്വമായ സേവനം കേരളത്തിൻെറ ഇ തരഭാഗങ്ങൾക്കെന്നപോലെ കൊല്ലം രൂപതയ്ക്കും വളരെ ഉപകരിച്ചിട്ടുണ്ട്. അവരുടെ രണ്ട് ആശ്രമങ്ങൾ ഇവിടെ -തിരുവനന്തപുരത്തും തക്കലെയിലും-സ്ഥാപിക്കപ്പെട്ടിട്ടു ണ്ട്. തപോധനന്മാരായ അവരുടെ അമോഘമായ പ്രാ ൎത്ഥന, പ്രവൎത്തനംപോലെതന്നെ, നമ്മുടെ ഉല്കൎഷത്തെ വളരെ സഹായിക്കുന്നുവെന്നതിനു സംശയമില്ല.

ഡോക്ടർ ബെൻസിഗർ കൊല്ലംരൂപതയ്ക്കു ചെയ്തി ട്ടുള്ള ഉപകാരങ്ങളിൽ സുപ്രധാനമായ ഒന്നാണ് അദ്ദേ ഹം ഫ്രാൻസിസ്കൻ ഒന്നാം സഭക്കാരായ കപ്പൂച്ചിൻ സ ന്ന്യാസികളുടെ സേവനം നമുക്കായി സമ്പാദിച്ചുതന്നതു് അവരുടെ പൂർവന്മാരായ ഫ്രാൻസിസ്കൻ ധൎമ്മസഹോദ രന്മാർ ആറു നൂററാണ്ടുകൾക്കു മുൻപു—പോർട്ടുഗീസുകാ രുടെ വരവിനു വളരെ മുൻപ്—കൊല്ലത്തു വന്നു ക്രിസ്തു ധൎമ്മം പ്രചരിപ്പിക്കുന്നതിൽ ഏൎപ്പെട്ടിരുന്നുവെന്നു നാം കണ്ടുവല്ലോ. അവർ ഇപ്പോൾ കൊല്ലത്തു വന്നിട്ട് ഒരു വ്യാഴവട്ടമേ ആയിട്ടുള്ളുവെങ്കിലും, അവരുടെ പരിപാവ നമായ സാന്നിധ്യത്തിൻെറ പരിമളധോരണി രൂപത യൊട്ടുക്കും പുറത്തും പ്രസരിച്ചുകഴിഞ്ഞിട്ടുണ്ട്. അവർ, ഇ ടവകവികാരിമാരെ സഹായിക്കുന്നതിനുപുറമേ, സ്വസം ഘത്തിൽ ചേരുന്ന വൈദികസ്ഥാനാൎത്ഥികളുടെ വിദ്യാ ഭ്യാസത്തിനായി ഒരു സെമിനരിയും ചുററുമുള്ള പാവങ്ങൾ ക്കായി ഒരു പ്രാഥമികവിദ്യാലയവും നടത്തുന്നു. അവർ ആരംഭിച്ചിട്ടുള്ള അസ്സീസിപ്രെസ്സും ഡിപ്പോയും കൊല്ല ത്തു് ഒരു കത്തോലിക്കു മുദ്രാലയവും പ്രസിദ്ധീകരണശാല യുമുണ്ടായിരുന്നില്ലെന്നുള്ള ലജ്ജാകരമായ ന്യൂനതയെപ്പരി ഹരിച്ചിട്ടുണ്ട്. കൊല്ലം രൂപതവക 'കത്തോലിക്കപ്രവ ൎത്തനം' മാസികയും ആശ്രമംവക അഖിലലോകപ്രചാര

മുള്ള "Voice from Assisi" എന്ന ഇംഗ്ലീഷുമാസികയും അസ്സീസിപ്രെസ്സിലാണ് അച്ചടിപ്പിക്കപ്പെടുന്നത്. പ്രസ്തുത പ്രെസ്സിനു മൂന്നുനാലുവയസ്സേ പ്രായമുള്ളുവെങ്കിലും ഇതിനകം പല നല്ലപുസ്തകങ്ങളും അതു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അസ്സീസിഡിപ്പോയിൽ കത്തോലിക്കസാഹിത്യ ഗ്രന്ഥങ്ങൾ പ്രാർത്ഥനപ്പുസ്തകങ്ങൾ, ജപമാല, കാശുരൂപം, പ്രതിമ മുതലായി ഭക്തിക്കുടുത്ത സാധനങ്ങൾ, ദിവ്യപൂജയ്ക്കുള്ള പാത്രങ്ങൾ, പ്രദശിനി, മണിമുതലായ ദേവാലയോപകരണങ്ങൾ എന്നിവ വാങ്ങാൻ കിട്ടുമെന്നുള്ളതു ചുററുമുള്ള കത്തോലിക്കക്ക് വളരെ സൗകര്യപ്രദമായിട്ടുണ്ട്. സ്വപ്രയത്നത്താലോ ഭിക്ഷാടനത്താലോ കാലയാപനംചെയ്തു ധമ്മസേവനമനുഷ്ഠിക്കുന്നതിനു, 'തലചായ്ക്കാൻ ഇടമില്ലാതിരുന്ന മനുഷ്യപുത്രനെ' അനുപദം അനുഗമിക്കുന്നതിനു, കൃതപ്രതിജ്ഞരായി വ്യക്തിപരമായും സാമൂഹികമായും നിസ്സ്വരായിരിക്കുന്ന ഈ പാരികാംക്ഷികൾ, മുദ്രണാലയത്തിനും ഡിപ്പോവിനും പുറമേ, പ്രതിമാനിമ്മാണവും, മണിവാപ്പും, ഘടികാരജീണ്ണോദ്ധാരണവുംകൂടി നിവ്വഹിക്കുന്ന ഒരു വക്ക്ഷോപ്പും നടത്തുന്നുണ്ട്. കൊല്ലത്തെ ആശ്രമത്തിന്റെ മേലാവും ഇൻഡ്യൻ കപ്പൂച്ചിൻ സംസ്ഥാനത്തിന്റെ അധിപനുമായ വെരി റെവ. ഫാദർ ഉർബൻ O. F. M. Cap. അവർകളാൽ സുനീതരായ അവർ സെയിൻറു ഫ്രാൻസിസ്സ് അസ്സീസിയുടെയും ജിത്സ്, ജൂൺപ്പെർ, ലെയോ തുടങ്ങിയ അദ്ദേഹത്തിന്റെ ആദിമാനുചരന്മാരുടെയും പൌർസ്യകുലായിലെ ആ വിശിഷ്ടമായ ജീവിതരീതിയെ നമ്മെ അനുസ്മരിപ്പിക്കുകയും ലോകരക്ഷാകരമായ ക്രൈസ്തവാദർശത്തെ ക്രൈസ്തവരുടെയും അക്രൈസ്തവരുടെയും മുമ്പാകെ ഉയത്തിപ്പിടിക്കുകയുംചെയ്യുന്നു. 'പഴന്തുണിയിലും മഹത്വം കാണാൻ കഴിയുന്ന, ഭാരതീയക്ക് ദാരിദ്ര്യദേവിയുടെ ഉപാസകരായ ഈ ഫ്രാൻസിസ്കൻ ധമ്മദൂതന്മാരുടെ ദാരിദ്ര്യവ്രതവും വിനയവും അ

നാഡംബരതയും സവിശേഷം ആസ്വാദനീയമാണ്.

ബെൻസിഗർ മെത്രാൻ തൻെറ രൂപതയിലെ വൈദികവിദ്ദ്യാഭ്യാസത്തിലെന്നപോലെ ലൗകികവിദ്ദ്യാഭ്യാസത്തിലും ദത്താവധാനനായിരുന്നു. അദ്ദേഹത്തിൻെറ ഭരണമാരംഭിച്ചപ്പോളുണ്ടായിരുന്ന വിദ്ദ്യാലയങ്ങളുടെ സംഖ്യ നൂറായിരുന്നതു് അതിൻെറ അവസാനത്തിൽ ഇരുനൂററിഎൺപതായും വിദ്ദ്യാൎത്ഥികളുടെ സംഖ്യ 5152 ആയിരുന്നതു് ഏകദേശം 24000 ആയും വദ്ധിച്ചുവെന്ന വസ്തുതയിൽനിന്നു വിദ്ദ്യാഭ്യാസപരമായി അദ്ദേഹം രൂപതയ്ക്കു ചെയ്തിട്ടുള്ള നന്മയുടെ മഹത്വം സ്പഷ്ടീഭവിക്കുന്നു. കൊല്ലം സെയിൻറ് അലോഷ്യസ്സ് ഇംഗ്ലീഷുസ്കൂൾ ആരംഭിക്കപ്പെട്ടതു് 1896-ൽ, അദ്ദേഹത്തിൻെറ മുൻഗാമിയുടെ കാലത്തു്, ആയിരുന്നുവെങ്കിലും, അതു് ഒരു ഹൈസ്കൂളായി പൂൎണ്ണവൃദ്ധിയെ പ്രാപിച്ചതു് അദ്ദേഹത്തിൻെറ ശ്രമവും ധനസഹായവും നിമിത്തമായിരുന്നു. ഇപ്പോൾ അതു തിരുവിതാംകൂറിലെ നല്ല ഹൈസ്കൂളുകളിലൊന്നാണ്. കമ്മലീത്താ സന്ന്യാസികൾ നടത്തുന്ന തിരുവനന്തപുരം സെയിൻറു ജോസഫ്സ് ഹൈസ്കൂൾ, അതിൻെറ വിവിധങ്ങളായ പ്രവൎത്തനങ്ങൾമൂലം, തിരുവിതാംകൂറിലെ ഏററവും നല്ല ഹൈസ്കൂളുകളിലൊന്നാണെന്ന ഖ്യാതി പണ്ടേ സമ്പാദിച്ചുകഴിഞ്ഞിട്ടുണ്ടു്. ഈ രണ്ടു മഹാവിദ്ദ്യാലയങ്ങളും അര ശതാബ്ദക്കാലത്തോളം രൂപതയിലെ രണ്ടു പ്രധാന വിദ്ദ്യാകേന്ദ്രങ്ങളായിട്ടുണ്ടെങ്കിലും, ഗ്രാമീണരായ കത്തോലിക്കാ വിദ്ദ്യാൎത്ഥികൾക്കുകൂടി താമസിച്ചു പഠിക്കത്തക്കവണ്ണം സുപ്രാപമായ ബോർഡിംഗ് ഹൌസുകൾ അവയോടനുബന്ധിച്ചുണ്ടായിട്ടില്ലാത്തതുകൊണ്ടു് അവയിൽനിന്നു സിദ്ധിക്കാവുന്ന പൂൎണ്ണമായ പ്രയോജനം രൂപതയ്ക്കു സിദ്ധിച്ചിട്ടില്ലെന്നു സവ്യസനം പറയേണ്ടിയിരിക്കുന്നു. ചങ്ങനാശ്ശേരി, പാളയംകോട്ട മുതലായ സ്ഥലങ്ങളിലെ കത്തോലിക്കാ വിദ്ദ്യാലയങ്ങളിലുള്ളതുപോ

ലെ ചെലവു കുറഞ്ഞ വിദ്ത്യാത്ഥീസദനങ്ങൾ ഇവിടെ ഇല്ലാതെപോയതു, പക്ഷെ, അത്യാവശ്യമായ ഇടവകഭരണത്തിനുപോലും വൈദികർ കുറവായിരിക്കുന്ന നമ്മുടെ രൂപതയിൽ അവയെ നടത്തിക്കൊണ്ടുപോകുന്നതിനു മതിയായ വൈദികർക്കുള്ള ദൗർല്ലഭ്യം കൊണ്ടായിരിക്കാം. ബെൻസിഗർ മെത്രാൻെറ കാലത്തു തെക്കൻ തിരുവിതാംകൂറിലെ കത്തോലിക്കരെ ഉദ്ദേശിച്ചു നാഗർകോവിലിൽ ആരംഭിക്കപ്പെട്ട കാർമ്മൽ ഇംഗ്ലീഷുസ്കൂൾ ഇപ്പോൾ ഒരു ഒന്നാംതരം ഇംഗ്ലീഷു ഹൈസ്കൂളായിത്തീൎന്നിട്ടുണ്ട്. അതിനോടനുബന്ധിച്ച് ഉത്തമരീതിയിൽ നടത്തപ്പെട്ടുന്ന, ചെലവു കുറഞ്ഞ, ഒരു വിദ്ത്യാത്ഥിമന്ദിരവുമുണ്ടെന്നുള്ളതുകൊണ്ട് അതു കോട്ടാർ രൂപതയിൽമാത്രമല്ല, മററു രൂപതകളിലുമുള്ള ജാനപദരായ വിദ്ത്യാത്ഥികൾക്കും ഉപകരിക്കുന്നു. അതിൻെറ സമത്ഥനായ ഹെഡ്മാസ്റ്റർ, റെവ. ഫാദർ ജെ. വിൻസെൻറു ഫെർണാൻഡസ്സ്, അവർകൾ, ബി. ഏ. എൽ. ററി. വൈദികപദം പ്രാപിച്ചശേഷം ബെൻസിഗർ മെത്രാൻെറ സാഹായ്യത്തോടുകൂടി സവ്വകലാശാലാബിരുദം സമ്പാദിച്ച രണ്ടു വൈദികരിലൊരാളാണ്. ഇവരിൽ അപരൻ, റെവ. ഫാദർ ആൻറണി പെരയിരാ, അവർകൾ, ബി. ഏ., ആരംഭത്തിൽ പ്രസ്തുത വിദ്യാലയത്തിൻെറ ഹെഡ്മാസ്റ്ററായിരുന്നശേഷം, ഇപ്പോൾ തിരുവനന്തപുരം പാളയംപള്ളി വികാരിയും 'സൊഡേലിസ്ററു' മാസികയുടെ പത്രാധിപരുമാണ്. ഈ മൂന്നു ഹൈസ്കൂളുകൾക്കുപുറമെ, സെയിൻറ് ആൻറണീസ്സ് ഇംഗ്ലീഷു മിഡിൽ സ്കൂൾ കന്യാകുമാരി, സെയിൻറ് ജോസഫ്സ് ഇംഗ്ലീഷു മിഡിൽ സ്കൂൾ, അഞ്ചുതെങ്ങ്, സെയിൻറു ജോസഫ്സ് ഇംഗ്ലീഷു മിഡിൽ സ്കൂൾ, നീണ്ടകര ഇംഗ്ലീഷ് മിഡിൽ, മാടത്തട്ടുവിള എന്നീ നാലു ഇംഗ്ലീഷു മിഡിൽ സ്കൂളുകൾകൂടി അതതു ഇടവകയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്നു. കേരളത്തി

ൻെറ നാനാഭാഗങ്ങളിലുംനിന്നു വന്നു തിരുവനന്തപുരത്തെ കോളെജ്ജുകളിൽ പഠിക്കുന്ന കത്തോലിക്കരായ വിദ്യാത്ഥികൾക്കായി ഒരു വൈദികൻെറ മേൽനോട്ടത്തിൽ ഉത്തമരീതിയിൽ നടത്തപ്പെടുന്ന ഒരു ഹോസ്റ്റൽ ഡോക്ടർ ബെൻസിഗർ സ്ഥാപിച്ചിട്ടുണ്ടെന്നുള്ളതും വിദ്യാഭ്യാസപരമായി ഗണ്യമായൊരു സേവനമാണ്.

നാട്ടുഭാഷാവിദ്യാഭ്യാസത്തെയും ബെൻസിഗർ മെത്രാൻ വേണ്ടുവോളം പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. മിക്കവാറും എല്ലാ ഇടവകപ്പള്ളികളുടെയും വകയായി പ്രൈമറി സ്കൂളുകൾ നടത്തപ്പെടുന്നു. ആരംഭത്തിൽ അവയിലെ അദ്ധ്യാപകരിൽ ബഹുഭൂരിപക്ഷവും അകത്തോലിക്കരായിരുന്നു. അദ്ധ്യാപകവൃത്തിക്കു യോഗ്യതയുള്ള കത്തോലിക്കരുടെ കുറവിനെപ്പരിഹരിക്കാനായി 1905-ൽ കൊല്ലത്തു ചിൽഡ്രൻ'സ് ഫ്രെൻഡ്സ് ഇൻസ്റ്റിറ്റ്യൂട്ട് എന്ന നാമധേയത്തിൽ ഒരു മലയാളം മിഡിൽസ്കൂളും നാഗർകോവിൽ 1907-ൽ സെയിൻറു ഫ്രാൻസിസ്സ് ഇൻസ്റ്റിറ്റ്യൂട്ട് എന്ന തമിഴ മിഡിൽസ്കൂളും ഡോക്ടർ ബെൻസിഗർ സ്ഥാപിച്ചു. 1910-ൽ മലയാളം മിഡിൽ സ്കൂൾ കൊല്ലത്തുനിന്നു കൊട്ടിയത്തേക്കു മാററപ്പെട്ടു. ഈ രണ്ടു വിദ്യാലയങ്ങളിലും ആണ്ടുതോറും 35 വിദ്യാത്ഥികളെ താമസിപ്പിച്ചു സൗജന്യമായി ഭക്ഷണവും ഫീസും കൊടുത്തു പഠിപ്പിക്കുന്നതിനു വേണ്ട സൗകര്യവും വകയും മെത്രാൻ നല്കിയിരുന്നു. അദ്ദേഹത്തിൻെറ മഹനീയമായ ഈ ഉദാരതയുടെ ഫലമായി ഏതാനും കൊല്ലങ്ങൾകൊണ്ടു കത്തോലിക്കു അദ്ധ്യാപകന്മാർ സുലഭമായിത്തീരുകയും കത്തോലിക്ക പ്രാഥമികവിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാരിൽ ഭൂരിപക്ഷവും ഇപ്പോൾ കത്തോലിക്കർ തന്നെയാണെന്നുള്ള സുസ്ഥിതി ആവിർഭവിക്കുകയും ചെയ്തു.

ബെൻസിഗർ മെത്രാൻെറ കാലത്തു കൊല്ലം രൂപതയിൽ സ്ത്രീവിദ്യാഭ്യാസത്തിനുണ്ടായിട്ടുള്ള പുരോഗതി

അസാമാന്യമാണ്. ഇവിടെ സ്ത്രീവിദ്യാഭ്യാസപ്രവൎത്തനത്തിൽ പ്രധാനമായി ഏൎപ്പെട്ടിരിക്കുന്നതു കൎമ്മലീത്താ മൂന്നാംസഭക്കാരായ സന്ന്യാസിനികളാണ്. അവരുടെ വകയായി കൊല്ലത്തു തുയ്യത്തും, തങ്കശ്ശേരിയിലും, തിരുവനന്തപുരത്തും ഓരോ കന്യാസ്ത്രീമഠവും ഇംഗ്ലീഷു ഹൈസ്കൂളും അഞ്ചുതെങ്ങിൽ ഒരു മഠവും ഇംഗ്ലീഷു മിഡിൽ സ്കൂളുമുണ്ട്. തിരുവനന്തപുരത്തെ ഹോളി ഏഞ്ജൽസ് ഇംഗ്ലീഷു ഹൈസ്കൂൾ 1896-മുതൽ 1900-വരെ പത്തു വൎഷക്കാലം ഒരു രണ്ടാം ഗ്രേഡ് കോളെജായിരുന്നു. ഇപ്പോൾ ഈ സ്കൂളിനോടും കൊല്ലം സെയിൻറ ജോസഫ്സ് ജി. ഹൈസ്കൂളിനോടും അനുബന്ധിച്ച് ഓരോ മലയാളം മിഡിൽസ്കൂളും നടത്തപ്പെടുന്നു. 1908-വരെ കൊല്ലത്തെയും തിരുവനന്തപുരത്തെയും തങ്കശ്ശേരിയിലെയും കന്യാസ്ത്രീമഠങ്ങൾ പരസ്പരബന്ധമില്ലാത്ത സ്വതന്ത്രസ്ഥാപനങ്ങളായിരുന്നു. ആ വൎഷം ബെൻസിഗർ മെത്രാൻ അവയെ കൎമ്മലമാതാവിൻെറ മൂന്നാംസഭയെന്ന നാമധേയത്തിൽ ഏകസംഘമായി സംഘടിപ്പിക്കുകയും അതിനു കാനോൻപ്രകാരമുള്ള സംഘനിയമങ്ങൾ അദ്ദേഹംതന്നെ എഴുതിയുണ്ടാക്കുകയും ചെയ്തു. അപ്പോൾമുതൽ അതു സത്വരം അഭിവൃദ്ധിയെ പ്രാപിച്ചു: ഇപ്പോൾ അതിൽ നൂറില്പരം അംഗങ്ങളുണ്ട്. അഭ്യസ്തവിദ്യകളും പരിശ്രമശാലിനികളുമായ ഈ കന്യാസ്ത്രീകൾ നടത്തുന്ന സ്കൂളുകൾ തിരുവിതാംകൂറിലെ ഏററവും നല്ല സ്കൂളുകളുടെ പംക്തിയിൽ സ്ഥാനം പിടിച്ചിട്ടുണ്ട്.

ബെൻസിഗർ മെത്രാൻെറ പ്രോത്സാഹനത്തിൻെറ ഫലമായി ഇതരസംഘങ്ങളിലുള്ള കന്യാസ്ത്രീകളും രൂപതയിൽ സ്ത്രീവിദ്യാഭ്യാസപ്രചാരണത്തിൽ വ്യാപൃതരായിട്ടുണ്ട്. അഗസ്റ്റീനിയൻ സന്ന്യാസിനികൾ നാഗർകോവിലും തിരുവനന്തപുരം ശംഖുമുഖത്തും പെൺകുട്ടികൾക്കായി ഓരോ ഇംഗ്ലീഷു ഹൈസ്കൂളും നാട്ടുഭാഷാമിഡിൽ

സ്ക്കൂളും, മുളകുമൂട്ട്, കന്ന്യാകുമാരി, കൊളച്ചൽ, കുലശേഖരം, ആശാരിപള്ളം, മരിയപുരം, പള്ളിയാടി എന്നീ സ്ഥലങ്ങളിൽ ഓരോ പ്രൈമറി സ്ക്കൂളും നടത്തുന്നു. ഡോക്ടർ ബെൻസിഗർ 1907-ൽ പോണ്ടിച്ചേരിയിൽ നിന്നു വരുത്തിയ ഫ്രാൻസിസ്കൻ മൂന്നാംസഭയിൽപെട്ട അമലോത്ഭവമേരീസംഘാംഗങ്ങളായ കന്ന്യാസ്ത്രീകളും കാഞ്ഞിരകോട്ട്, കുമ്പളം, കൊല്ലം, കടിയപട്ടണം, മണക്കുടി മുതലായ സ്ഥലങ്ങളിൽ മഠങ്ങൾ സ്ഥാപിച്ചു പ്രൈമറിസ്ക്കൂളുകൾ നടത്തുന്നുണ്ട്. വിവിധസംഘങ്ങളിൽപ്പെട്ട ഈ സന്ന്യാസിനികൾ തുന്നൽ, തയ്യൽ, റേന്തനിമ്മാണം, സംഗീതം, ചിത്രമെഴുത്തു മുതലായി സ്ത്രൈണങ്ങളായ കലകൾ ബാലികമാരെ അഭ്യസിപ്പിക്കുന്നതിലും ദത്തശ്രദ്ധരാണ്. ക്രിസ്തുവിൻെറ ധമ്മസന്ദേശത്തെ സ്ത്രീയോഗ്യമായി വഹിക്കുന്ന ഈ കന്ന്യാമണികളുടെ സാന്നിധ്ധ്യവും നിസ്സ്വാത്ഥസേവനവും സ്ത്രീസമുദായത്തിൻെറ ആദ്ധ്യാത്മികവും സാംസ്കാരികവുമായ ഉല്ക്കഷ്ത്തെ വളരെ സഹായിക്കുന്നുണ്ട്. തിരുവിതാംക്രൂറും കൊച്ചിയും സ്ത്രീവിദ്ധ്യാഭ്യാസത്തിൽ ഇൻഡ്യയുടെ ഇതരഭാഗങ്ങളെ അതിശയിക്കുന്നുവെങ്കിൽ, ആ സുസ്ഥിതിക്കു് ഏററവും ക്രൂടുതലായി ഉപകരിച്ചിട്ടുള്ളതു് ഏതാദൃശകളായ സന്ന്യാസിനികളുടെ വിദ്ധ്യാഭ്യാസപരമായ പ്രവത്തനങ്ങളാണെന്നുള്ളതിനു സംശയമില്ല. അവരുടെ ആശ്രമങ്ങളും സ്ഥാപനങ്ങളും രൂപതയുടെ നാനാഭാഗങ്ങളിലും ഇപ്പോഴുള്ളതിലും വളരെ ക്രൂടുതലായി ആവിർഭവിക്കുമാറാകട്ടെ.

ബെൻസിഗർ മെത്രാൻെറ ഭരണകാലത്തു വിദ്ധ്യാഭ്യാസത്തിൽ കൊല്ലം രൂപത പ്രാപിച്ച അഭിവൃദ്ധിയെ ലക്ഷീകരിച്ചുള്ള ഈ വിഹഗവീക്ഷണം അദ്ദേഹം തിരുവിതാംക്രൂറിലെ വിദ്ധ്യാഭ്യാസപ്രവത്തകന്മാരുടെ പംക്തിയിൽ അദ്വിതീയമായ ഒരു സ്ഥാനത്തെ അർഹിക്കുന്നുവെന്നു് അസന്ദിഗ്ദ്ധമായിത്തെളിയിക്കുന്നു. തിരുവിതാംക്രൂർ വി

ദ്ധ്യാഭ്യാസാദ്ധ്യക്ഷരായിരുന്ന ഡോക്ടർ മിച്ചലിന്റെ പ്രൈവെററുസ്ക്കൂളുകൾക്കു വിരുദ്ധമായ വിദ്ധ്യാഭ്യാസനയത്തിൽനിന്ന് അവയെ സംരക്ഷിച്ചതു ഡോക്ടർ ബെൻസിഗറിന്റെ സ്വാധീനബലവും തൂലികയുടെ ശക്തിയുമാണെന്നുള്ളതു് അവിസ്മരണീയമാണ്. വിദ്ധ്യാഭ്യാസവിഷയത്തിൽ ഇത്രയൊക്കെ പ്രവർത്തിച്ച വിദ്ധ്യാസമ്പന്നനായ ഈ മഹോദ്യമൻ ഉത്കൃഷ്ടവിദ്ധ്യാഭ്യാസത്തിന്ന പ്രതികൂലിയായിരുന്നുവെന്നും ധനസൗകൎയ്യം വേണ്ടുവോളമുണ്ടായിരുന്ന അദ്ദേഹം കോളെജുകൾ സ്ഥാപിച്ചില്ലെന്നും ഒരാക്ഷേപമുണ്ട്. അതിനുള്ള സമാധാനം അദ്ദേഹം തനിക്കു സ്വാധീനമായിരുന്ന ധനം കൂടുതൽ പ്രയോജനകരവും അപേക്ഷിതവുമായ കാൎയ്യങ്ങൾക്കായി വിനിയോഗിച്ചുവെന്നും, സാമാന്യവിദ്ധ്യാഭ്യാസത്തിനായി അദ്ദേഹം പ്രദാനം ചെയ്തിട്ടുള്ള സൗകൎയ്യങ്ങളെ നാം നല്ലവണ്ണം പ്രയോജനപ്പെടുത്തി നമുക്കായി ഒരു കത്തോലിക്കു കോളെജിന്റെ സ്ഥാപനത്തെ സാധൂകരിക്കത്തക്കവണ്ണം ഉത്കൃഷ്ടവിദ്ധ്യാഭ്യാസത്തിനുള്ള യോഗ്യതയും സന്നദ്ധതയും നാം തെളിയിച്ചിരുന്നുവെങ്കിൽ അദ്ദേഹം അതിനുവേണ്ടതും ചെയ്യാതിരിക്കുകയില്ലായിരുന്നുവെന്നുമാണ്. അദ്ദേഹത്തിന്റെ കാലത്തു തിരുവനന്തപുരത്തെയും കൊല്ലത്തെയും കത്തോലിക്കു ഹൈസ്ക്കൂളുകളിലോ ഇതരവിദ്ധ്യാലയങ്ങളിലോ പഠിച്ച രൂപതയിലെ എത്ര കത്തോലിക്കു വിദ്ധ്യാൎത്ഥികളാണ് സ്ക്കൂൾഫൈനൽ പരീക്ഷ പാസ്സായി കോളെജ്‌വിദ്ധ്യാഭ്യാസത്തിന്ന യോഗ്യരും സന്നദ്ധരുമായിട്ടുള്ളതു്? അദ്ദേഹം ഉൽകൃഷ്ടവിദ്ധ്യാഭ്യാസത്തിന്ന പ്രതികൂലിയല്ലായിരുന്നുവെന്നുള്ളതിന് അദ്ദേഹത്തിന്റെ സാഹായ്യത്തോടുകൂടി ബി. ഏ. ബിരുദം സമ്പാദിച്ച രണ്ടു വൈദികരും വിനീതനായ ഈ ലേഖകനും മററു പലരും പ്രകടമായ സാക്ഷ്യം വഹിക്കുന്നു. തന്റെ രൂപതയിലെയും വിദ്ധ്യാൎത്ഥികൾക്കുകൂടി ഉപകരിക്കുന്ന ചങ്ങനാശ്ശേ

രിസെയിൻറു ബെക്ക്മാൻസ് കോളെജിന് അദ്ദേഹം ഗണ്യമായ ധനസഹായം ചെയ്തിട്ടുണ്ടെന്നുള്ള വസ്തുതയും അതിന് ഉപോദ്ബലകമാണ്.

---

## അദ്ധ്യായം ൯.

### ആതുരസംരക്ഷണം.

ഡോക്ടർ ബെൻസിഗറിൻെറ കാലത്ത് ആതുരരുടെയും അഗതികളുടെയും സംരക്ഷണത്തിനായുള്ള പ്രസ്ഥാനങ്ങൾക്കും അഭൂതപൂർവ്വമായ പുരോഗതി ഉണ്ടായിട്ടുണ്ട്. അദ്ദേഹത്തിൻെറ നാമത്തെ തിരുവിതാംകൂറിലെ കത്തോലിക്കരും അകത്തോലിക്കരുമായ സകല ജനങ്ങളുടെയും കൃതജ്ഞതാപൂർവ്വകമായ സ്മരണയ്ക്ക് എക്കാലവും പാത്രീഭവിപ്പിച്ചിട്ടുള്ള ഒരു സംഗതി അദ്ദേഹം തിരുവിതാംകൂറിലെ ആശുപത്രികളിൽ രോഗികളെ ശുശ്രൂഷിക്കുന്നതിനായി ഫ്രാൻസിസ്കൻ മൂന്നാംസഭക്കാരായ ഹോളി ക്രോസ്സ് ധർമ്മസഹോദരികളുടെ സംഘത്തിൻെറ ഒരു ശാഖയെ കൊല്ലത്തു പ്രതിഷ്ഠിച്ചുവെന്നുള്ളതാണ്. ഒരു ഫ്രാൻസിസ്കൻ കപ്പൂച്ചിൻ സന്യാസിയാൽ 1844-ൽ സ്വിററ്സെർലണ്ഡിൽ സ്ഥാപിക്കപ്പെട്ട ഈ സംഘത്തിൻെറ ശാഖകൾ ഇപ്പോൾ ലോകത്തിൻെറ നാനാഭാഗങ്ങളിലും രോഗശുശ്രൂഷയിലും, അനാഥസംരക്ഷണത്തിലും, പതിതോദ്ധാരണത്തിലും വ്യാപൃതമായി അമോഘമായ ധർമ്മസേവനം അനുഷ്ഠിക്കുന്നു. ബെൻസിഗർ മെത്രാൻെറ ക്ഷണമനുസരിച്ച് ആദ്യമായി അഞ്ചു ധർമ്മസഹോദരികൾ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ സേവനത്തിനായി സ്വിററ്സർലൻഡിൽനിന്ന് 1906-ൽ വന്നു. ആ വർഷം ഒടുവിൽ അഞ്ചു സഹോദരിമാർകൂടി കൊല്ലം ഡിസ്ട്രിക്ററ് ആശുപത്രിയിലേക്കായി വന്നു.

ചെൻ. അചിരേണ, തിരുവനന്തപുരത്തേയും കൊല്ല ത്തെയും സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കുമായുള്ള ആശുപത്രി കൾക്കും ആലപ്പുഴ ഡിസ്റ്റ്റിക്കററ് ആശുപത്രിക്കും അ വരുടെ സേവനം ലഭിച്ചു. നൂറനാട്ടെ കുഷ്ഠരോഗാശുപ ത്രിയിലും ഈ ധമ്മസഹോദരികൾ ഏററവും സ്തുത്യർഹ മായ രീതിയിൽ ആതുരശുശ്രൂഷ നിർവഹിക്കുന്നു. മ ററുള്ളവരാൽ ജുഗുപ്സിതരായി, അസഹായരായി, അഭ്യവ കൺിക്കപ്പെട്ടുന്ന അതിലെ അനേകശതം മഹാരോഗിക ളെ ഒട്ടും വെറുപ്പുകൂടാതെ വ്രണങ്ങൾ കഴുകി മരുന്നുവച്ചും മററും പരിചരിക്കുന്നതിൽ അവർ പ്രകടിപ്പിക്കുന്ന ദീനാ നുകമ്പയും ത്യാഗബുദ്ധിയും സമസൃഷ്ടിസ്നേഹവും അലോ കസാമാന്യമാണ്. ദേവദൂതസദൃശരായ അവരുടെ വിദ ഗ്ദ്ധവും നിസ്സ്വാത്ഥവും സ്നേഹമസൃണവുമായ സേവനം മൂലം ഈ ആശുപത്രികളുടെ പ്രയോജനകരത്വവും ആ കഷകത്വവും എത്രമാത്രം വദ്ധിച്ചിട്ടുണ്ടെന്നുള്ളതിനു തിരുവിതാംകൂറിലെ പൗരസഞ്ചയം ജാതിമതഭേദമെന്യേ സാക്ഷ്യം വഹിക്കുന്നു. അവയിലെ രോഗികളുടെ, വി ശേഷിച്ചു കത്തോലിക്കരായ രോഗികളുടെ, ആദ്ധ്യാത്മി കങ്ങളായ ആവശ്യങ്ങളെക്കൂടി നിർവഹിക്കുന്നതിൽ ഈ ധമ്മസഹോദരികൾ പ്രദശിപ്പിക്കുന്ന ജാഗരൂകതയ്ക്കു നാം സവിശേഷം കൃതജ്ഞരാണ്. 1920-ൽ ബെൻസി ഗർമെത്രാൻ ഈ സംഘത്തിൽ ഏതദ്ദേശീയ സഹോദ രികളെക്കൂടി പ്രവേശിപ്പിച്ച് സംഘത്തെ വിപുലീകരി ക്കുന്നതിനായി അവരുടെ പരിശീലനാത്ഥം കൊല്ലത്ത് ഒരു സന്യാസാത്ഥിനീമന്ദിരം (Novitiate) സ്ഥാപിച്ചു. ഇ പ്പോൾ നാട്ടുകാരായ അനേകം ധമ്മസഹോദരികൾ ഈ സംഘത്തിൽ അംഗങ്ങളായുണ്ട്. ഹോളി ക്രോസ്സ് ധമ്മസ ഹോദരികൾ ആശുപത്രികളിൽ രോഗശുശ്രൂഷയ്ക്കു പു റമെ, കൊട്ടിയത്ത് ആൺകുട്ടികൾക്കായി ഒരു് അനാഥ ശാലയും നെയ്ത്തുവിദ്യാലയവും നടത്തുന്നുണ്ട്. ബെൻസി

ഗർമെത്രാൻെറ ഉദാരതയുടെ ഫലമായി ഒരുനൂറില്പരം അ നാഥബാലന്മാർ അതിൽ സംരക്ഷിക്കപ്പെടുകയും നെയ്ത്തുതൊഴിൽ അഭ്യസിപ്പിക്കപ്പെടുകയും ചെയ്യുന്നു. അതു രൂപതയിൽ ആൺകുട്ടികൾക്കായുള്ള ഏക അനാഥശാലയാണ്. ഈ സംഘത്തിൻെറ പ്രാദേശികാധിപകളായിരുന്ന റെവ. മദർ പൗലീനായുടെയും, റെവ. മദർ എമറിത്തായുടെയും സുസമർത്ഥമായ ഭരണം അതിൻെറ പ്രവൎത്തനങ്ങളുടെ വിജയത്തെ വളരെ സഹായിച്ചിട്ടുണ്ട്. 1906-ൽ ഇദംപ്രഥമമായി വന്ന അഞ്ചു ധൎമ്മസഹോദരികളിലൊരാളും അവരുടെ ആദ്യത്തെ അധിപയുമായ റെവ. മദർ പൗലീനാ ഇന്നും ജീവിച്ചിരിക്കുന്നു. തൊണ്ണൂറോളം വയസ്സുള്ള ആ പുണ്യവതി കൊല്ലത്തെ അവരുടെ ആശ്രമത്തിൽ താമസിച്ചുകൊണ്ടു പ്രാൎത്ഥനയാൽ തൻെറ ധൎമ്മസേവനം ഇപ്പോഴും ഫലപ്രദമായി തുടരുന്നുണ്ടാവണം.

പെൺകുട്ടികൾക്കായി കൊല്ലത്തു തുയ്യത്തെയും, തങ്കശ്ശേരിയിലെയും, തിരുവനന്തപുരത്തെയുംമററും കന്യാസ്ത്രീമഠങ്ങൾ അനാഥശാലകൾ നടത്തുന്നുണ്ട്. അഗസ്തീന്യൻ സന്യാസിനികളും ഗണ്യമായ വിധത്തിൽ ദരിദ്രസേവനം നിൎവ്വഹിക്കുന്നു. മുളകുമൂട്ടിൽ ആരംഭിക്കപ്പെട്ട അവരുടെ ദരിദ്രസേവനപ്രസ്ഥാനം, ബെൻസിഗർ മെത്രാൻെറ ഉദാരമായ സഹായത്തിൻെറ ഫലമായി, സത്വരം പുരോഗമിക്കുകയും തെക്കൻതിരുവിതാംകൂറിലെ കത്തോലിക്കൎക്കും ഇതരന്മാൎക്കും ഒട്ടാകെ വളരെപ്രയോജനകരമായിത്തീരുകയും ചെയ്തിട്ടുണ്ട്. മുളകുമൂട്ടിലും, നാഗർകോവിലും, കന്യാകുമാരിയിലുമുള്ള അവരുടെ അനാഥശാലകൾ അറുനൂറില്പരം അനാഥബാലികകളെ സംരക്ഷിക്കുകയും വിദ്യാഭ്യാസം ചെയ്യിക്കുകയും ചെയ്യുന്നു. മുളകുമൂട്ടിൽ അഗതികളായ വിധവകൾക്കായും മാതൃപരിത്യക്തരായ ശിശുക്കൾക്കായും ഒരു ധൎമ്മസ്ഥാപനവും അവർ നടത്തുന്നു

അവരുടെ മഠങ്ങളോടനുബന്ധിച്ചു മുളകുമൂട്ടിലും കന്യാകുമാരിയിലും മററും പാവങ്ങൾക്കു മരുന്നുകൾ സൗജന്യമായിവിതരണംചെയ്യുന്ന ഔഷധശാലകളുമുണ്ട്. റേന്തവ്യവസായത്തിൽ അവർ തിരുവിതാംകൂറിൽ അഗ്രഗണ്യകളാണ്. 1914-ലെ ബോംബേപ്രദർശനത്തിൽ ദിവാൻ വി. പി. മാധവറാവ് ആവശ്യപ്പെട്ടതനുസരിച്ച് ആ വ്യവസായംസംബന്ധിച്ചു തിരുവിതാംകൂറിൻെറ പ്രാതിനിധ്യംവഹിച്ചതു മുളകുമൂട്ടിലെ കന്യാസ്ത്രീകളായിരുന്നു. അവരുടെ അനാഥശാലകൾ റേന്തവ്യവസായത്തിൻെറ കേന്ദ്രങ്ങളായിത്തീൎന്നിട്ടുണ്ട്. നമ്മുടെ നാട്ടിലെ സാധുക്കളായ അസംഖ്യം സ്ത്രീജനങ്ങൾക്കു മാന്യവും സുഗമവുമായ ഒരു ജീവികാമാൎഗ്ഗം തെളിച്ചുകൊടുത്തു രാജ്യക്ഷേമത്തെ പൊതുവെ വർദ്ധിപ്പിച്ചിട്ടുള്ള ഈ ധൎമ്മസഹോദരികൾ നമ്മുടെ അഭിനന്ദനത്തിനും കൃതജ്ഞതയ്ക്കും അർഹരാണ്.

വിവിധസംഘങ്ങളിൽപ്പെട്ട ഈ സന്യാസിനികളെക്കൂടാതെ ഫ്രാൻസിസ്കൻ (കപ്പൂച്ചിൻ) ധർമ്മസഹോദരന്മാരും ശുപതയിൽ ഏററവും സ്തുത്യർഹമാംവണ്ണം ദരിദ്രസേവനം അനുഷ്ഠിക്കുന്നുണ്ട്. ലോകചരിത്രത്തിലെ പതിതോദ്ധാരകരിൽ അദ്വിതീയനായ ആഅസ്സീസിയിലെ പുണ്യവാൻെറ അനുയായികളായ ഈ അവധൂതന്മാരുടെ ജീവിതപരിപാടിയിൽ ആതുരസംരക്ഷണത്തിനു സൎവ്വപ്രധാനമായ ഒരു സ്ഥാനമാണുള്ളത്. കൊല്ലത്തും മാവേലിക്കരയുമുള്ള അവരുടെ ആശ്രമങ്ങൾ അഗതികളുടെയും ആതുരരുടെയും അഭയസങ്കേതങ്ങളാണ്. എല്ലാ ദിവസവും അവരുടെ ഭക്ഷണസമയത്ത് ഒരു ധർമ്മസഹോദരൻ ആശ്രമാങ്കണത്തിൽ നിന്ന് അവരുടെ വിനീതമായ ആഹാരത്തിൻെറ പങ്ക് അവിടെക്കൂടുന്ന പാവങ്ങൾക്കെല്ലാം വിതരണം ചെയ്യുന്ന കാഴ്ച, അഞ്ചപ്പംകൊണ്ട് അയ്യായിരം പേൎക്കു മൃഷ്ടാന്നഭോജനം നല്കിയ ക്രിസ്തുഭഗവാൻെറ മഹനീയാപദാനത്തെ അനുസ്മരിപ്പിക്കുന്നു. കൊല്ലം പ

DVK Library
Bangalore - 29

ട്ടണത്തിൽ ദാരിദ്ര്യത്തിലും ദുർമ്മാർഗ്ഗത്തിലും ഏററവും നിമഗ്നമായ ഒരു സ്ഥാനമാണല്ലോ അവരുടെ ആശ്രമം സ്ഥാപിക്കുന്നതിനു ബെൻസിഗർമെത്രാൻ തെരഞ്ഞെടുത്തതു്. ഈ ചുരുങ്ങിയ കാലത്തിനുള്ളിൽ അവരുടെ സേവനത്തിൻെറ ഫലമായി സന്മാർഗ്ഗപരമായും ആദ്ധ്യാത്മികമായും അവിടെ ഉണ്ടായിട്ടുള്ള പരിവത്തനം സുസ്പഷ്ടദൃശ്യമാണു്. ആശ്രമംവകയായി നടത്തപ്പെടുന്ന പ്രാഥമികവിദ്യാലയത്തിലെ ഭൂരിഭാഗവും അഗതികളായ വിദ്യാൎത്ഥികൾക്കു വസ്ത്രം, അന്നം, പുസ്തകങ്ങൾ മുതലായവകൂടി ആശ്രമത്തിൽനിന്നു ദാനം ചെയ്യപ്പെടുന്നു. 'ഡോക്ടരപ്പൻ' എന്നു സുവിദിതനായിരിക്കുന്ന ഒരു സന്യാസിവൈദികനിൽനിന്നു സമീപപ്രദേശങ്ങളിലുള്ള സാധുക്കൾക്കു സൗജന്യമായി ലഭിക്കുന്ന വൈദ്യസഹായം കൃതജ്ഞതാപൂൎവ്വം അഭിനന്ദിക്കപ്പെടുന്നു.

തിരുവനന്തപുരം, കൊല്ലം മുതലായ പട്ടണങ്ങളിൽ സെയിൻറു വിൻസെൻറു ഡി പോൾ സംഘങ്ങൾ അനുഷ്ഠിക്കുന്ന ദരിദ്രസേവനവും ഗണനീയമാണു്. തിരുവിതാംകൂർ ഹൈക്കോർട്ടിലെ ചീഫ് ജസ്റ്റീസ്സ് മഹാരാജമാന്യരാജശ്രീ ജോസഫ് തളിയത്തു് അവർകളുടെ നിപുണമായ നേതൃത്വത്തിൽ തിരുവനന്തപുരത്തു് അഭ്യസ്തവിദ്യരായ പ്രസ്തുത സംഘത്തിൻെറ അംഗങ്ങൾ അഗതികളെ ഏററവും ഫലപ്രദമായി പരിചരിക്കുന്നുണ്ടു്. അതുപോലെ ഊൎജ്ജസ്വലനായ റവ. ഫാദർ ജോൺ കാക്കരി അവർകളുടെ നിയന്തൃത്വത്തിൽ കൊല്ലം തുയ്യത്തു് ഇടവകയിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന സംഘത്തിൻെറ പ്രവർത്തനവും വിജയകരമാണു്. ദരിദ്രസേവനപ്രസ്ഥാനങ്ങളിൽ അതുല്യമായിപ്പരിലസിക്കുന്ന ഈ സെയിൻറു വിൻസെൻറു ഡി പോൾ സംഘങ്ങൾ എല്ലാ ഇടവകകളിലും സ്ഥാപിക്കപ്പെടുമാറാകട്ടെ.

# അദ്ധ്യായം ൧.

## ക്രിസ്തുമതപ്രചാരണം.

ഡോക്ടർ ബെൻസിഗരുടെ ഏററവും മഹനീയമായ അപദാനം ക്രിസ്തുമതപ്രചാരണം സംബന്ധിച്ചതായിരുന്നു. അതിന്നായിരുന്നു തൻെറ ശക്തിയും ധനവും ഏററവും കൂടുതലായി അദ്ദേഹം വിനിയോഗിച്ചതു്. നാനാദിഗന്തങ്ങളിലും സുവിശേഷം പ്രസംഗിക്കപ്പെടണമെന്നുള്ള ക്രിസ്തുവിൻെറ ശാസനത്തെ അനുസരിച്ചാണല്ലോ അദ്ദേഹം ഇൻഡ്യയിൽ വന്നതു്. ക്രിസ്തുവബ്ദം ഒന്നാം നൂററാണ്ടുമുതൽ വിദേശീയക്രൈസ്തവധർമ്മദൂതന്മാർ ഇൻഡ്യയിൽ വന്നുകൊണ്ടിരുന്നുവെങ്കിലും, സെയിൻറു തോമസ്സിനെയും സെയിൻറു ഫ്രാൻസിസ്സ് സേവിയരിനെയും ഒഴിച്ചാൽ, ഡോക്ടർ ബെൻസിഗറിനെപ്പോലെ പ്രേഷിതവൃത്തിയിൽ ഇവിടെ അത്ര വിജയം സമ്പാദിച്ചവർ വേറെ ഉണ്ടോയെന്നു സംശയമാണു്. ജീവിതവിശുദ്ധിയിലും, പുണ്യസമ്പത്തിലും, നിസ്സ്വാത്ഥതയിലും, കർമ്മകുശലതയിലും, ക്രിസ്തുധർമ്മപ്രചാരണത്തിന്നായുള്ള അവിശ്രമപരിശ്രമത്തിലും അദ്ദേഹം വേറൊരു ഫ്രാൻസിസ്സ് സേവിയർ തന്നെയായിരുന്നു.

ബെൻസിഗർ മെത്രാൻ ഭരണമാരംഭിച്ചപ്പോൾ, രൂപതയുടെ പശ്ചിമഭാഗത്തെ, വടക്കെയററം മുതൽ തെക്കെയററംവരെ, തുടർച്ചയായി കത്തോലിക്കർ അധിവസിച്ചിരുന്നുവെങ്കിലും, വടക്കും കിഴക്കും ഭാഗങ്ങളിൽ കത്തോലിക്കരും കത്തോലിക്കു ദേവാലയങ്ങളുമുണ്ടായിരുന്നില്ല. കത്തോലിക്കേതരക്രിസ്ത്യാനികളാലും അക്രൈസ്തവരാലും അദ്ധ്യുഷിതമായിരുന്ന ഈ വിപുലമായ പ്രദേശത്തെ അദ്ദേഹം മൂന്നു മിഷൻ പ്രവത്തനരംഗങ്ങളായി വിഭജിച്ചു:- (1) നെയ്യാററിങ്കര കേന്ദ്രമായ ദക്ഷിണപൂർവ്വരംഗം, (2) പുനലൂർ കേന്ദ്രമായ പൂർവ്വരംഗം (3) ക

ററാനം കേന്ദ്രമായ ഉത്തരപൂൎവ്വരംഗം. അദ്ദേഹത്തിൻെറ ആജ്ഞാകരന്മാരായി യൂറോപ്യന്മാരും ഏതദ്ദേശീയന്മാരുമായ അനേകം സമൎത്ഥന്മാരായ മിഷനറിമാർ ഈ രംഗങ്ങളിൽ ധൎമ്മപ്രചാരണം ചെയ്തിട്ടുണ്ട്. നെയ്യാററിൻകര ഡിസ്ത്ട്റിക്ററിൽ മിഷൻപ്രവൎത്തനമാരംഭിച്ചതു് അക്കാലത്തെ ഏതദ്ദേശീയവൈദികരിൽ അഗ്രഗണ്യനായ ഫാദർ ജോൺ ഗൊൺസാൽവെസ്സായിരുന്നു. അദ്ദേഹത്തെ തുടൎന്നു് അവിടെ ക്രിസ്തുമതം പ്രചരിപ്പിച്ചവരിൽ ഫാദർ ജോൺ ഡാമസീൻ, ഒ. സി. ഡി., ഫാദർ ജറുമിയാസ്സ് ഡിക്രൂസ്സ്, ഫാദർ ഇൽദഫോൺസ്, ഒ. സി. ഡി. എന്നീ ധൎമ്മദൂതപ്രവരന്മാർ ഉൾപ്പെടുന്നു. ഏകദേശം നാല്പതു കൊല്ലങ്ങൾക്കുമുമ്പു ഈ മിഷൻരംഗത്തു ധൎമ്മസേവനം ആരംഭിച്ച റെവ. ഫാദർ ജോൺ ഡാമസീൻ ഇന്നും ആ ഭാഗങ്ങളിൽ വളരെ വിജയകരമായി തൻെറ ധൎമ്മദൂതകൃത്യം നിർവഹിക്കുന്നു. ഇവരുടെ അക്ഷീണയത്നത്തിൻെറ ഫലമായി ആരംഭത്തിൽ ഒരു പള്ളിയും, ഒരു വൈദികനും ഏതാനും കത്തോലിക്കരും മാത്രമുണ്ടായിരുന്ന ഈ രംഗത്തിൽ ഇപ്പോൾ ഇരുപത്തിയഞ്ചില്പരം പള്ളികളും ഇരുപതില്പരം വൈദികരും 35000-ല്പരം കത്തോലിക്കരുമുണ്ട്. നെയ്യാററിൻകര ഡിസ്ട്രിക്ടിൽ ഏററവും വിജയകരമായി ക്രിസ്തുമതം പ്രചരിപ്പിച്ച മിഷനറി റെവ. ഫാദർ ഇൽദഫോൺസായിരുന്നു. തിരുവനന്തപുരംരൂപത അതിൻെറ സത്തയ്ക്കും പുഷ്ടിക്കും യശഃശരീരനായ ആ ധൎമ്മവീരനോടു വളരെ കടപ്പെട്ടിട്ടുണ്ട്. പുത്തൻകട, കളീക്കവിള മുതലായി തെക്കൻ തിരുവിതാംകൂറിലെ ഇതരസ്ഥലങ്ങളിലും ഒട്ടുവളരെ വിമതസ്ഥർ, ഇതിനിടയിൽ, പരിവൎത്തനം ചെയ്യപ്പെട്ടിട്ടുണ്ട്.

തൻെറ രൂപതയുടെ ഉത്തരപൂൎവ്വഭാഗത്തെ അധിവസിച്ചിരുന്ന യാക്കോബായക്കാരും മാൎത്തോമ്മാക്കാരും

പ്രോട്ടസ്റ്റൻർറുകാരുമായ ക്രിസ്തീയ സഹോദരങ്ങളെ ഏക
വും, സാർവ്വത്രികവും, അപ്പസ്തോലികവും, വിശുദ്ധവുമായ
കത്തോലിക്കസഭയിലേക്ക് ആകർഷിച്ചു പാഷണ്ഡത
യിൽനിന്നു പ്രത്യുദ്ധരിക്കുന്നതിനു ബെൻസിഗർ മെത്രാൻ
എപ്പോഴും ഉത്സുകനായിരുന്നിട്ടുണ്ട്. അതിനായി അ
ദ്ദേഹം അവരുടെ ഒരു് ആസ്ഥാനമായ കററാനത്തു്,
1914-ൽ, തിരുഹൃദയമിഷൻ എന്ന നാമധേയത്തിൽ,
അന്നു മാവേലിക്കര വികാരിയായിരുന്ന ഫാദർ പന്തല
യോൺ പെരയിരയുടെ സഹായത്തോടുക്രൂടി, ഒരു ധർമ്മ
പ്രചാരണകേന്ദ്രം സ്ഥാപിച്ചു. അതിനോടു്, ആരംഭ
ത്തിൽ, മുമ്പേതന്നെ അവിടെ ലബ്ധപ്രതിഷ്ഠരായിരുന്ന മ
ററു ക്രിസ്തീയവകുപ്പുകാരുടെ ശക്തിമത്തായ എതിർപ്പുണ്ടാ
യിരുന്നു. ഈ പ്രവർത്തനം ആരംഭിച്ചു് ഒരു വർഷം കഴി
ഞ്ഞതിനുശേഷം, 1915 ഫെബ്രുവരി 14-ാനു-, ബെൻ
സിഗർ മെത്രാൻ സ്ഥലം സന്ദർശിച്ചപ്പോൾ, ഏഴംഗങ്ങളു
ള്ള ഒരൊററ കുടുംബംമാത്രമേ കത്തോലിക്കമതം അവലം
ബിച്ചിരുന്നുള്ളു. 1915 മേയ് 2-ാനു- അദ്ദേഹം മഹ
ത്തായ കത്തോലിക്ക തിരുസ്സഭയുടെ പ്രാതിനിധ്യം വഹി
ക്കുന്നതിനു, ജീവിതവിശുദ്ധി, പാണ്ഡിത്യം, ധർമ്മധീരത,
കർമ്മകുശലത, ദീനാനുകമ്പ, ത്യാഗബുദ്ധി എന്നീ ക്രൈ
സ്തവധർമ്മദൂതോചിതങ്ങളായ ഗുണങ്ങളെക്കൊണ്ടു, സർവ്വ
ഥാ യോഗ്യനായ ഫാദർ ലോറൻസ് പെരെയിരയെ ക
ററാനം ഡിസ്റ്റ്റിക്ററിലെ മിഷനറിയായി നിയമിച്ചു.
ഏതാനും കൊല്ലങ്ങൾകൊണ്ടു് അദ്ദേഹം പ്രതിബന്ധങ്ങ
ളെയെല്ലാം ജയിക്കുകയും ഒട്ടുവളരെ പതിതരായ സുറിയാ
നിക്രിസ്ത്യാനികളുടെ കുടുംബങ്ങളെയും, അവരുടെ വൈ
ദികരെയും, ഇതരന്മാരെയും കത്തോലിക്കതിരുസ്സഭയിലേ
ക്കു സ്വീകരിക്കുകയും ചെയ്തു. അദ്ദേഹം ധർമ്മപ്രചാരണ
മഹാസമ്മേളനങ്ങൾ നടത്തിയും, അവയിൽ വാഗ്മികളും
വേദപണ്ഡിതന്മാരുമായ പ്രസംഗകന്മാരെക്കൊണ്ടു പ്ര

സംഗിപ്പിച്ചും, കത്തോലിക്കതിരുസ്സഭയുടെ സത്യവത്താ ത്തെയും അന്യാദൃശമായ മാഹാത്മ്യത്തെയും പ്രകാശിപ്പിക്കുന്ന ലഘുലേഖകളും പുസ്തകങ്ങളും അകത്തോലിക്കരുടെ ഇടയിൽ പ്രചരിപ്പിച്ചും, അവയെ തന്നെത്താൻ എഴുതി പ്രസിദ്ധപ്പെടുത്തിയും അവരുടെ അബദ്ധധാരണകളെ നീക്കുകയും അവരെ സ്വമതത്തിലേക്ക് ആകർഷിക്കുകയും ചെയ്തു. വള്ളിക്കുന്നം, ചാരുമ്മൂട്, നൂറനാട്, കൊടശനാട്, കോട്ടംപള്ളി, താമരക്കുളം, ചുനക്കര, കടമ്പനാട്, പെരുങ്ങനാട്, ശൂരനാട്, ഇടക്കാട് എന്നീ പ്രദേശങ്ങളിലെല്ലാം അദ്ദേഹം യഥാർത്ഥക്രിസ്തുധർമ്മം പ്രചരിപ്പിക്കുകയും ഒട്ടുവളരെ ആളുകളെ കത്തോലിക്കതിരുസ്സഭയിൽ ചേർക്കുകയും ചെയ്തു. 1921-ൽ അദ്ദേഹം തൻെറ ആസ്ഥാനം കററാനത്തുനിന്നു ചാരുമ്മൂട്ടിലേക്കു മാററി. 1921 ഫെബ്രുവരി 8-ാനു- ബെൻസിഗർ മെത്രാൻ ഈ മിഷൻരംഗം സന്ദർശിച്ചപ്പോൾ അതിൻെറ വിജയത്തിൽ അദ്ദേഹത്തിനുള്ള സംതൃപ്തിയെ ഇവ്വിധം പ്രകാശിപ്പിച്ചു:- "ഈ പുതിയ രംഗത്തിൽ ക്രിസ്തുധർമ്മപ്രചാരണത്തിനുണ്ടായിട്ടുള്ള സൗഭാഗ്യകരമായ പുരോഗതിയെ നാം സന്തോഷപൂർവ്വം രേഖപ്പെടുത്തുന്നു; ആറു വർഷങ്ങൾക്കുമുമ്പു കത്തോലിക്കരില്ലാതിരുന്ന ഈ പ്രദേശത്ത് ഇപ്പോൾ ഏകദേശം 900 കത്തോലിക്കരും മൂന്നു പള്ളികളും രണ്ടു കപ്പേളകളുമുണ്ട്." ഇപ്പോൾ കത്തോലിക്കരുടെയും ദേവാലയങ്ങളുടെയും സംഖ്യ അന്നത്തേതിൻെറ അനേകം മടങ്ങു വർദ്ധിച്ചിട്ടുണ്ട്.

ഇങ്ങനെ ഈ വിപുലമായ മിഷൻരംഗത്തിൽ ഏററവും വിജയകരമായ ധർമ്മപ്രചാരണസംരംഭങ്ങളിലേർപ്പെട്ടിരുന്നപ്പോളായിരുന്നു ഫാദർ ലോറൻസ് പുതുതായി രൂപവല്ക്കരിക്കപ്പെട്ട കോട്ടാർ രൂപതയുടെ മെത്രാനായി (1930-ൽ)നിയമിക്കപ്പെട്ടതു്. അദ്ദേഹം ഏകനായി പ്രയത്നിച്ച ആ ഭഗവദ്ദ്രാക്ഷാരാമത്തിൽ ഇപ്പോൾ ഒൻപതു

ക്രൈസ്തവധൎമ്മദൂതന്മാർ വളരെ ഫലപ്രദമായി പണിയെടുക്കുന്നു. അനേകം ശാഖോപശാഖകളോടുകൂടിയ എട്ടു ശൎമ്മപ്രചാരണകേന്ദ്രങ്ങളും എട്ടു ദേവാലയങ്ങളും ഇപ്പോൾ അവിടെയുണ്ട്. അദ്ദേഹത്തിൻെറ സഹകരണത്തോടുകൂടി ബെൻസിഗർ മെത്രാൻ സമാരംഭിച്ച ഈ മഹാപ്രസ്ഥാനത്തിൻെറ ഫലമായിട്ടായിരുന്നു മാർ ഇവാന്യോസ്സ് മെത്രാപ്പോലീത്തായും മാർ തിയോഫലീസ്സ് മെത്രാനും ഒട്ടു വളരെ വൈദികരുൾപ്പെടെയുള്ള അനേകസഹസ്രം സജനങ്ങളോടുകൂടി കത്തോലിക്കതിരുസ്സഭയോടു പുനരൈക്യം പ്രാപിച്ചതെന്ന വസ്തുത ആൎക്കും മറക്കാവുന്നതും മറയ്ക്കാവുന്നതുമല്ല. 1930 സെപ്ററംബർ 30-നു ഈ വൈദികശ്രേഷ്ഠന്മാരെ വിശ്വാസപ്രതിജ്ഞചെയ്യിച്ചു തിരുസ്സഭയിലേക്കു സ്വീകരിച്ചതും ബെൻസിഗർ മെത്രാനായിരുന്നു. ഇദ്ദേഹത്തിൻെറ കാലത്തു കൊല്ലം രൂപതയ്ക്കുണ്ടായ സത്വരമായ വൃദ്ധിയുടെയും വികാസത്തിൻെറയും ഫലമായി കോട്ടാർ, തിരുവനന്തപുരം എന്നീ രണ്ടു പുതിയ രൂപതകൾക്കു മാത്രമാണു സത്ത ലഭിച്ചതെന്നു പ്രസ്താവിക്കപ്പെടുന്നുണ്ട്. വാസ്തവത്തിൽ ഡോക്ടർ ബെൻസിഗർ രണ്ടല്ല, നാലു പുതിയ രൂപതകളുടെ ജനയിതാവാണ്. അന്ത്യോഖ്യാ സുറിയാനിക്കത്തോലിക്കരുടെ തിരുവനന്തപുരം അതിരൂപതയും തിരുവല്ലാരൂപതയും ആവിർഭവിക്കുന്നതിനുള്ള പശ്ചാത്തലം സൃഷ്ടിച്ചതു് അദ്ദേഹവും ആ സൃഷ്ടികൎമ്മത്തിൽ അദ്ദേഹത്തിൻെറ വലംകൈയായിരുന്നതു ഫാദർ ലോറൻസ് പെരയിരയും ആയിരുന്നു, സംശയമില്ല. ഈ മഹോദ്യമത്തിൽ അദ്ദേഹത്തിനു സമൎത്ഥന്മാരായ ഏതാനും സുറിയാനി കർമ്മലീത്താ സന്യാസിവൈദികരുടെ സഹകരണവും ലഭിച്ചിട്ടുണ്ട്. അവരെ അദ്ദേഹം ക്ഷണിച്ചുവരുത്തി കൊട്ടാരക്കര, പന്തളം, പുത്തൻകാവു മുതലായ പ്രദേശങ്ങളിൽ നിയോഗിച്ചിരുന്നു.

ഡോക്ടർ ബെൻസിഗർ ആരംഭിച്ച മൂന്നാമത്തെ മി

ഷൻരംഗമായ പുനലൂർ തൻെറ രൂപതയുടെ കിഴക്കുവട ക്കായി സ്ഥിതിചെയ്യുന്നു. 1905-ൽ അവിടെ പള്ളിയായി ഉപയോഗിക്കപ്പെട്ട ഒരു ചെറിയ ഷെഡ്ഡും ഏതാനും കത്തോലിക്കരും മാത്രമേ ഉണ്ടായിരുന്നുള്ളു. കുറെക്കഴിഞ്ഞപ്പോഠം ബെൻസിഗർ മെത്രാൻ അവിടെ ഒരു നല്ല ദേവാലയം നിമ്മിച്ചു. എന്നാൽ 1920-ൽ മാത്രമാണ് അവിടെ ഒരു വൈദികൻ സ്ഥിരമായി താമസിച്ചു തുടങ്ങുകയും ക്രിസ്തുധമ്മപ്രചാരണം മുറയ്ക്കു് ആരംഭിക്കുകയും ചെയ്തതു്. പത്തുകൊല്ലംകൊണ്ടു പുനലൂർ ഡിസ്റ്റ്റിക്റു് രണ്ടായിരത്തില്പരം കത്തോലിക്കരും ആറു ദേവാലയങ്ങളുമുള്ള ഒരു വിപുലമായ മിഷൻരംഗമായിത്തീന്നു. ആ കാലഘട്ടത്തിൽ അവിടെ ഏററവും ഊജ്ജസ്വലമായ ധമ്മസേവനമനുഷ്ഠിച്ചതു ഫാദർ ജോൺ മേരി, ഒ. സി. ഡി., ആയിരുന്നു.

ബെൻസിഗർ മെത്രാൻെറ കാലത്തു് അദ്ദേഹത്തിൻെറ നേതൃത്വത്തിൽ ഈ വിവിധരംഗങ്ങളിൽ നടന്ന ധമ്മപ്രചാരണസംരംഭങ്ങളുടെ ഫലമായി ക്രിസ്തുമതത്തിനുണ്ടായിട്ടുള്ളപോലെ പ്രചാരം കേരളത്തിൽ സെയിൻറു ഫ്രാൻസിസ്സ് സേവിയരിൻെറ കാലത്തിനിപ്പുറമുണ്ടായിട്ടില്ലെന്നുള്ളതു നിസ്തക്കമാണു്. ഇൻഡ്യയിൽ മററു യാതൊരു മെത്രാനും ഇത്ര വിജയപൂവ്വം മിഷൻ പ്രവത്തനം നിവ്വഹിച്ചിട്ടില്ലെന്നു വിവിധരൂപതകളിൽനിന്നുമുള്ള റിപ്പോർട്ടുകഠം തെളിയിക്കുന്നു. മഹേച്ഛനായ ഡോക്ടർ ബെൻസിഗർ ഒരുലക്ഷത്തിൽപരം ജനങ്ങളെ കത്തോലിക്കക്രിസ്തുമതത്തിൽ ചേത്തു് അവക്കു മോക്ഷമർാഗ്ഗം തെളിച്ചിട്ടുണ്ടു്. ഈ നിസ്തുലമായ വിജയത്തിനു നിദാനമായിരുന്നതു ബെൻസിഗർ മെത്രാൻെറ ധമ്മഭടന്മാരായിരുന്ന മിഷനറിമാരുടെ സാമത്ഥ്യമോ അദ്ദേഹം ചെലവുചെയ്ത ധനത്തിൻെറ ആധിക്യമോ മാത്രമല്ല, പുണ്യവാനായ അദ്ദേഹത്തിൻെറ പ്രാത്ഥനയുടെ അമോഘത

യും കൂടിയാണെന്നുള്ളതിനു സംശയമില്ല. അദ്ദേഹത്തിന്റെ പുണ്യാതിരേകവും പ്രേഷിതവൃത്തിയിൽ അദ്ദേഹത്തിനു സിദ്ധിച്ച മഹാവിജയവും പരിഗണിച്ചാൽ, കേരളീയക്രിസ്ത്യാനികൾ പൊതുവെ അദ്ദേഹത്തെ അഭിനവ സെയിന്റു തോമസ്സായോ അഭിനവ സെയിന്റു ഫ്രാൻസിസ്സ് സേവിയറായോ ബഹുമാനിക്കുന്നുവെങ്കിൽ അതു് ഒട്ടും അസംഗതമാകയില്ല.

---

## അദ്ധ്യായം ൯.

### ചരമകാലം.

ബെൻസിഗർ മെത്രാന്റെ കാലത്തു കൊല്ലം രൂപത പ്രാപിച്ച അഭിവൃദ്ധിയുടെയും അദ്ദേഹത്തിന്റെ സംഭവബഹുലമായ ജീവിതത്തിന്റെയും ഒരു് അപൂർണ്ണചിത്രം മാത്രമേ ഇവിടെ വരയ്ക്കുന്നതിനു സാധിച്ചിട്ടുള്ളു. 1925-ൽ അദ്ദേഹത്തിന്റെ മെത്രാപ്പട്ടാഭിഷേകത്തിന്റെ രജതജൂബിലി ആഘോഷിക്കപ്പെട്ടപ്പോൾ രൂപതയിൽ സാർവ്വത്രികമായി പ്രകടിപ്പിക്കപ്പെട്ട സന്തോഷാതിശയം അദ്ദേഹം തങ്ങൾക്കു ചെയ്തിട്ടുള്ള മഹോപകാരങ്ങളെ ഭരണീയർ എത്ര കൃതജ്ഞതാപൂർവ്വമാണു സ്മരിക്കുന്നതെന്നും മാർപ്പാപ്പാ അദ്ദേഹത്തിനു് 'Assistant to the Pontifical Throne', 'Domestic Prelate', 'Roman Court' എന്നീ മഹാർഹങ്ങളായ സ്ഥാനമാനങ്ങൾ നല്കി ബഹുമാനിച്ചുവെന്ന വസ്തുത മേലധികാരികൾ അദ്ദേഹത്തിന്റെ പ്രശസ്തങ്ങളായ സേവനങ്ങളെ എത്രമാത്രം അഭിനന്ദിച്ചിട്ടുണ്ടെന്നും തെളിയിച്ചു. നിരവധി ധനംകൊണ്ടും, നിസ്സ്വാർത്ഥമായ സേവനംകൊണ്ടും, നിസ്തുല്യമായ പുണ്യപ്രചുരിമകൊണ്ടും സ്വപ്രജകളുടെ ക്ഷേമൈശ്വര്യങ്ങളെ അനന്യശക്യമാംവണ്ണം വർദ്ധിപ്പിക്കുകയും സ്വരാജ്യത്തെ ധന്യമാ

ക്കുകയും ചെയ്ത മഹാമാത്രനായ ഈ ധമ്മദൂതാഗ്രേസരനെ തിരുവിതാംക്രർ മഹാരാജാക്കന്മാരും രാജകുടുംബവും വളരെ ബഹുമാനിച്ചിരുന്നുവെന്നതും സുവിദിതമാണ്.

നമ്മുടെ കഥാനായകൻെറ ചരമകാലഘട്ടത്തിലേക്കു കടക്കുന്നതിനു മുമ്പായി അദ്ദേഹത്തിൻെറ സ്വഭാവത്തിനും പ്രകൃതിക്കുമുള്ള അസാധാരണങ്ങളായ ചില ഉപലക്ഷണങ്ങളെ, അവ മിക്കവാറും അവാച്യങ്ങളാണെങ്കിലും, ഇവിടെ കുറിക്കുന്നതിനു ശ്രമിച്ചുകൊള്ളട്ടെ. അദ്ദേഹം ഒരു സന്ന്യാസിയും ഒരു മെത്രാനുമായിരുന്നു. ഒരു സന്ന്യാസി ആത്മസാക്ഷാല്ക്കാരത്തിനായി ലോകവ്യവഹാരങ്ങളേയും സുഖങ്ങളേയും സമ്യക്കായി ന്യസിക്കുന്നു, ത്യജിക്കുന്നു. ഒരു മെത്രാൻ ആത്മസാക്ഷാല്ക്കാരത്തിനു പുറമേ ഇതരരുടേയും രക്ഷയ്ക്കായി ഒട്ടുവളരെ ജനങ്ങളുടെ ആദ്ധ്യാത്മികമായ നേതൃത്വം വഹിക്കുന്നു; അദ്ദേഹം ഒരു വൈദികസംസ്ഥാനത്തിൻെറ ഭരണധുരന്ധരനായി, കത്തോലിക്കതിരുസ്സഭയാകുന്ന സാവ്വഭൗമമായ ധമ്മസാമ്രാജ്യത്തിലെ ഒരു സാമന്തരാജാവായി, തീരുന്നു; തൻെറ സ്ഥാനത്തിൻെറ മഹത്വത്തിനും ഔന്നത്യത്തിനും അനുരൂപമായ 'അന്തസ്സ്' അദ്ദേഹം ബാഹ്യാചാരങ്ങളിൽ പാലിക്കേണ്ടിയിരിക്കുന്നു; സന്ന്യാസിയുടെ ശാലീനതയും കക്കശങ്ങളായ ചില ദിനചര്യകളും അദ്ദേഹം ഉപേക്ഷിക്കേണ്ടിയിരിക്കുന്നു. ഇങ്ങനെ, സന്ന്യാസിയുടെയും മെത്രാൻെറയും ആദശങ്ങൾ പരസ്പരവിരുദ്ധങ്ങളല്ലെങ്കിലും, അവരുടെ ജീവിതരീതികൾക്കും പ്രവത്തനപരിപാടികൾക്കും ചില വ്യത്യാസങ്ങളുണ്ട്.. മെത്രാന്മാരായിത്തീന്ന ചില സന്ന്യാസികൾ അവരുടെ സന്ന്യാസിത്വം വിസ്മരിച്ചുപോകാം; മററു ചിലർ തങ്ങളുടെ സന്ന്യാസിത്വത്തിൻെറ തള്ളൽമൂലം തങ്ങൾ മെത്രാന്മാരാണെന്നുള്ള വസ്തുത ഓർമ്മിക്കാത്തവരെപ്പോലെ വത്തിക്കാം. ഡോക്ടർ ബെൻസിഗറുടെ അന്യാദൃശമായ മഹത്വം സന്ന്യാസിയുടെയും

മെത്രാൻെറയും ഈ അവസ്ഥാഭേദങ്ങളെ സമ്യക്കായി കൂട്ടിയിണക്കി അദ്ദേഹം ഒരേ സമയത്തു് ഉത്തമനായ ഒരു സന്ന്യാസിയും ഉത്തമനായ ഒരു മെത്രാനുമായിരുന്നുവെന്നുള്ളതിലാണു പ്രത്യക്ഷീഭവിക്കുന്നതു്. അദ്ദേഹത്തിൻെറ അരമനയിലെ കിടക്കമുറി ഇതിനു് ഒരു പ്രകടമായ ഉദാഹരണമായിരുന്നതായി പറയപ്പെടുന്നു: രാജയോഗ്യമായ ഒരു പര്യങ്കവും സുഖദങ്ങളായ ഉപധാനങ്ങളും മെത്തയും മററും അതിൽ സജ്ജീകരിക്കപ്പെട്ടിരുന്നു; പക്ഷേ, സന്ന്യാസിത്വം വിസ്മരിച്ചിട്ടില്ലാതിരുന്ന ബെൻസിഗർ മെത്രാൻ സാധാരണമായി ശയിച്ചതു് ആ മുറിയുടെ വേറൊരു ഭാഗത്തു തറയിൽ വിരിച്ചിരുന്ന ഒരു പരുക്കൻ കിടക്കയിലായിരുന്നു! അതുപോലെ വിഭവസമൃദ്ധമായ ഭോജ്യപേയങ്ങൾ അദ്ദേഹം അതിഥികൾക്കു വിളമ്പിക്കുമെങ്കിലും താൻ ഉപയോഗിച്ചതു് ഏററവും ലഘുവും ദരിദ്രയോഗ്യവുമായ ആഹാരം മാത്രമായിരുന്നു. ഒരു ധനാഢ്യകുടുംബത്തിൽ ജനിച്ചു വളൎന്നു് ആഡംബരജീവിതം യൌവ്വനത്തിൽ പരിചയിച്ചിരിക്കാവുന്ന അദ്ദേഹത്തിനു് ഒരു മെത്രാനായിത്തീൎന്നപ്പോൾ ഏററവും സുഖപ്രദമായ ഒരു പ്ലഷക്കാറിൽ സഞ്ചരിക്കുന്നതിനും ഏററവും ആഡംബരപൂൎവ്വമായ പരിസ്ഥിതികളിൽ ജീവിക്കുന്നതിനും കഴിയുമായിരുന്നു; അത്ര സമൃദ്ധമായ ധനം അദ്ദേഹത്തിനു് അധീനമായിരുന്നുവല്ലോ. എങ്കിലും ഏററവും വിനീതവും ശാലീനവുമായ ഒരു ജീവിതമായിരുന്നു അദ്ദേഹം നയിച്ചതു്. ഒരു മെത്രാനെന്ന നിലയിൽ അദ്ദേഹത്തിൻെറ അവധാനത്തെ ബഹുമുഖങ്ങളായ കാൎയ്യങ്ങൾ ആകൎഷിക്കുകയും അദ്ദേഹം അവയെ എല്ലാം സുസമൎത്ഥമായി നിൎവ്വഹിക്കുന്നതിൽ എപ്പോഴും ജാഗരൂകനായിരിക്കുകയും ചെയ്തുവെങ്കിലും, അദ്ദേഹത്തിൻെറ ഈശ്വരകല്പനകളുള്ള ഏകതാനത ഒരു സന്ന്യാസിയുടേതുപോലെ സദാ അവ്യാഹതമായി പാലിക്കപ്പെട്ടു. അദ്ദേഹത്തിൻെറ സകല പ്രവൃത്തികളും

ഈശ്വരോദ്ദേശ്യകങ്ങളായിരുന്നു; അദ്ദേഹത്തിൻെറ ഭരണനയത്തോടും പ്രവൎത്തനപദ്ധതികളോടും അഭിപ്രായവ്യത്യാസമുണ്ടായിരുന്നവരും അതു സമ്മതിക്കും; അദ്ദേഹത്തിനു ശത്രുക്കളുണ്ടായിരുന്നെങ്കിൽ അവർപോലും അദ്ദേഹത്തിൻെറ ഉദ്ദേശ്യശുദ്ധിയെ അപലപിക്കാൻ മുതിൎന്നിട്ടില്ല. മെത്രാനെന്നുള്ള നിലയിൽ അദ്ദേഹത്തിൻെറ ഭരണസരണിയിൽ പ്രബലന്മാരായ പരിപന്ഥികളും ദുസ്തരങ്ങളായ പ്രതിബന്ധങ്ങളും പലപ്പോഴം അദ്ദേഹത്തോട് അഭിമുഖീഭവിച്ചിട്ടുണ്ട്; പക്ഷെ അവരെയും അവയെയും എല്ലാം അദ്ദേഹം അജയ്യമായ സ്ഥൈര്യത്തോടും നിശ്ചയദാർഢ്യത്തോടുംകൂടി തട്ടിമറിച്ചിട്ടു വിജയശ്രീയോടുകൂടി പുരോഗമിച്ചിട്ടുണ്ട്. ഈ മനഃശക്തിയും നിശ്ചയദാർഢ്യവും ഉദ്ദേശശുദ്ധിയുമായിരുന്നു അദ്ദേഹത്തിൻെറ ഭരണവിജയത്തിനു നിദാനമായിരുന്നിട്ടുള്ളതു്.

അലോഷ്യസ് മരിയ ബെൻസിഗരുടെ മഹത്വത്തിന് ഒരു അമൂല്യസാക്ഷ്യമായി ഡെലെഗേററ് അപ്പസ്തോലിക്കമോൺ. ലെയോ പി. കീയക്ക്തെസ് തിരുമനസ്സുകൊണ്ടു് ആധുനിക കൊല്ലം മെത്രാൻതിരുമനസ്സിലേക്കയച്ച അനുശോചനസന്ദേശത്തിലെ ഒരു ഭാഗം ഉദ്ധരിച്ചുകൊള്ളുന്നു: “വളരെക്കാലം അദ്ദേഹം മലബാറിൽ മാത്രമല്ല പൂൎവ്വേന്ത്യൻ അപ്പസ്തോലിക്ക ഡെലഗേഷൻെറ അധികാരം വ്യാപിക്കുന്ന രാജ്യങ്ങളിലെല്ലാമുള്ള വൈദികാദ്ധ്യക്ഷപംക്തിയിൽ അഗ്രഗണ്യനായിരുന്നു. മുമ്പ് അപ്പസ്തോലിക്ക ഡെലഗേററായിരുന്ന മോൺസിഞ്ഞോർ സലേസ്സി തൻെറ അനന്തരന്നായി എഴുതിയിട്ടിരുന്ന കുറിപ്പുകളിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു: ‘അനേക വർഷക്കാലം അപ്പസ്തോലിക്ക ഡെലഗേഷൻെറ സെക്രട്ടറിയായിരുന്ന മോൺസിഞ്ഞോർ ബെൻസിഗർ ഇൻഡ്യയിലെ ഏററവും പ്രമുഖനായ വൈദികാദ്ധ്യക്ഷനാണെന്നുള്ളതിനു സംശയമില്ല. ഈ അപ്പസ്തോലിക്ക ഡെലഗേഷ

നിലെ സ്ഥിതിഗതികളെ അദ്ദേഹത്തിനു നല്ലവണ്ണം അറിയാം; എല്ലാ മെത്രാന്മാരെയും മിഷനറിമാരിൽ അധികം പേരെയും അദ്ദേഹത്തിന് അറിയാം; ഒരു പുതിയ അപ്പസ്തോലിക്ക ഡെലെഗേററിന്റെ ഭരണത്തിന്റെ ആരംഭഘട്ടത്തിൽ അദ്ദേഹം ഏററവും നല്ല ഒരു് ഉപദേഷ്ടാവായിരിക്കും.' മോൺസിഞ്ഞോർ സലെസ്ക്കിയുടെ, ഞാൻ ഉൾപ്പെടെയുള്ള, പിൻഗാമികളെല്ലാവരും ഈ അഭിപ്രായത്തോടു യോജിച്ചിട്ടുള്ളവരാണ്. 'അദ്ദേഹത്തിന്റെ നാമം തലമുറ തലമുറയായി ജീവിക്കുകയും തിരുസ്സഭ അദ്ദേഹത്തിന്റെ മഹിമയെ പ്രഖ്യാപനം ചെയ്യുകയും ചെയ്യും' എന്ന വേദവാക്യത്തെ അദ്ദേഹത്തെ സംബന്ധിച്ച് ഉദ്ധരിക്കുന്നതിൽ അവർക്കെല്ലാവർക്കും പൊതുവായുള്ള അഭിപ്രായത്തെയത്രെ ഞാൻ പ്രകാശിപ്പിക്കുന്നതെന്നുള്ളതു തീർച്ചയാണ്........."

ബെൻസിഗർ മെത്രാൻ തന്റെ ഷഷ്ടിപൂർത്തി കഴിഞ്ഞതുമുതൽ രൂപതയുടെ ഭരണമൊഴിഞ്ഞു് ആയുശ്ശേഷം ഏതെങ്കിലും ആശ്രമത്തിൽ സന്യാസാനുരൂപമായ തപശ്ചര്യകൾ അനുഷ്ഠിച്ച് ഈശ്വരധ്യാനൈകനിരതനായി യാപനം ചെയ്യുന്നതിന് ആഗ്രഹിച്ചു. അതിന് അനുവാദത്തിനായി അദ്ദേഹം പലപ്രാവശ്യവും അപേക്ഷിച്ചുവെങ്കിലും, 1931 ജൂലൈ 27-ാനു- മാത്രമേ ആ അപേക്ഷ അനുവദിക്കപ്പെട്ടുള്ളു. അന്ന് അദ്ദേഹത്തിന്റെ രാജി സ്വീകരിച്ചുകൊണ്ടും അദ്ദേഹത്തെ ആൻറിനോവിലെ തിത്തുലർ മെത്രാപ്പോലീത്തായായി നാമകരണം ചെയ്തുകൊണ്ടുമുള്ള മാർപ്പാപ്പായുടെ കല്പന അദ്ദേഹത്തിനു ലഭിച്ചു. അതോടുകൂടി കൊല്ലം രൂപതയുടെ അഡ്മിനിസ്റ്റ്റേറററായി നിയമിക്കപ്പെട്ട വൈക്കർ ജനറൽ, റൈററു റെവ. മോൺസിഞ്ഞോർ ബെർണഡീൻ, ഓ സി. ഡി., അവർകളെ ചാർജ്ജേല്പിച്ചുകൊണ്ട് ആഗസ്റ്റ് 3-ാനു- അദ്ദേഹം സ്ഥാനത്യാഗം ചെയ്യുകയും തിരുവനന്തപുരം കർ

മ്മെലഗിര്യാശ്രമത്തിൽ പ്രവേശിക്കുകയും ചെയ്തു. അദ്ദേഹം സ്ഥാനത്യാഗം ചെയ്യുന്നതിന് ഒരു വഷത്തിനുമുമ്പു തൻെറ വിപുലമായ രൂപതയുടെ ദക്ഷിണഭാഗം കോട്ടാർ രൂപതയായി വേർതിരിക്കപ്പെടുകയും, ഒരു് ഏതദ്ദേശീയവൈദികൻ, നിതാന്തവന്ദ്യദിവ്യശ്രീ ഡോക്ടർ ലോറൻസ് പെരെയിരാ തിരുമനസ്സുകൊണ്ടു്, അതിൻെറ ഒന്നാമത്തെ മെത്രാനായി നിയമിക്കപ്പെടുകയും ചെയ്തിരുന്നു.

നിതാന്തവന്ദ്യദിവ്യശ്രീമാനായ ആർച്ചുബിഷപ്പ് ഡോക്ടർ അലോഷ്യസ്സ് മരിയ ബെൻസിഗർ തിരുമനസ്സുകൊണ്ടു്, കൊല്ലം, തിരുവനന്തപുരം, കോട്ടാർ എന്നീ മൂന്നു രൂപതകളായി വിഭജിക്കപ്പെട്ടിരിക്കുന്ന ആ മഹാവൈദികസംസ്ഥാനത്തിലെ മൂന്നു ലക്ഷത്തില്പരം ജനങ്ങളുടെ ആദ്ധ്യാത്മികഭാഗധേയത്തെ കാൽ നൂററാണ്ടുകാലം നയിച്ച ആ മഹാരഥൻ, ആ സംസ്ഥാനത്തെ ഏററവും ദരിദ്രമായ ഒരവസ്ഥയിൽനിന്നു് ഏററവും സമ്പന്നമായ ഒരു സ്ഥിതിയിലേക്കുയത്തി അതിൻെറ ആധുനികമായ സകല ക്ഷേമൈശ്വര്യങ്ങൾക്കും കാരണഭൂതനായ ആ മഹാസമ്പന്നൻ, സ്വമേധയാ സ്ഥാനത്യാഗംചെയ്തു, കൊല്ലത്തുനിന്നു തിരുവനന്തപുരത്തേക്കു മൂന്നാം ക്ലാസ്സ് തീവണ്ടിക്കൂലിക്കുള്ള 12-ണ മാത്രമെടുത്തുകൊണ്ടു, വിനീതമായ ഒരു സന്ന്യാസാശ്രമത്തെ അഭയം പ്രാപിച്ചതിൽ അന്തർഭവിച്ചിരിക്കുന്ന ജീവിതതത്വത്തിൻെറ ലോകോത്തരത ആലോചനവൃതമാണു്. ഒരു സന്ന്യാസിവൈദികൻ മെത്രാനായി ഉയത്തപ്പെടുമ്പോൾ അദ്ദേഹം തൻെറ സന്ന്യാസാശ്രമനിയമങ്ങളിൽനിന്നു നിശ്ശേഷം വിമുക്തനായിത്തീരുന്നു. മെത്രാനായിത്തീന്നശേഷം ഏതെങ്കിലും കാരണവശാൽ അദ്ദേഹം സ്ഥാനത്യാഗം ചെയ്താൽ അദ്ദേഹം വീണ്ടും സന്ന്യാസാശ്രമം അവലംബിക്കണമെന്നു നിയമമുണ്ടെങ്കിലും, അദ്ദേഹത്തിന് ഏതെങ്കിലും സുഖവാസസ്ഥാനത്തുള്ള ഒരാശ്രമം തിരഞ്ഞെടുത്തു് അതിൽ വി

ശ്രമിക്കുന്നതിനു സ്വാതന്ത്ര്യമുണ്ട്. നമ്മുടെ കഥാനായക നാകട്ടെ അനാരോഗ്യവും വാർദ്ധക്യവും നിമിത്തമായിരുന്നു മെത്രാൻപദമൊഴിയുന്നതിനു നിർബദ്ധനായിത്തീർന്നത്. അതുകൊണ്ട് അദ്ദേഹത്തിനു സ്വദേശവും ഒന്നാന്തരം ഒരു സുഖവാസസ്ഥലവുമായ സ്വിററ്സർലണ്ഡിൽ പോയി അവിടെയുള്ള ഏതെങ്കിലും ഒരു കർമ്മലീത്താ ആശ്രമത്തിൽ താമസിച്ചു സംപൂർണ്ണമായ വിശ്രമം അനുഭവിക്കുന്നതിനു സർവ്വഥാ അർഹതയുണ്ടായിരുന്നു. പക്ഷെ, അദ്ദേഹത്തിനു കേരളത്തോടുണ്ടായിരുന്ന അര നൂററാണ്ടു കാലത്തെ ബന്ധം നിമിത്തം അദ്ദേഹം അതിനെ സ്വദേശനിർവ്വിശേഷം സ്നേഹിച്ചിരുന്നു. ഭൗതികമായ ധനത്താലെന്നാവണ്ണം തൻെറ അമോഘമായ തപോധനത്താലും അതിനെ ആമരണം ധന്യമാക്കുന്നതിന് അദ്ദേഹം കൃതനിശ്ചയനായിരുന്നു. തൻെറ പരിപാവനമായ ശരീരാവശിഷ്ടങ്ങളെ ആദാനം ചെയ്യുന്നതിനു സുദീർഘമായ സംബന്ധംമൂലം കേരളഭൂമി സമ്പാദിച്ച അവകാശത്തെ ഹനിക്കണമെന്നു സ്നേഹവാനായ ആ മഹാനുഭാവൻ വിചാരിച്ചില്ല.

ബാഹ്യലോകവുമായി മിക്കവാറും യാതൊരു ബന്ധവുമില്ലാതെ പതിനൊന്നുകൊല്ലം ഈ മഹാഭാഗൻ പ്രസ്തുതാശ്രമത്തിൽ ഒരു സാധാരണ സന്യാസിയായി ജീവിച്ചു. സ്വമേധയാ സ്ഥാനത്യാഗം ചെയ്ത ഒരു മെത്രാൻ ഒരാശ്രമത്തിൽ വിശ്രമിക്കുമ്പോഴും തിരുസ്സഭയിലെ ഒരു പ്രഭുവെന്ന നിലയിൽ ആശ്രമനിയമങ്ങൾക്ക് അതീതനായിരുന്ന അദ്ദേഹത്തിന് ആവശ്യമുള്ള സുഖസൗകര്യങ്ങൾ ലഭ്യങ്ങളായിരുന്നു. പക്ഷെ, ബെൻസിഗർ മെത്രാൻ തൻെറ ജീവിതത്തിൻെറ സായാഹ്നത്തിൽ ആശ്രമത്തിൽ പുനഃപ്രവേശം ചെയ്തതു വിശ്രമസുഖം അനുഭവിക്കുന്നതിനായിരുന്നില്ല. മെത്രാൻെറ ഉന്നതമായ സിംഹാസനത്തിലിരുന്നു ശുപ്രത ഭരിച്ചിരുന്ന കാലത്തും അദ്ദേഹം ആത്മനാ സർവ്വ

സംഗപരിത്യാഗിയായ ഒരു സന്യാസിതന്നെയായിരുന്നുവ ല്ലോ. ആശ്രമത്തിലെ കക്കശങ്ങളായനിയമങ്ങളും തപശ്ച ര്യകളും അക്ഷരംപ്രതി അനുഷ്ഠിച്ച് ഈശ്വരചിന്തയിൽ ഏകതാനനായി ആത്മസാക്ഷാല്ക്കാരം നിർബാധം നിർവ്വ ഹിക്കുന്നതിനായിരുന്നു അദ്ദേഹം തൻെറ ഉന്നതമായ പ ദത്തെ പരിത്യജിച്ചത്. അദ്ദേഹം എങ്ങനെ മാതൃകായോ ഗ്യനായ ഒരു മെത്രാനായിരുന്നോ, അങ്ങനെ മാതൃകായോ ഗ്യനായ ഒരു സന്യാസിയുമായിരുന്നുവെന്നു നാം കണ്ടുവ ല്ലോ. ഒരു നവസന്യാസിയെപ്പോലെ ഏതു ദുഷ്കരമാ യ ആശ്രമജീവിതചര്യയും എത്ര വിനീതമായ സേവന വും അനുഷ്ഠിക്കുന്നതിലും അദ്ദേഹം അത്യുത്സാഹം പ്രദ ശിപ്പിച്ചു. ആശ്രമഭിത്തികൾക്കുള്ളിൽ ജീവിച്ചുകൊണ്ട് ഈ മഹാത്മാവു ചെയ്ത കഠിനമായ തപസ്സും പ്രാത്ഥന യും തൻെറ സ്നേഹഭാജനമായ രൂപതയ്ക്കു, തൻെറ ധന വും ഭരണവുംപോലെ, ഏററവും ശ്രേയസ്കരമായിരുന്നു വെന്നതിനു സംശയമില്ല.

ബെൻസിഗർ മെത്രാൻെറ ആശ്രമജീവിതത്തെപ്പ ററി അദ്ദേഹത്തോട്ട് അടുത്തു പരിചയിച്ചിട്ടുള്ള ഒരു യു വസന്യാസി, റെവ. ഫാദർ വില്യം, ഓ. സി. ഡി., പ്രസി ദ്ധപ്പെടുത്തിയ 'സഹവാസസ്മരണ'കളിൽ ചില ഭാഗ ങ്ങൾ ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു:-

"ആശ്രമത്തിലെ സമസ്ത ചര്യാക്രമങ്ങളിലും അവി ടന്നു സുഖവും ചുറുചുറുപ്പുമുള്ള നവസന്യാസികൾക്കുപോ ലും അസൂയാപാത്രമാകത്തക്കവണ്ണം മുമ്പനും ഒന്നാമനുമാ യിരുന്നു. പന്ത്രണ്ടുമണി പാതിരായ്ക്കു കാനോനാനമസ്കാ രത്തിനുള്ള ഉറക്കുണത്തിനാദം കേൾക്കപ്പെടുന്നതിനോ ടൊപ്പം മെത്രാനച്ചൻെറ പാദപ്പെരുമാററവും കേൾക്കാം. ജപാലയത്തിൻെറ വാതായനങ്ങൾ തുറന്നിടാൻവേണ്ടി കാലേക്കൂട്ടിച്ചെല്ലുന്ന സഹോദരൻെറ ആദ്യദൾനവിഷയം ദൈവസാന്നിദ്ധ്യധ്യാനനിരതനായി നിലകൊള്ളുന്ന തിരു

മേനിയുടെ നിശ്ചലസ്വരൂപമായിരിക്കും എപ്പോഴും. ഒരു മണിക്കൂറിലധികം ദീർഘിക്കാറുള്ള ജപമാലാലാപവും കഴിഞ്ഞു് ഒരിക്കൽകൂടി എല്ലാവരും നിദ്രയ്ക്കായിപ്പിരിയും. പക്ഷെ, സകലർക്കും മുമ്പെ അകത്തു കടക്കുന്ന തിരുമേനി സകലർക്കും പിമ്പായിട്ടേ ജപാലയം വിടുകയുള്ളു. അഞ്ചു മണിക്കുമുമ്പു നിദ്രയുണൎന്നു വീണ്ടും എല്ലാവർക്കുംമുമ്പേ അവിടന്നു പൂൎവ്വസ്ഥാനത്തണഞ്ഞു കഴിയും......

"പ്രായശ്ചിത്തകൎമ്മങ്ങളിലുള്ള അവിടത്തെ ആസക്തി ഒന്നു വേറെതന്നെയായിരുന്നു. ഇഷ്ടമുണ്ടെങ്കിൽമാത്രം അനുഷ്ഠിക്കപ്പെടാവുന്നതായ ചില പരസ്യപ്രായശ്ചിത്താചാരങ്ങൾ സന്യാസമന്ദിരങ്ങളിൽ നടപ്പിലുണ്ടു്. അവയിലെല്ലാം തിരുമേനിയും സോത്സാഹം പങ്കെടുക്കാതിരിക്കുകയില്ല. പ്രയാസം കൂടുംതോറും മുഖപ്രസാദവും വൎദ്ധിക്കും....

"......അസൂയാർഹമായി ഒന്നും അതിൽ (ഭക്ഷണത്തിൽ) കണ്ടിട്ടേയില്ല. അത്ര തുച്ഛവും പരിമിതവുമായിരുന്നു അവിടത്തെ ആഹാരം. ഏതാനും തവിട്ടുറൊട്ടിക്കഷണങ്ങൾ, ഒരു കോപ്പ "സൂപ്പു്", ഇവകൊണ്ടു മുഖ്യഭക്ഷണം മൃഷ്ടാന്നമാകും. 'സൂപ്പു്' എന്നു നാമകരണം ചെയ്യപ്പെട്ട ആ അനുഗൃഹീതപാനീയം ആട്ടിൻസൂപ്പോ, കുക്കുടസൂപ്പോ ആയിരുന്നുവെന്നു് ആരും അന്യഥാ ധരിക്കേണ്ടതില്ല. തന്റെ അത്യുത്തമസൂപ്പായി തിരുമേനി പരിഗണിക്കുകയും മതിക്കുകയും ചെയ്തുപോന്നതു സാധാരണക്കാരുടെ ദൃഷ്ടിക്കു മാന്യത പോരാത്ത ശുദ്ധ കഞ്ഞിവെള്ളമായിരുന്നു...

"തീക്ഷ്ണതയുടെയും കറകളഞ്ഞ സന്യാസാചരണത്തിന്റെയും ഒരു് ഉത്തമമാതൃകയായിട്ടത്രെ തിരുമേനിയെ ഏവരും അഭിവീക്ഷിച്ചിരുന്നതു്. അദ്ദേഹം ജപാലയത്തിൽ മുട്ടിന്മേൽനിന്നു കൂപ്പുകൈയോടെ അനക്കമില്ലാതെ കണ്ണടച്ചു പ്രാൎത്ഥിക്കുന്നതു കാണുമ്പോൾ, ദൈവസമക്ഷം ഭക്തിപാരവശ്യംപൂണ്ടു നിലകൊള്ളുന്ന ഒരു മാലാ

ഖയുടെ ഓർമ്മ നമ്മിൽ ഉടനെ ഉദിക്കും. ദൈനംദിനമുള്ള കാനോനാജപം കൂട്ടരൊത്തു സഹജമായ തീക്ഷ്ണസ്വരത്തിൽ ആലപിക്കുന്നതു ശ്രവിക്കുമ്പോൾ സഹകാരികളും ഭക്തിസ്നേഹലഹരിയിലാണ്ടുപോകും......അവിടത്തെ ദിവ്യപൂജാർപ്പണമാണു കാണേണ്ടതു്. ഹാ! എന്തൊരു തീവ്രത, എന്തൊരു ചൈതന്യപ്രകർഷം, എന്തൊരു അഭൗമ മാഹാത്മ്യമാണ് ആ ദിവ്യബലിയിൽ പ്രതിബിംബിക്കുന്നതു്! പരിശുദ്ധാത്മാപിയുടെ ഒരു നിഴലാട്ടമത്രെ തത്സമയം പീഠത്തിൽ നടമാടുക. അപ്പച്ചന്റെ മുഖം ഒരു് അസാധാരണ തേജസ്സിന്നധീനമാകും. സ്വതവെ സ്ഫടികസമാനം തിളങ്ങാറുള്ള ആ നീലക്കണ്ണുകൾ പതിവിലധികം ഉജ്ജ്വലിക്കുകയും ദിവ്യപ്രേമാഗ്നിപ്പൊരികൾ അവയിൽനിന്നു നിസ്സരിക്കുന്നുവോ എന്നു കാണികൾക്കു തോന്നുകയും ചെയ്യും. 'Pater Noster', 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ', എന്ന ഭാഗം വരുമ്പോൾ പിതൃവാത്സല്യാതിരേകമാസ്വദിച്ചു മതിമറന്ന ഒരു നിഷ്ക്കളങ്കബാലൻ അടുത്തു നില്ക്കുന്ന പിതാവിനെ അക്ഷമതയോടെ എത്തിപ്പിടിക്കാൻ യത്നിക്കുന്ന ഒരു ഭാവവിശേഷമാണ് അദ്ദേഹം തന്റെ സ്വരംകൊണ്ടും കണ്ണുകൾകൊണ്ടും കരങ്ങൾകൊണ്ടുംവ്യഞ്ജിപ്പിക്കുക.ചുരുക്കിപ്പറയാം.ബെൻസിഗർ യോഗീന്ദ്രന്റെ "താബോർ" തന്നെയായിരുന്നു ബലിപീഠം. ഇവിടെ അദ്ദേഹത്തിനു ദിവസംതോറും രൂപാന്തരീഭാവമുണ്ടാകുമായിരുന്നു. ബലിപീഠം വിട്ടാൽ അദ്ദേഹം പഴയ ആളായി; അവിടെവച്ചു വേറൊരാൾ-ഏതാദൃശമായ ഒരു പകർച്ച സമീപവർത്തികളിലും തദവസരത്തിൽ പ്രതിഫലിക്കാതിരിക്കുന്നതല്ല. അനുഭവൈകവേദ്യമായ എന്തോ ഒരു് ആന്തരമാധുരി-ഒരുവക സ്വർഗ്ഗീയാനുഭൂതി-വാസ്തവത്തിൽ സമീപസ്ഥരുടെ ഹൃത്തടങ്ങളെയും തലോടും...അന്നത്തെ അനുഭവവും ഫലവും ഒരുനാളും മായുന്നതല്ല......" (ചെറുപുഷ്പം.)

അദ്ദേഹത്തിൻെറ ഈ ആശ്രമജീവിതകാലത്ത്, 1937-ൽ, കൊല്ലം രൂപത വീണ്ടും വിഭജിക്കപ്പെട്ടുകയും തിരുവനന്തപുരം ആസ്ഥാനമായി ഒരു പുതിയ രൂപത രൂപവത്കരിക്കപ്പെട്ടുകയും ചെയ്തു. ഈ പുതിയ തിരുവനന്തപുരം രൂപതയുടെ മെത്രാനായി, കൊല്ലത്തു് അദ്ദേഹത്തിൻെറ അനന്തരനായി 1935-ൽ വാഴിക്കപ്പെട്ട നിതാന്തവന്ദ്യദിവ്യശ്രീ ഡോക്ടർ വിൻസെൻറ ഡിരീരി തിരുമനസ്സുകൊണ്ടു നിയമിക്കപ്പെട്ടു. കൊല്ലം രൂപതയുടെ മെത്രാനായി ഒരു് ഏതദ്ദേശീയ വൈദികവരേണ്യൻ, നിതാന്തവന്ദ്യദിവ്യശ്രീ ഡോക്ടർ ജറോം എം. ഫെർണാൻഡസ്സ് തിരുമനസ്സുകൊണ്ടും, നിയമിതനായി. 1938-ൽ ബെൻസിഗർ മെത്രാപ്പൊലീത്താ തിരുവനന്തപുരം മെത്രാനോടുകൂടി അവസാനമായി ഒരു പാശ്ചാത്യപര്യടനം നടത്തി. ആധുനികലോകമഹായുദ്ധം ആരംഭിക്കുന്നതിന് അല്പം മുമ്പായി അവർ സസുഖം മടങ്ങിവന്നു.

വാൎദ്ധക്യവും കഠിനമായ തപസ്സും നിമിത്തം ബെൻസിഗർ മെത്രാൻെറ ആരോഗ്യം ക്ഷയോന്മുഖമായിത്തീർന്നിരുന്നു. 1942 ആരംഭംമുതൽ രോഗപീഡ വൎദ്ധിച്ചു. മാർച്ച് 25-ാനു- ഉണ്ടായ ഒരു വീഴ്ച അദ്ദേഹത്തെ ശയ്യാവലംബിയാക്കി; അന്നുതന്നെ അദ്ദേഹം ജനറൽ ആശുപത്രിയിൽ കൊണ്ടുവരപ്പെട്ടു. അവിടെ പ്രത്യേകം സജ്ജീകരിക്കപ്പെട്ടിരുന്ന ഒരു കെട്ടിടത്തിൽ, ധൎമ്മസഹോദരികളായ ധാത്രികളുടെ സ്നേഹാദരമസൃണമായ പരിചരണത്തിനു വശംവദനായി, അദ്ദേഹം ഏകദേശം അഞ്ചുമാസം താമസിച്ചു. 1942 ആഗസ്റ്റ് 17-ാനു- രാവിലെ ഡിറീറി മെത്രാൻ തിരുമനസ്സിൽനിന്ന് അന്തിമക്രദാശകരം സ്വീകരിച്ചുശേഷം ആ യതിവൎയ്യൻ സമാധിയടഞ്ഞു. 18-ാനു- കാലത്തു് എട്ടു മണിക്കു കൎമ്മെലഗിര്യാശ്രമപ്പള്ളിയിൽവച്ചു രണ്ടു മെത്രാപ്പൊലീത്താമാരുടെയും, ആറു മെത്രാന്മാരുടെയും, ഇരുന്നൂറില്പരം വൈദികരുടെയും,

ഒട്ടുവളരെ സന്ന്യാസികളുടെയും സന്ന്യാസിനികളുടെയും, ൯ വലിയ പുരുഷാരത്തിന്റെയും സാന്നിദ്ധ്യത്തിൽ ശവള്ള സംസ്കാരകർമ്മം അനാഡംബരമായി നിർവ്വഹിക്കപ്പെട്ടു.

"ദൈവത്തിന്റെ അനുഗ്രഹം എന്നിൽ വ്യർത്ഥമായിപ്പോയില്ല" (1 Cor. xv. 10) എന്നും, "ഞാൻ നല്ല യുദ്ധം ചെയ്തുകഴിഞ്ഞിരിക്കുന്നു, എന്റെ ഓട്ടം പൂർത്തിയാക്കിയിരിക്കുന്നു, വിശ്വാസം പാലിച്ചിരിക്കുന്നു." (11 Tim. iv. 7) എന്നും സെയിന്റ പോളിനോടൊപ്പം ബിഷപ്പ് ബെൻസിഗർ കൃതകൃത്യനായി ഉദ്ഘോഷിക്കുന്നതുപോലെ ആ ആശ്രമദേവാലയത്തിൽ, വിഗതപ്രാണനെങ്കിലും, ആഭാസ്വരസദൃശം സുസ്മേരവദനനായി ശയനംചെയ്ത അദ്ദേഹത്തെ അന്ന്, ഈ ലോകത്തുവച്ച് അവസാനമായി, ദർശിച്ച അസ്മാദൃശന്മാർക്ക തോന്നി. ആ തോന്നൽ അസംഗതവുമല്ല; ഏവംവിധമായ ചരിതാർത്ഥതക്കു തീർച്ചയായും അദ്ദേഹത്തിന് അവകാശമുണ്ട്.

---

16277

*Nihil Obstat*

FR. DENIS, O. F. M. CAP.

*Imprimatur*

✠ JEROME FERNANDEZ,

Bishop of Quilon.

DVK Library
*11060583*
LN M455

DVK CENTR
DHARMARAM
L
M

/209.22
LIBRARY
55
BANGALORE